# ബിലീവേഴ്സ് ജേണൽ

2013 നവംബർ 25 ക്രൈസ്തവ ലോകത്തെ വേറിട്ട ശബ്ദം... വാല്യം 06 ലക്കം 22

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12


# ഏ. ജി. ഏറ്റവും വളർച്ചയുള്ള സഭാവിഭാഗങ്ങളിൽ ഒന്ന്, സർവ്വെ

പ്രകാശ് പി. കോശി

ലൈഫ് വേ റിസേർച്ചും ഔട്ട് റിച്ച് മാഗസിനും നടത്തിയ പഠനപ്രകാരം അമേരിക്കയിലെ ഏറ്റവും വലതും വളർച്ചയുള്ളതുമായ 100 സഭാവിഭാഗങ്ങളിൽ ഏ. ജി. സഭകളും സ്ഥാനം നേടി. ഒൻപത് ഏ. ജി. സഭകളാണ് ഏറ്റവും വളർച്ചയുള്ള സഭാ വിഭാഗത്തിൽ വന്നത്. നാല് സഭകൾ ഏറ്റവും വലിയ സഭാ വിഭാഗത്തിൽ ഇടം നേടി.

റിക്ക് വാരന്റെ സാഡിൽ ബാക്ക് ചർച്ചും ഏറ്റവും വളർച്ചയുള്ള സഭകളിൽ ഒന്നാണ്.

വാഹന വ്യവസായത്തിന് പേരു കേട്ടതും അടുത്ത സമയത്ത് പാപ്പരായി പോയതുമായ D-etroit - മേഖലയിൽ നിന്നുള്ള T-riumph Church - ആണ് ഏറ്റവും വേഗത്തിൽ വളരുന്ന സഭകളുടെ ലിസ്റ്റിൽ ഒന്നാമത്. നഷ്ടങ്ങളുടെയും തൊഴിലില്ലായ്മയുടെയും മദ്ധ്യത്തിലും അനേകർ യേശുവിൽ സന്തോഷം കണ്ടെത്തുന്നു എന്നതിന് തെളിവാണ് Detroit - ലെ സഭാ വളർച്ച. സ്റ്റാറ്റൻ ഐലന്റ്, ന്യൂയോർക്കിലെ ഇന്റർ നാഷണൽ ക്രിസ്റ്റ്യൻ സെന്റർ (ഏ.ജി. സഭ) പാസ്റ്റർ റൊണാൾഡ് സ്റ്റിബ് കരിഷ്മ ന്യൂസിനോട് ഇങ്ങനെ പറഞ്ഞു.

“ദൈവം തകർച്ചയും പ്രതികൂല സാഹചര്യങ്ങളും ഈ ദ്വീപിനോട് ദയ കാണിക്കാൻ ഉപയോഗിച്ചു. ജനങ്ങൾ സഭയിലേക്ക് സ്വയമേ വരാൻ ഞങ്ങൾ കാത്തിരിക്കുന്നില്ല. ഞങ്ങൾ സമൂഹത്തിൽ മുതൽമുടക്കുന്നു. സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നു”.

പാസ്റ്റർ ഡൊണാൾഡിന്റെ സഭ അതിവേഗം വളരുന്ന സഭകളിൽ ഒന്നാണ്. ടെക്സസിൽ ആണ് 19 വളരുന്ന സഭകളും 17 വലിയ സഭകളും ഉള്ളത്.

2010-ലെ ചില പഠനങ്ങളും റിപ്പോർട്ടുകളും പ്രകാരം അമേരിക്കയിലെ ഏ. ജി. സഭകൾ വളർച്ചയിൽ അമേരിക്കൻ ജനസംഖ്യയെ പിന്നിലാക്കിയിരുന്നു. മറ്റ് പ്രമുഖ സഭാ വിഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായി അമേരിക്കയിലെ 38% ഏ. ജി. വിശ്വാസികളും വംശീയ ന്യൂനപക്ഷ വിഭാഗത്തിൽ നിന്നുള്ളവരാണ്. ഒരു പക്ഷെ സഭാ വളർച്ചയുടെ രഹസ്യം ഇവരായിരിക്കാം. ഏ. ജി. നേതൃത്വം അന്ന് മാധ്യമങ്ങളോട് പറഞ്ഞു.

Time മാഗസിന്റെ 2013 ഏപ്രിൽ എഡിഷനിൽ ഏറ്റവും സ്വാധീനം ചെലുത്തുന്ന 100 പേരുടെ ലിസ്റ്റിൽ ചിക്കാഗോയിൽ നിന്നുള്ള ഏ. ജി. പാസ്റ്റർ വിൽഫ്രഡോ ഡിജീസസും വന്നിരുന്നു. സമൂഹത്തിൽ വ്യക്തികളുടെ സ്വാധീനം, നേട്ടം, പുത്തൻ സാധ്യതകൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് Time നൂറുപേരെ തിരഞ്ഞെടുത്തത്.

2000 ജൂലായ് മാസത്തിൽ പാസ്റ്റർ വിൻഫ്രഡോ ഈ സഭയിൽ ചാർജ്ജെടുത്തപ്പോൾ 120 പേർ മാത്രമായിരുന്നു ഒരാഴ്ചയിൽ യോഗങ്ങൾക്ക് പങ്കെടുത്തിരുന്നത്. എന്നാൽ ഇന്ന് ഇദ്ദേഹത്തിന്റെ സഭയിൽ വിവിധ സഭാ പ്രവർത്തനങ്ങൾ വഴിയായി 17,000-പേർ യോഗങ്ങൾക്ക് പങ്കെടുക്കുന്നു. അതുകൊണ്ട് തന്നെ ഈ സഭ അമേരിക്കയിലെ ഏറ്റവും വലിയ ഏ. ജി. സഭയായി മാറി എന്ന് സഭയുടെ വെബ് സൈറ്റിൽ സൂചിപ്പിക്കുന്നു.

## പാസ്റ്റർ ഫിലിപ്പ് പി. തോമസ് ബൈബിൾ സൊസൈറ്റി വൈസ് പ്രസിഡന്റ്



ഐ. പി. സി. കേരളാ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി. തോമസിനെ ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ കേരളാ ഓക്സിലറിയുടെ വൈസ് പ്രസിഡന്റായി നിയമിച്ചു. കേരളത്തിലെ എല്ലാ പെന്തക്കോസ്തു സഭകളുടെയും പ്രതിനിധിയായിട്ടാണ് അദ്ദേഹത്തെ തെരഞ്ഞെടുത്തത്.

പ്രസിഡന്റായി ബിഷപ്പ് റവ. ഡോ. സി. വി. മാത്യുവിനെയും സെക്രട്ടറിയായി റവ. ഡോ. മാത്യു വർക്കിയെയും തെരഞ്ഞെടുത്തു. മറ്റ് ഭാരവാഹപകൾ: ഡോ. ജോസഫ് മാർ ബർന്നബാസ്, ബിഷപ്പ് റവ. ഡോ. തോമസ് കെ. ഉമ്മൻ, ഡോ. സഖറിയോസ്, കേണൽ സാമുവേൽ ചരൺ (വൈ. പ്രസി.), ജി. ഫിലിപ്പ് (ട്രഷറർ) 19 അംഗ ഓക്സിലറി കമ്മറ്റിയെയും തെരഞ്ഞെടുത്തു.

## ഐ. പി. സി. ഫാമിലി കോൺഫറൻസ് ഒരുക്കങ്ങൾ ആരംഭിച്ചു



**ഹൂസ്റ്റൺ:** വടക്കേ അമേരിക്കയിലേയും കാനഡയിലുമുള്ള ഐ. പി. സി. സഭകളുടെ 12 -ാമതു ദേശീയ സമ്മേളനം 2014 ജൂലൈ 24 മുതൽ 27- വരെ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ തുടങ്ങി.

വളരെയധികം സവിശേഷതകൾ നിറഞ്ഞ ഹൂസ്റ്റൺ പട്ടണത്തിന്റെ മദ്ധ്യ. ഭാഗത്തു സ്ഥിതിചെയ്യുന്ന ക്രൗൺ പ്ലാസാ (CROWN PLAZA) ഹോട്ട

04

# പെന്തക്കോസ്തു യുവാവിനെ കൊലപ്പെടുത്തി

**പത്തനംതിട്ട:** ടൗണിലെ പ്രധാന വസ്ത്രവ്യാപാരശാലയിലെ ജീവനക്കാരനായ പെന്തക്കോസ്തു യുവാവിനെ അതിക്രൂരമായി മർദ്ദിച്ചു കൊലപ്പെടുത്തി. മല്ലപ്പള്ളി ആനിക്കാട് പനന്താനം പ്രമാടിക്കുഴിയിൽ പരേതരായ ജോസഫ് - അന്നമ്മ ദമ്പതികളുടെ മകൻ ബിജു പി. ജോസഫ് (39) ആണ് ദാരുണമായി കൊലചെയ്യപ്പെട്ടത്.

നവംബർ 5 ന് പത്തനംതിട്ട കോളജ്റോഡിലുള്ള കരിക്കിനേത്ത് ടെക്സ്റ്റൈൽസിൽ വെച്ചാണ് അതിക്രൂരമായി കൃത്യം നടന്നത്. കടയുടമയും ജീവനക്കാരുമാണ് ഈ ആക്രമണം നടത്തിയതെന്ന് ബന്ധുക്കൾ ആരോപിച്ചു. രാത്രി കട അടച്ചശേഷം കടയ്ക്കുള്ളിൽ വച്ചാണ് അദ്ദേഹത്തിന് മർദ്ദനമേറ്റത്. മൃതദേഹത്തിൽ കഴുത്തിനു പിന്നിലായി ആഴത്തിലുള്ള മുറിവ്, കഴുത്തിൽ മുറുക്കിയ പാട്, നെഞ്ചിൽ ഇടിയേറ്റ പാട് എന്നിവ ഉണ്ടായിരുന്നു. മർദ്ദനത്തിന്റെ കാഠിന്യത്തിൽ കരൾ രണ്ടായി മുറിഞ്ഞുപോയി. താൻ ഇവിടെ കാഷ്യറായി ജോലിയിൽ പ്രവേശിച്ചിട്ട് പതിനഞ്ചു ദിവസമേ ആയിരുന്നുള്ളൂ. ബന്ധുക്കൾ സംഭവസ്ഥലത്ത് എത്തുന്നതിനു മുമ്പു തന്നെ പോലീസ് മേൽനടപടികൾ സ്വീകരിച്ച് മൃതദേഹം കോഴഞ്ചേരി താലൂക്ക് ആശുപത്രിയിലെ മോർച്ചറിയിലേക്ക് മാറ്റിയത് ബന്ധുക്കളുടെ പ്രതിഷേധത്തിന് കാരണമായി.



കടയുടമയുടെ സഹോദരനും അടൂർ കരിക്കിനേത്ത് ഉടമയുമായി ജോസ് വർഗ്ഗീസിനെ അറസ്റ്റു ചെയ്ത് റിമാന്റിലാക്കി. പന്ത്രണ്ടോളം ജീവനക്കാരെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തു.

പോലീസിന്റെ നടപടിയിൽ പ്രതിഷേധിച്ച് യഥാർത്ഥ പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നവംബർ 11- ന് പത്തനംതിട്ട പോലീസ് ഹെഡ്ക്വാർട്ടേഴ്സിലേക്കു പ്രതിഷേധ റാലി നടന്നു. സി.എസ്.ഡി.ബി.എസ്.പി.ജില്ലാ സംസ്ഥാന നേതാക്കൾ, വിവിധ രാഷ്ട്രീയ പാർട്ടികളിലെ പ്രവർത്തകർ, വിവിധ സഭകളിലെ

വിശ്വാസികൾ, പാസ്റ്റർമാർ, നാട്ടുകാർ, സ്ത്രീകളും കുട്ടികളും അടങ്ങുന്ന ബന്ധുക്കൾ തുടങ്ങി നൂറുകണക്കിനാളുകൾ റാലിയിലും പ്രതിഷേധ മീറ്റിംഗിലും പങ്കെടുത്തു.

ബിജു പി. ജോസഫിന്റെ സംസ്ക്കാരം വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ

04

### സാക്ഷി



ഐ. പി. സി.യിൽ കാലഹരണപ്പെട്ട ഇലക്ഷൻ സമ്പ്രദായം പരിഷ്കരിക്കാൻ നീക്കം.

*കാലഹരണപ്പെട്ട നേതാക്കന്മാരുടെ കാര്യവും പരിഗണിച്ചാൽ നന്ന്.*

## പാ.കെ. റ്റി. ചാക്കോ നിത്യതയിൽ



**റാന്നി:** ഡബ്ല്യു. എം. ഇ. സഭകളുടെ മുൻ ജനറൽ സെക്രട്ടറിയും പത്തനംതിട്ട-അടൂർ സെന്റർ പാസ്റ്ററുമായ പാസ്റ്റർ കെ. റ്റി. ചാക്കോ (തങ്കച്ചൻ പാസ്റ്റർ) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം നവംബർ 19 ചൊവ്വാ 12 മണിക്ക് ഡബ്ല്യു. എം. ഇ.

05

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

Mob: 9447368795 (INDIA)

E- mail
beljourn@gmail.com

Website
www.beljourn.in
www.bjournal. Org

# നവതിയെങ്കിലും പ്രഹസനമാക്കരുതേ




റോബർട്ട് എഫ് കുക്കിന്റെ ഭാരത ആഗമന ശതാബ്ദി ആഘോഷങ്ങൾക്ക് വിവാദങ്ങളോടെയും നിറം മങ്ങിയും അവസാനിച്ചു. ആഘോഷങ്ങൾ ശരിയോ? ഇത്തരം ഓർമ്മ പുതുക്കലുകൾ വചനവിരുദ്ധമല്ലേ എന്നൊക്കെ ചോദ്യങ്ങൾ ഉയർന്നിരുന്നു. ത്യാഗവര്യനായിരുന്നു കുക്ക് സായ്പ്. ഭാരത സുവിശേഷത്തിനു വേണ്ടി നിസ്വാർത്ഥ സേവനം ചെയ്ത മഹാൻ. ഇവിടുത്തെ അധികാരമോഹികളായ ആത്മീയ മാടമ്പിമാർ തന്നെ തുരത്തി ഓടിച്ചപ്പോഴും ജീവാവസാനം വരെ ഭാരതത്തെ സ്നേഹിച്ച സുവിശേഷകൻ. അദ്ദേഹം ഭാരതത്തിലെത്തിയതിന്റെ ശതാബ്ദി ആഘോഷിച്ചതിൽ തെറ്റില്ല. കൊട്ടും കുരവയും പടക്കം പൊട്ടിക്കലുമുള്ള ആഘോഷമല്ല ഇത്. ഈ ശതാബ്ദി ആഘോഷം ഭാരതസുവിശേഷീകരണത്തിൽ ദൈവസഭയ്ക്ക് പുതിയ ദിശാബോധം നൽകാനും സുവിശേഷകരെ വാർത്തെടുക്കുവാനും ഉള്ള അവസരമാക്കണമായിരുന്നു. എന്നാൽ അധികാര വടംവലിയും തരംതാണ മത്സരവും നല്ല അവസരം കളഞ്ഞുകുളിക്കുവാൻ മാത്രമേ സഹായിച്ചുള്ളൂ.

ദൈവസഭയുടെ ജനറൽ ഓവർസിയർ, വേൾഡ് മിഷൻ ഡയറക്ടർ തുടങ്ങിയ അഖില ലോക നേതൃത്വനിര മുളക്കുഴയിലെത്തിയത് തികച്ചും അഭിമാനകരം തന്നെയായിരുന്നു. ഭാരതത്തിലെ ദൈവസഭക്കാകമാനം ഒരു പുത്തനുണർവ്വ് ലഭിക്കത്തക്ക പരിപാടികൾ നടപ്പിലാക്കുന്നതിൽ സംഘാടകർ പരാജയപ്പെട്ടു. ഭാരതത്തിലെ ഓവർസിയർമാരെ നോക്കുകുത്തികളാക്കി മാറ്റി സ്റ്റേജിൽ നടന്ന പ്രകടനങ്ങൾ പരക്കെ വിമർശിക്കപ്പെട്ടു. ചർച്ച് ഓഫ് ഗോഡിലെ മുഴുവൻ ശുശ്രൂഷകരുടെ പോലും പങ്കാളിത്തം ഉറപ്പാക്കുവാൻ ഓവർസിയർമാർക്ക് കഴിഞ്ഞതുമില്ല. അധികാരത്തിനും സ്റ്റേജിനും വേണ്ടി അണിയറയിൽ പോരാട്ടം നടക്കുമ്പോൾ ഇത്രയൊക്കെ മതി എന്ന ചിന്തയിൽ നിസംഗത പുലർത്തുകയായിരുന്നു നേതൃത്വം. ഭാരതസുവിശേഷീകരണത്തിനായി ജനത്തെ ഉണർത്തുവാനും സജ്ജമാക്കുവാനും ലഭിച്ച അവസരമാണ് പിടിപ്പുകേടുമൂലം നഷ്ടമാക്കിയത്. പ്രഹസനമായി മാറിയ പ്രോഗ്രാമുകൾകൊണ്ട് ശുശ്രൂഷകർക്കോ വിശ്വാസികൾക്കോ ഒരു പ്രയോജനവും ഉണ്ടായില്ല എന്നത് യാഥാർത്ഥ്യം. മുടക്കിയ ലക്ഷങ്ങൾ വെള്ളത്തിലായത് മിച്ചം. കുക്ക് സായ്പ് ഉപയോഗിച്ച ബൈബിളും മറ്റും പ്രതിഷ്ഠിച്ച് ഹെറിറ്റേജ് ഹോം ഉണ്ടാക്കിയത് മോശമായിപ്പോയെന്ന് പറയാതെ വയ്യ. കുക്ക് സായ്പിന്റെ ശവകുടീരത്തിൽ പതിപ്പിച്ചിരിക്കുന്ന ഫലകം അമേരിക്കയിൽ നിന്ന് കൊണ്ട് വന്ന് മുളക്കുഴയിൽ സ്ഥാപിക്കുവാനും കുക്ക് സായ്പിന്റെ രൂപം ലോഹത്തിൽ ഉണ്ടാക്കി ബാഡ്ജാക്കുവാനും ഒക്കെ ഏതോ വിവരദോഷികൾ ശ്രമിച്ചെന്നും വചന പരിജ്ഞാനമുള്ളവർ എതിർത്തതിനാൽ മാത്രം അതൊഴിവാക്കപ്പെടുകയായിരുന്നുവെന്നും പിന്നാമ്പുറത്ത് കേട്ട വാർത്ത സത്യമാണെങ്കിൽ ഇവരുടെ വചന പരിജ്ഞാനം എത്രയാണ്? ഭാവിയിൽ മുളക്കുഴയെ ഒരു തീർത്ഥാടന കേന്ദ്രമാക്കുന്ന അപകടകരമായ സ്ഥിതിവിശേഷം സംജാതമായേനെ. ഏതായാലും ശതാബ്ദി കുളമാക്കി നേതാക്കന്മാർ മാളങ്ങളിൽ തിരികെ കയറിക്കഴിഞ്ഞു.

ഇന്ത്യയിലെ പ്രധാനപെന്തക്കോസ്തു സഭയായ ഐ. പി. സിയുടെ മാത്രമല്ല പെന്തക്കോസ്ത് സമൂഹത്തിന് ആകമാനം അഭിമാനമായ കുമ്പനാട് കൺവൻഷൻ നവതി ആഘോഷിക്കുന്നു. പ്രയോജനമില്ലാത്ത കുറച്ചു പ്രോഗ്രാമുകളും രാഷ്ട്രീയക്കാരെയും സമുദായക്കാരെയും കെട്ടിയെഴുന്നെള്ളിക്കാനുള്ള അവസരമാക്കാതെ സഭയ്ക്ക് പ്രയോജനകരമായ നിലയിൽ ഈ സന്ദർഭം വിനിയോഗിക്കണം. ജനവും ശുശ്രൂഷകരും ആദിമ അനുഭവത്തിലേക്ക് മടങ്ങുവാനും സുവിശേഷ ദർശനമുള്ളവരാകുവാനും തക്ക പരിപാടികളാണ് ആവിഷ്കരിക്കേണ്ടത്. ഇന്ത്യയെ സുവിശേഷീകരിക്കുവാൻ ഇന്നും ഏറ്റവും സാധ്യതയുള്ള പ്രസ്ഥാനം ഐ. പി. സി.യാണ്. അതിനായുള്ള ലക്ഷ്യത്തിലേക്ക് ജനത്തെ ഉണർത്തുവാനും ഉത്തേജിപ്പിക്കുവാനും നവതി ആഘോഷത്തിന് കഴിയണം. സെമിനാറുകൾ, ശില്പശാലകൾ, ബൈബിൾ ക്ലാസ്സുകൾ, മിഷൻ ചലഞ്ചുകൾ, ഗോസ്പൽ ടൂറുകൾ, കാത്തിരിപ്പു യോഗങ്ങൾ തുടങ്ങി പ്രയോജനകരമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും സഭയ്ക്ക് പുതിയ ദിശാബോധം നൽകുകയും ചെയ്താൽ അത് വരുംതലമുറയോട് കാട്ടുന്ന ഏറ്റവും വലിയ നന്മയായിരിക്കും. നവതിയെങ്കിലും പ്രഹസനം ആക്കരുതേ എന്ന ഒരപേക്ഷമാത്രം.

## മാതാപിതാക്കൾ അറിയാൻ

# ശിഷ്യത്വത്തിലേക്ക് കുഞ്ഞുങ്ങളെ നയിക്കുക

– തുടർച്ച10 –



ബിനു ജോസഫ് വടശ്ശേരിക്കര
9495834994

യേശുവിന്റെ അന്ത്യകൽപന, സകല ജാതികളെയും ശിഷ്യരാക്കുക എന്ന വലിയ നിർദേശവും ആയിട്ടാണ് അവസാനിപ്പിക്കുന്നത്. ശിഷ്യത്വം (Discipleship) എന്നത് ക്രിസ്തീയ സഭയുടെ പരമപ്രധാനമായ ദൗത്യമാണ്. ശിഷ്യൻമാരെ ഉണ്ടാക്കുവാൻ പലരും ലോകം ചുററി സഞ്ചരിക്കുകയാണ്, എന്നാൽ ശിഷത്വം ആരംഭിക്കേണ്ടത് സ്വന്തവീട്ടിലാണ് ദൈവദാനമായ കുഞ്ഞുങ്ങളെ യഥാർത്ഥക്രിസ്തു ശിഷ്യരാക്കി വാർത്തെടുക്കുകയാണ്, ഏതൊരു ക്രിസ്തീയ കുടുംബത്തിന്റെയും പ്രധാന ഉത്തരവാദിത്വം.

ദൈവം തന്നിരിക്കുന്ന മക്കളെ ശിഷ്യത്വത്തിലേക്ക് നയിക്കുവാൻ ഒരു മാതാവിനും പിതാവിനും വലിയ പങ്കുണ്ട്.കുഞ്ഞുങ്ങളുടെ ഭാവി, ക്രൈസ്തവദർശനം, ശിഷ്യത്വം, അനുസരണം,ദൈവീകത, ധാർമ്മികത ഇവ വാർത്തെടുത്തുന്നതിൽ പ്രധാന സ്ഥാനം മാതാപിതാക്കൾക്കാണ്. മാതാപിതാക്കൾ മെനയുന്ന പാത്രങ്ങളാണ് കുഞ്ഞുങ്ങൾ. അവരെ എങ്ങനെ മെനയണമെന്ന് തീരുമാനിക്കുന്നത് മാതാപിതാക്കളാണ്.

**വീട് ആദ്യത്തെ പാഠശാല**

ന്യായപ്രമാണം പഠിപ്പിക്കുന്ന പാഠശാലആയിരുന്നു ആദിമവീടുകൾച,. മാതാപിതാക്കൾആയിരുന്നു അദ്ധ്യാപകർ.ശിഷ്യത്വത്തിന്റെ ആദ്യപടി വീടുകളിൽ ആരംഭിക്കണം. ദൈവീകബന്ധത്തിൽ കുഞ്ഞുങ്ങൾ വളർത്തപ്പെടണമെങ്കിൽ വീടുകളിൽ ദൈവീകതയ്ക്കും ആത്മീകതയ്ക്കും പ്രാധാന്യം ഉണ്ടാകണം. പ്രാർത്ഥന, വചനധ്യാനം, കുഞ്ഞുങ്ങൾക്കുള്ള വിശ്വാസവചനങ്ങൾ, ക്രമീകൃതമായി പഠിപ്പിക്കുവാൻ വീടുകളിൽ അവസരമുണ്ടാക്കണം.

പഴയനിയമപ്രകാരം യഹൂദന്മാർ രാവിലെയും ഉച്ചയ്ക്കും വൈകിട്ടും ദൈവാലയത്തിൽ പ്രാർത്ഥനയ്ക്കായി വേർതിരിച്ചിരിക്കുന്നു കുഞ്ഞുങ്ങളിൽ ദൈവീകബോധം വളർത്തുവാൻ ഭവനത്തിലെ പ്രാർത്ഥനകൾ മുഖാന്തിരമാകും.

“എനിയ്ക്ക് സുവിശേഷം പറയുവാനോ ആരേയും ശിഷ്യരാക്കാനോ അറിയില്ല” എന്ന് പലരും പറയാറുണ്ട്. എന്നാൽ സ്വന്ത മക്കൾക്ക് ദൈവ വചനം പറഞ്ഞു കൊടുത്ത് അവരെ യഥാർത്ഥ ക്രിസ്തു ശിഷ്യൻമാർ ആക്കുവാൻ കഴിയുമെങ്കിൽ അതിലേറെയായി മറ്റൊന്നുമില്ല. “ബാല്യക്കാരേ നിങ്ങൾ ശക്തരാകുകയും ദൈവ വചനം നിങ്ങളിൽ വസിക്കയും,നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാലും ഞാൻ നിങ്ങൾ ക്കു എഴുതിയിരിക്കുന്നു” എന്ന് യോഹന്നാൻ അപ്പോസ്തലൻ ലേഖനത്തിൽ (1യോഹന്നാൻ) പറയുന്നു. ബാല്യക്കാർ ശക്തരാകണം എങ്കിൽ ദൈവചനം അവരിൽ വസിക്കണം. ദൈവചനം അവർക്ക് പകർന്നു നൽകേണ്ടത് മാതാപിതാക്കളാണ്.

**വീടുകൾ ബൈബിൾ സ്ക്കൂളുകളാക്കുക**

സൺഡേസ്ക്കൂൾ പഠനത്തിനുപുറത്തായി വീടുകൾ ദൈവ വചന പാഠശാലകൾആക്കണം. മാതാവോ പിതാവോ കുഞ്ഞുങ്ങളെ ദൈവ വചനംപഠിപ്പിക്കുവാൻ മുൻകൈ എടുക്കണം. കഥകൾ പറഞ്ഞ് കൊടുക്കുന്നതല്ല ദൈവ വചന പഠനം. ഓരോസംഭവങ്ങൾ വിവരിക്കുമ്പോഴും അതിൽനിന്ന് അവർ

പഠിക്കട്ടെ. പാഠങ്ങൾ പറഞ്ഞു കൊടുക്കണം. കുടുംബപ്രാർത്ഥനകളിൽ ബൈബിൾ പഠനത്തിന്

പ്രാധാന്യം നൽകുക. ക്രമീകൃതമായി ബൈബിൾ വായിക്കുവാനും സുവിശേഷപ്രവർത്തനങ്ങൾ, സമൂഹത്തിലെ അനീതികൾ, തിന്മകൾ, രോഗികൾ, അശരണർ തുടങ്ങിയ വിഷയങ്ങൾ പങ്കിട്ടു അവർക്കായി പ്രാർത്ഥിക്കുവാനും പഠിപ്പിയ്ക്കുക.

**സുവിശേഷീകരണ ദൗത്യം കുഞ്ഞുങ്ങളിലേക്ക്**

സുവിശേഷീകരണത്തിന്റെ ദൗത്യം കുഞ്ഞുങ്ങളിലേക്ക് പകരുവാൻ ശ്രദ്ധിക്കണം. മറ്റുള്ളവരോട് യേശുവിനെ കുറിച്ച് പറയുവാനുള്ള ദൗത്യം, സുവിശേഷപ്രവർത്തനങ്ങളെ സഹായിക്കുവാനുള്ള ഉത്തരവാദിത്വം ഇവ ചെറുപ്രായത്തിൽ തന്നെ നൽകണം. മറ്റുള്ളവർക്കായി മദ്ധ്യസ്ഥത അണക്കുവാനും സ്വന്തം ആവശ്യങ്ങൾ ദൈവസന്നിധിയിൽ തുറന്നുപറയുവാനും കുഞ്ഞുങ്ങളെ പഠിപ്പിക്കാം.

തിരഞ്ഞെടുക്കുവാനുള്ള അവകാശം പ്രായമാകുമ്പോൾ ശരിയും തെറ്റും വിവേചിച്ചറിയാൻ കുഞ്ഞുങ്ങൾ പ്രാപ്തരാകണം. എങ്കിൽ ചെറുപ്രായത്തിൽ തന്നെ പാപത്തെപ്പറ്റിയും ദൈവസ്നേഹത്തെപ്പറ്റിയും കുഞ്ഞുങ്ങൾ അറിയണം. ദൈവം സ്നേഹവാനാണെന്നും ക്ഷമിക്കുന്നവനുമാണെന്നും ഉള്ള ബോധ്യം കുഞ്ഞുങ്ങൾക്ക് ചെറുപ്പത്തിലേ ഉണ്ടാകണം.

**വീടുകൾ മിഷൻസ്റ്റേഷനുകളാണ്**

“സുവിശേഷതാല്പര്യം ഇല്ലാത്തസഭകളും വീടുകളും ശ്മശാനത്തിനു തുല്യമാണ്.വർദ്ധനവ് ഉണ്ടാകണമെങ്കിൽ സഭകൾ മിഷൻ ഫീൽഡുകൾ ആകണം. വചനമാകുന്ന വിത്ത് വിതയ്ക്കാൻ അനുയോജ്യമായ വയൽ ആണ് വീടുകൾ. വീട്ടിലുള്ളവരിലേക്ക് ദൈവ വചനംവും, സുവിശേഷവും പങ്കിടുവാൻ കഴിഞ്ഞാൽ ഇത് തലമുറകൾക്ക് അനുഗ്രഹമായിരിക്കും. നമ്മുടെ വീടുകൾ ആത്മാക്കൾ വിളയുന്ന മിഷൻ ഫീൽഡുകൾ ആയി മാറും. ...ഈ ദൗത്യം അടുത്ത തലമുറയിലേക്ക് പകരുവാൻ നമുക്ക് ഉത്സാഹിക്കാം.

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

ഭാഗം: ഒന്ന്

- തുടർച്ച-



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

### പൗലോസിന്റെ ലേഖനങ്ങളുടെ ഒരു സംക്ഷിപ്തവീക്ഷണം

| ലേഖനങ്ങൾ | എണ്ണം | കാലം | സ്ഥലം | പ്രേക്ഷിതയാത്ര | തടവുകാലം |
|---|---|---|---|---|---|
| ഗലാത്യർ | 1 | ഏ. ഡി. 48 | സിറിയൻ അന്ത്യോക്യ | ഒന്നാം മിഷണറി യാത്രയ്ക്കു ശേഷം | - |
| I,II തെസ്സലോനിക്യ | 2 | ഏ. ഡി. 52 | കൊരിന്ത് | രണ്ടാം മിഷണറി യാത്രയിൽ | - |
| I,II കൊരിന്ത്യർ | 2 | ഏ. ഡി. 55 | എഫൊസോസ് മാസിഡോണിയ | മൂന്നാം മിഷണറി യാത്രയിൽ | - |
| റോമർ | 1 | ഏ. ഡി. 56 | കൊരിന്ത് | മൂന്നാം മിഷണറി യാത്രയുടെ അന്ത്യത്തിൽ | - |
| എഫെസ്യർ | 1 | ഏ. ഡി. 61 | റോം | - | റോമിലെ ആദ്യ തടവു കാലത്ത് |
| ഫിലിപ്പ്യർ | 1 | ഏ. ഡി. 61 | റോം | - | |
| കൊലൊസ്യർ | 1 | ഏ. ഡി. 61 | റോം | - | |
| ഫിലേമോൻ | 1 | ഏ. ഡി. 61 | റോം | - | |
| I തിമഥെയൊസ് | 1 | ഏ. ഡി. 62 | മക്കോദ്യ | - | കാരാഗൃഹ മോചന കാലത്ത് |
| തീത്തോസ് | 1 | ഏ. ഡി. 62 - 63 | എഫെസ്യോസ് | - | |
| 2 തിമൊഥെയൊസ് | | | | | |

**ഉ**ദ്ദേശ്യം:- ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടത് എങ്ങനെയെന്ന് അറിയേണ്ടതിന് 1 തിമൊ. 3:15. ഒന്നാം നൂറ്റാണ്ടിൽ തന്നെ പലതരത്തിലുള്ള ദുരുപദേശങ്ങളെ സഭയ്ക്കു അഭിമുഖീകരിക്കേണ്ടി വന്നു. യഹൂദപശ്ചാത്തലമുള്ളവരും വിജാതീയ പശ്ചാതത്തലമുള്ളവരും സഭയിൽ ഉണ്ടായിരുന്നു. പഴമയിലേക്കു വഴുതിപ്പോകാനുള്ള സാദ്ധ്യതകൾ കുറവല്ല, അതുകൊണ്ടു സഭയുടെ വ്യവസ്ഥാപനം സുവിശേഷസന്ദേശം, വിശ്വാസികളുടെ ജീവിതസാക്ഷ്യം, ആരാധന, നടപ്പ്, ശിക്ഷണം, നുഴഞ്ഞു കയറുന്ന ദുരുപദേശങ്ങൾ അത്തരം കാര്യങ്ങൾ ചെറുക്കേണ്ട മാർഗ്ഗങ്ങൾ തുടങ്ങിയവയാണ് ഇടയലേഖനത്തിലെ പ്രതിപാദ്യവിഷയങ്ങൾ. സഭയുടെ സ്വഭാവത്തെക്കുറിച്ച് പ്രസ്താവിക്കുന്ന ലേഖനങ്ങൾ എന്നാണ് രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന സഭാപിതാവായ തെർത്തുല്യൻ പറഞ്ഞിരിക്കുന്നത്. കൂടാതെ പൗലോസ് ഉദ്ദേശിക്കുന്നത് തിമൊഥെയൊസിനു എഴുതിയ അടിസ്ഥാന ഉപദേശങ്ങൾ അറിഞ്ഞിരിക്കുവാനും നേതാക്കളെ പരിശീലിപ്പിക്കുവാനും വിശ്വാസത്തിലും ജീവിതത്തിലും ഉറപ്പിക്കുവാനും മാതൃകയുള്ളവരായി ജീവിക്കുവാനും കൂടിയാണ്, 1 തിമോ. 4:11-12

എവിടെവച്ച് എഴുതി - തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം കാരാഗൃഹവാസം കഴിഞ്ഞതിനു ശേഷമായിരിക്കാം, ഫിലി. 1:19, 25-26, 2:24, മോചനാനന്തരം അദ്ദേഹം എഫെസൊസ്, മാസിഡോണിയ, ക്രേത്തദ്വീപ്, കൊരിന്ത്, അപ്പൊ. പ്രവ. 20:1-6 എന്നീ സ്ഥലങ്ങളിൽ സഞ്ചരിച്ചു, എന്നാൽ പൗലോസ് തിമൊഥെയൊസിനെ അവിടെയാക്കിയിട്ടു യാത്ര തുടർന്നു, അ.പ്രവ. 20:17-29. പൗലോസ് മാസിഡോണിയായിലെ ഫിലിപ്പിയിൽ വച്ച് ഏ. ഡി. 64-ൽ ആണ് ഒന്നു തിമൊഥെയൊസിന്റെ ലേഖനം എഴുതിയത്.

ആഹ്വാനം - ക്രൈസ്തവർ അവരുടെ ജീവിതവും പ്രവർത്തികളും നിരീക്ഷിച്ചുകൊണ്ടു, പരിശോധിച്ചുകൊണ്ടു ജീവിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും സ്ഥലം സഭയെ എപ്രകാരം കൈകാര്യം ചെയ്യണമെന്നു കൂടി ഇതിലൂടെ ആഹ്വാനം ചെയ്യുകയാണ്.

താക്കോൽ അദ്ധ്യായം -6

താക്കോൽ വാക്യങ്ങൾ - 3:15-16

താക്കോൽ വാക്ക് - ഉപദേശം

വിഷയവിഭജനം

1. ആമുഖം - 1:1-2
2. ദുരുപദേശത്തിന്റെ പ്രത്യാഘാതങ്ങൾ, 1:3-20
3. ആരാധനയക്കുള്ള നിർദ്ദേശം, 2:1-15
4. അദ്ധ്യക്ഷന്റെ യോഗ്യതകൾ, 3:1-16
5. ദുരുപദേഷ്ടാക്കന്മാർക്കു എതിരായ പ്രതിരോധം, 4:1-16
6. വിധവകൾക്കും മൂപ്പന്മാർക്കുള്ള നിർദ്ദേശം, 5:1-24
7. ഇടയന്മാരുടെ മനോഭാവങ്ങൾ, 6:1-22

തിമൊഥെയൊസിനോടുള്ള പൗലോസിന്റെ അഞ്ചു കല്പനകൾ

1. ഉപദേശത്തെ സംബന്ധിച്ച

04

വിധിയും വിചാരണയും

# ഒരു പ്രസംഗകാലം പ്രശ്നകാലമോ?



രാജു ആനിക്കാട്

**ഒ**രു കൺവൻഷൻ കാലം കൂടെ സമാഗതമായിരിക്കുന്നു. ഈ രംഗത്തെ പ്രമുഖരെല്ലാം മാസങ്ങളുടെ ഇടവേളയ്ക്കുശേഷം കോപ്പുകളുമായി ഗോദയിലിറങ്ങാൻ തയ്യാറെടുക്കുന്നു. കൺവൻഷന്റെ പ്രധാനപ്പെട്ട ലക്ഷ്യം നമ്മുടെ നയവിശദീകരണമാണ്. മുൻകാല പെന്തക്കോസ്ത് പ്രഭാഷകരുടെ നന്മ ഓർത്തെടുക്കാൻ ഒരു നിമിഷമെങ്കിലും ചിലവാക്കുന്നത് നന്നായിരിക്കും. സാമുദായിക വർഗ്ഗീയ ശക്തികളുടെ ഉരുക്കുകോട്ടകളെ വിറപ്പിച്ചുകൊണ്ട് ബൈബിൾ സത്യങ്ങളുടെ പ്രഘോഷകരാകാൻ നമുക്ക് ഒരു പറ്റം പൂർവ്വികരുണ്ടായിരുന്നു. ഇന്നിന്റെ യാതൊരു അത്യന്താധുനിക സാങ്കേതികസഹായവുമില്ലാതെ തികച്ചും പരിശുദ്ധാത്മാവിലും വചനത്തിലും ആശ്രയിച്ചുള്ള അവരുടെ ശുശ്രൂഷകൾ കേരളത്തിലെ ശുഷ്കമായ അദ്ധ്യാത്മിക മേഖലയെ ഉഴുതുമറിച്ചു. അതിന്റെ ഫലമാണ് ഇന്ന് നാം ഏവരും അഭിമാനിക്കുന്ന പെന്തക്കോസ്തിന്റെ ആൾക്കൂട്ടം. അവരുടെ കാലവുമായി തട്ടിച്ചു നോക്കുമ്പോൾ പെറ്റുപെരുകിയവരല്ലാതെ വീണ്ടും ജനിച്ചവർ നന്നേ കുറവാണ്. ഇന്നും ഏതെങ്കിലും ഒരു ബൈബിൾ വിഷയം സംബന്ധിച്ച സംശയനിവാരണത്തിന് ആ പഴയകാല പ്രഭാഷകരുടെ വാക്കുകളാണ് നമുക്ക് ഏറ്റവും ഉചിതം.

കൺവൻഷൻ അതിന്റെ കെട്ടിലും മട്ടിലും ഒരുപാട് മാറിക്കഴിഞ്ഞു. നമ്മുടെ ആ പൂർവ്വികർ ഇന്നത്തെ ഈ ആഘോഷപൂർവ്വമായ കൺവൻഷൻ കാലം കണ്ടാൽ ഞെട്ടിപ്പോകും. കേവലം ഒരു ആശയസംവേദനത്തിന് ഇത്രയും വലിയ കെട്ടിയൊരുക്കുകൾ അത്യാവശ്യമാണോ എന്ന് ചോദിച്ചാൽ കാലം മാറിയെന്നേ നമുക്കു പറയാനുള്ളൂ. പക്ഷെ നമ്മൾ ഗൗരവമായി ചിന്തിക്കേണ്ടത് ഈ സന്നാഹങ്ങളെല്ലാം തന്നെ ഒന്നരമണിക്കൂറിലെ വചന വ്യാഖ്യാനത്തിനുവേണ്ടിയാണ്. എന്നാൽ അത് നടക്കുന്നുണ്ടോയെന്ന് നാം ആരും ചിന്തിക്കുന്നില്ല. വർണ്ണാഭമായ ക്രമീകരണങ്ങൾ നടക്കുന്നുണ്ടെന്നല്ലാതെ വചനവ്യാഖ്യാനത്തിനുവേണ്ടി അത്തരം ഒരു ഒരുക്കം ഇല്ലെന്നുതന്നെയാണ് നമ്മുടെ വേദികൾ നൽകുന്ന സൂചന. ഇതിനൊരു മാറ്റം നമ്മൾ കൂട്ടായി ഉണ്ടാക്കേണ്ടിയിരിക്കുന്നു. വചനം പ്രസംഗിക്കാൻ വരുന്നവരോട് വചനം മാത്രം പോരാ കേട്ടോ എന്നു പറയുന്ന ആളുകൾ നമ്മുടെയിടയിൽ ഉണ്ടെന്ന് പറഞ്ഞാൽ അതിശയിക്കരുത്. അതാണ് സത്യം. പിന്നെ എന്തുകൂടെ വേണമെന്നാണ് ഇവർ ഉദ്ദേശിക്കുന്നത്. അതിന്റെ മറുപടി വ്യക്തമാണ്. വചനവ്യാഖ്യാനം ഇല്ലെങ്കിലും തെറ്റില്ല. സമകാലീന പെന്തക്കോസ്തിന്റെ ആളിളക്കി താളം ഉണ്ടായിരിക്കണമെന്ന് സാരം. വാചകം കൊണ്ട് ആവേശമുണ്ടാക്കാൻ അപ്പൊസ്തലന്മാർ വേണമെന്നില്ല. അതിന് പ്രത്യേകം പരിശീലിച്ച സംഘങ്ങൾ നമ്മുടെയിടയിൽ വിലസുന്നുണ്ട്. ആത്മാവും ആവേശവും രണ്ടാണെന്ന് തിരിച്ചറിയാത്ത ഭൂരിപക്ഷം ഉള്ളടത്ത് ഇതിൽ കൂടുതൽ നമ്മൾ കാണും.

പറഞ്ഞുവന്നതിന്റെ ഉദ്ദേശ്യം നമുക്ക് ആദിമപ്രഭാഷകരുടെ ശൈലിയിലേക്ക് മടങ്ങിപ്പോകേണ്ടതുണ്ടെന്നതാണ്. ഇന്നും ഇവിടം സുവിശേഷത്തിന് വളക്കൂറുള്ള മണ്ണ് തന്നെയാണ്. മതരാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളെല്ലാം ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുവിധം പ്രതിസന്ധി നേരിടുകയാണ്. ഈടുറ്റ ആശയങ്ങൾ മനുഷ്യർക്ക് നൽകുന്നതിൽ അവരൊക്കെ പരാജയപ്പെടുകയാണ്. സത്യാന്വേഷകരുടെ ഒരു വലിയ നിര പുതിയ വഴി തേടി അലയുന്നുണ്ട്. എല്ലാക്കാലത്തും സുവിശേഷകരുടെ ലക്ഷ്യം അവരായിരിക്കും. അവർക്കു വേണ്ടിയത് രോഗശമനമോ ഭൂതപ്രേതാധികളിൽ നിന്നുള്ള വിടുതലോ അല്ല. അതിനൊക്കെ അനാത്മീകന് എത്രയോ മാർഗ്ഗങ്ങളുണ്ട്. എന്നാൽ ശൂന്യമായ അവരുടെ ആദ്യാത്മീകമണ്ഡലത്തെ തൃപ്തിപ്പെടുത്താൻ പര്യാപ്തമായ ഈടുള്ള ആശയങ്ങളാണ് അവർക്കാവശ്യം. നിലനിൽക്കുന്ന അത്തരമൊരു സന്ദേശം അത് ക്രിസ്തുവിന്റെ സുവിശേഷത്തിൽ മാത്രമാണു ഉള്ളതെന്ന് ആർക്കാണ് അറിയാത്തത്. പക്ഷെ, ഇതെല്ലാം അറിയാവുന്ന ബൈബിൾ പ്രഭാഷകർ മനുഷ്യനെ ആഴത്തിൽ സ്പർശിക്കുന്ന വിഷയങ്ങൾ വിട്ട് തൊലിപ്പുറത്ത് ചികിത്സിക്കുന്ന രീതിയാണ് അനുവർത്തിക്കുന്നത്. ഇതിനാണ് മാറ്റം വരേണ്ടത്.

പെന്തക്കോസ്ത് പ്രഭാഷകവേദി അതിവേഗം മാറ്റത്തിനുവിധേയമായിക്കൊണ്ടിരിക്കുന്നു എന്നത് ഒരു ശുഭസൂചനയാണ്. 80-90 മോഡലുകളുടെ തനിയാവർത്തനവുമായി ചിലർ കളം പിടിക്കാൻ കഴിവത് ശ്രമിക്കുന്നുണ്ടെങ്കിലും വചനംകൊണ്ട് അവയെ ചെറുക്കാൻ ശേഷിയുള്ളവർ നിവരെ നിന്നാൽ ഒരു മാറ്റം ഉണ്ടാകുമെന്നതിൽ സംശയമില്ല. അതിന് പ്രാദേശികസഭകൾ മുതൽ ക്രിയാത്മകമായ ചുവടുവെപ്പ് ഉണ്ടാകേണ്ടിയിരിക്കുന്നു. പെന്തക്കോസ്ത് വേദശാസ്ത്രത്തിന് വിരുദ്ധമായ പ്രചാരണം നടത്തുന്നവരെ സഹിക്കുന്നത് തീരെ ഉചിതമല്ല. എന്തായാലും കുഴപ്പമില്ല എന്ന മട്ടിൽ ഒരു അയഞ്ഞ സമീപനം നമ്മുടെ പൂർവ്വികർ സ്വീകരിച്ചിരുന്നില്ല. അതുകൊണ്ടാണ് അവരുടെ കാലത്ത് ഈ പ്രസ്ഥാനത്തിന് ഒരു തനിമയും ശ്രേഷ്ഠതയും ഉണ്ടായിരുന്നത്. ഉപദേശവിഷയങ്ങളോട് വിട്ടുവീഴ്ചയില്ലാത്ത സമീപനം ജീവിതത്തിലും പ്രസംഗത്തിലും കാണിച്ചു തന്ന ആ പഴയ തലമുറയോട് നാം കടപ്പെട്ടിരിക്കുന്നെങ്കിൽ വിടുവായന്മാരെ ഈ പ്രസംഗകാലത്തെങ്കിലും ഒഴിവാക്കിനിർത്തേണം. നാം മാനസാന്തരത്തിൽ വിശ്വസിക്കുന്നവരാണ്. അതുകൊണ്ട് തെറ്റ് തിരുത്തിമടങ്ങി വരുന്നവരെ സ്വീകരിക്കാനും നാം തയ്യാറാകണം.

## പി.വൈ. പി. എ. 3- ാമത് സമൂഹവിവാഹം

സംസ്ഥാന- കുമ്പനാട് പെന്തക്കോസ്ത് യുവജന സംഘടന ആയ പി വൈ പി എ യുടേയും ആഭിമുഖ്യത്തിൽ മൂന്നാമത് സമൂഹവിവാഹം ഹൈറേഞ്ചിൽ കട്ടപ്പന പഞ്ചായത്ത് ടൗൺ ഹാളിൽ വച്ച് 9 -ാം തീയതി P.Y.P.A State President Wilson Samuel- ന്റെ അദ്ധ്യക്ഷതയിൽ ഐ.പി.സി. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ. കെ.സി. തോമസ് ശുശ്രൂഷ നിർവ്വഹിക്കും. 5 കുടുംബങ്ങൾക്ക് 1 ലക്ഷം രൂപ പി. വൈ. പി.എ ഗിഫ്റ്റ് നൽകും. ദൈവം അനുവദിച്ചാൽ മലബാറിൽ വച്ച് 2014- ൽ അഞ്ച് പേരുടെ വിവാഹം നടത്തും എന്ന് സംസ്ഥാന സെക്രട്ടറി ഇവാ: സാബു ചാപ്രത്ത് അറിയിച്ചു.

## ഐ. പി. സി. മധ്യമേഖല കൺവൻഷൻ

**നെടുമ്പാശ്ശേരി:** ഐ.പി.സി മധ്യമേഖല കൺവൻഷൻ നവംബർ 25 - 27 വരെ പെരുമ്പാവൂർ ടൗൺ മുൻസിപ്പൽ സ്റ്റേഡിയത്തിൽ നടക്കും. പാസ്റ്റർമാരായകെ. എം. ജോസഫ്, കെ.സി.ജോൺ, വത്സൻ ഏബ്രഹാം, സാം ജോർജ്ജ്, സണ്ണി കുര്യൻ, ബാബു ചെറിയാൻ, ജോയി ഏബ്രഹാം എന്നിവർ പ്രസംഗിക്കും.26 -നു പാസ്റ്റേഴ്സ് കോൺഫറൻസിൽ പാസ്റ്റർമാരായ ജോസഫ് ജോർജ്ജ്, വർഗ്ഗീസ് മാത്യു എന്നിവർ ക്ലാസ്സെടുക്കും. മിസ്പ വോയ്സ് ഗാനങ്ങൾ ആലപിക്കും. പാസ്റ്റർ സണ്ണി മാത്യു, കെ.പി.ജോസ്, ജോൺസൺ, പാസ്റ്റർമാരായ കെ.ഓ. മാത്യു, പൈലി പിള്ള, ചാക്കോ ഐപ്പ് തുടങ്ങിയവർ നേതൃത്വം നൽകും.

ചോദ്യോത്തര വേദി

# പെന്തക്കോസ്തരുടെ ഇടയിൽ സ്വവർഗ്ഗവിവാഹമോ?



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

**ചോദ്യം:** ഐക്യരാഷ്ട്രസംഘടനയുടെ മനുഷ്യാവകാശ കമ്മീഷൻ സംഘടിപ്പിച്ച വാർത്താ സമ്മേളനത്തിൽ ആർച്ച് ബിഷപ്പ് **ഡെസ്മണ്ട്** ടുട്ടു ഇപ്രകാരം സംസാരിച്ചു: *"സ്വവർഗരതിയെ ഭയപ്പെടുന്ന ഒരു ദൈവവും സ്വർഗ്ഗവും എനിക്കു വേണ്ട. അത്തരം ദൈവത്തെ ഞാൻ ആരാധിക്കുകയുമില്ല"* (The Hindu 28/7/2013). ഫ്രാൻസിസ് മാർപ്പാപ്പ ഇപ്രകാരം പ്രസ്താവിച്ചു: *"ഒരുവൻ സ്വവർഗരതിക്കാരനായിരിക്കെ ദൈവത്തെ അന്വേഷിക്കുകയും നല്ല മനസ്സുള്ളവനായിരിക്കുകയും ചെയ്യുന്നുവെങ്കിൽ അയാളെ വിധിപ്പാൻ ഞാനാരുമല്ല"* (The Christian Post 29/7/2013). അമേരിക്കയിലെ **ഡാളസിൽ**, പെന്തക്കോസ്തുസഭയിലെ മലയാളിയായ ചെറുപ്പക്കാരനായ മലയാളി ഡോക്ടർ (ഇദ്ദേഹത്തിന്റെ മുൻഗാമികൾ കേരളത്തിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയിലെ സ്ഥാപക പ്രവർത്തകരായിരുന്നു) ഒരു പുരുഷനെ വിവാഹം കഴിച്ചതായി **കേൾക്കുന്നു**. ഫിലാഡൽഫിയായിലെ ഒരു മലയാളി മാർത്തോമക്കാരി ഒരു മദാമ്മയെ വിവാഹം കഴിച്ചതായി ഫോട്ടോ സഹിതം അവിടുത്തെ പത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഈ വിഷയത്തിൽ ലോകത്തിനനുകൂലമായി ക്രിസ്തീയ നേതാക്കളും ക്രിസ്ത്യാനികളും ഒന്നിക്കുമ്പോൾ, ബൈബിൾ എന്ത് പറയുന്നു എന്നറിയുവാൻ താല്പര്യമുണ്ട്.

**– മാർക്കസ്, വടവാതൂർ, കോട്ടയം**

**ഉത്തരം:** കത്തോലിക്കാ/ പ്രൊട്ടസ്റ്റന്റ് പ്രാമുഖ്യമുള്ള രാഷ്ട്രങ്ങളെല്ലാം സ്വവർഗ്ഗവിവാഹത്തെ അനുകൂലിച്ച് വരുമ്പോൾ, റഷ്യ സ്വവർഗ്ഗ വിവാഹം നിരോധിച്ചു. സ്വവർഗ്ഗവിവാഹ നിയമത്തിനെതിരെ റഷ്യൻ പാർലമെന്റിൽ മുഴുവൻ അംഗങ്ങളും വോട്ടു ചെയ്തു.

മനശാസ്ത്രം വളർന്നതോടുകൂടി പലവിധ ലൈംഗീക വൈകല്യങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ നടന്നിട്ടുണ്ട്. അതിൽ ശിശുക്കളോടുള്ള ലൈംഗീക അഭിനിവേശം, വൃദ്ധരോടുള്ള ആസക്തി, ഒളിഞ്ഞുനോട്ടം, ലൈംഗീക അവയവങ്ങളുടെ പരസ്യ പ്രദർശനം, മൃഗങ്ങളുമായുള്ള ലൈംഗീകവേഴ്ച, ശവശരീരങ്ങളുമായുള്ള വേഴ്ച, അമിത ഭോഗാസക്തി തുടങ്ങിയവ പെടും. ഈ വൈകല്യങ്ങളെല്ലാം അസാധാരണ/അസാമാന്യ പെരുമാറ്റങ്ങളുടെ പട്ടികയിൽ പെടുത്തി ചികിത്സയിലൂടെയും (മരുന്നിലൂടെയും), കൗൺസിലിംഗിലൂടെയും പ്രാർത്ഥനയിലൂടെയും സുഖപ്പെടുത്താൻ കഴിയുന്നതാണ്. **ഇതൊരു വൈകല്യമാണന്ന് ആദ്യം സ്വയം അംഗീകരിക്കണമെന്ന് മാത്രം..** മോശെ മുഖാന്തരം കൊടുത്ത കല്പനകൾ അനുസരിച്ച് നടന്നാൽ യെഹുദന്മാർ സകല ജാതികളിലും വച്ച് ദൈവത്തിന് പ്രത്യേക സമ്പത്തായിരിക്കും എന്ന് ദൈവം വാഗ്ദാനം കൊടുത്തെങ്കിലും, പകൽ മേഘസ്തംഭവും രാത്രി അഗ്നിത്തൂണുമായി ദൈവമഹത്വം അവരുടെയിടയിൽ ആവസിച്ചുവെങ്കിലും, അവരുടെയിടയിലും ശാരീരിക വൈകല്യമുള്ള കുരുടർ, മുടന്തർ, പതിമൂക്കൻ, അധികാംഗൻ, കൂനൻ, മുണ്ടൻ, ചൊറിയൻ, പൊരിച്ചുണങ്ങൻ, ഷണ്ഡൻ എന്നിവരൊക്കെ ജനിച്ചിരുന്നു (ലേവ്യ. 21:18–20). ശാരീരിക വൈകല്യമുള്ളവരാണെങ്കിലും അല്ലെങ്കിലും ഇവർക്ക് പ്രായമായിക്കഴിയുമ്പോൾ, ലൈംഗീകവേഴ്ചയ്ക്ക് പ്രായമാകുമ്പോൾ, ഇവരുടെ ലൈംഗീക പ്രവർത്തനങ്ങൾക്ക് ദൈവം ന്യായമായ വിധി കല്പിച്ചിരുന്നു. വചനം ഇപ്രകാരം രേഖപ്പെടുത്തുന്നു: **"സ്ത്രീയോടുകൂടെ ശയിക്കുന്നതുപോലെ ഒരുത്തൻ പുരുഷനോടുകൂടെ ശയിച്ചാൽ ഇരുവരും മ്ലേച്ഛത ചെയ്തു; അവർ മരണശിക്ഷ അനുഭവിക്കേണം"** (ലേവ്യ. 20: 13) കൃപായുഗത്തിലും ഈ പാപം നിലനിൽക്കുന്നു. "സ്വവർഗ്ഗസംഭോഗികൾ, ലൈംഗീക ദുർന്നടപ്പുകാർ, കള്ളന്മാർ...ദൈവരാജ്യം അവകാശമാക്കുകയില്ല. '**നിങ്ങളിൽ ചിലർ** ഈ വകക്കാരായിരുന്നു; എങ്കിലും **നിങ്ങൾ** കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും, നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും **നിങ്ങളെത്തന്നെ** കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു" (1 കൊരി. 6:9–11).

ഫലഭൂയിഷ്ടമായ സോദോം ഗോമേറദേശത്തെ **ബാലന്മാർ മുതൽ വൃദ്ധന്മാർ വരെയുള്ള നിവാസികൾക്ക്** സ്വവർഗ്ഗഭോഗം കാണുന്നതും പ്രവർത്തിക്കുന്നതും താൽപര്യമുള്ള പ്രവർത്തിയായിരുന്നു (ഉല്പത്തി 19:4). സ്വവർഗ്ഗഭോഗം ഒരു പ്രദേശത്തു കൂടുതലാണെങ്കിൽ അത് ചില പ്രത്യേക സാമൂഹ്യസാഹചര്യങ്ങളിൽ നിന്ന് ഉണ്ടാകുന്നതാണെന്ന് ബൈബിൾ സൂചന തരുമ്പോൾ (യെഹസ്ക്കേൽ 16:49), ലോകപ്രശസ്ത മനശാസ്ത്രജ്ഞനായ ഹാവ്‌ലോക് എല്ലിസിന്റെ പഠനവും അത് ശരി വെയ്ക്കുന്നുണ്ട്. **യെഹസ്കേൽ 16:49 സ്വതന്ത്ര പരിഭാഷ ഇപ്രകാരം വെളിപ്പെടുത്തുന്നു:** "ദരിദ്രരെയും പാവപ്പെട്ടവനെയും സഹായിക്കാതെയും കരുതാതെയും, അഹങ്കാരത്തോടെ ജീവിച്ച് സമൃദ്ധിയായ ഭക്ഷണവും അത്യധികമായ അലസതയിലും കഴിഞ്ഞപ്പോൾ നിനക്ക് **സോദോമ്യരുടെ പാപമായ സ്വവർഗ്ഗരതി ഉടലെടുത്തു".**

ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവം ആയിരുന്നു. സകലതും അവൻ മുഖാന്തരം ഉളവായി; ഉളവായതൊന്നും അവനെക്കൂടാതെ ഉളവായതല്ല (യോഹന്നാൻ 1)

"അങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു; ദൈവത്തിന്റെ സ്വരൂപത്തിൽ അവരെ സൃഷ്ടിച്ചു; ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു" (ഉല്പത്തി 1:27). "മനുഷ്യനിൽ നിന്നെടുത്ത വാരിയെല്ലുകൊണ്ട് അവിടുന്ന് ഒരു സ്ത്രീക്കു രൂപം കൊടുത്തു. അവളെ അവന്റെ മുമ്പിൽ കൊണ്ടു വന്നു" (ഉല്പത്തി 2:22). സ്ത്രീയും പുരുഷനും ചേർന്നതാണ് മനുഷ്യൻ. മനുഷ്യനിൽ നിന്നാണു സ്ത്രീയെ വേർതിരിച്ചത്. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നു: സ്ത്രീയും പുരുഷനും ചേരുമ്പോഴേ ഒരു പൂർണ്ണമനുഷ്യനാകൂ. അല്ലാതെ പുരുഷനും പുരുഷനും ചേരുമ്പോഴല്ല അല്ലെങ്കിൽ സ്ത്രീയും സ്ത്രീയും ചേരുമ്പോഴല്ല. ദൈവം മനുഷ്യനിൽ നിന്നെടുത്ത സ്ത്രീയെ മുമ്പിൽ കൊണ്ടുവന്നപ്പോൾ ആദം പ്രതികരിച്ചതു ഇപ്രകാരമാണ് "ഇതാ എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും" (ഉല്പത്തി 2:23). സത്യദൈവവും നിത്യജീവനുമായ യേശുക്രിസ്തു (1 യോഹ. 5:20) തന്റെ മനുഷ്യാവതാരകാലത്ത് മേൽപറഞ്ഞ വചനം ഉറപ്പിക്കുകയാണ് ചെയ്തത്. കർത്താവ് ഇപ്രകാരം അരുളിചെയ്തു: "സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചുവെന്നും അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായിത്തീരും. അതുകൊണ്ട് അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രേ. ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്" (മത്തായി 19:4–6). അപ്പൊസ്തലന്മാരും തങ്ങളുടെ ലേഖനങ്ങളിൽ കുടുംബ ജീവിതത്തിന് സ്ത്രീ–പുരുഷ ബന്ധമാണ് വേണ്ടതെന്നും അവർ ജീവന്റെ കൃപയ്ക്ക് കൂട്ടവകാശികളാണെന്നും അവർ പരസ്പരം നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളും വേണ്ടവിധം വ്യക്തമാക്കിയിട്ടുണ്ട്.

സ്ത്രീ പുരുഷ ശരീരാവയവങ്ങളുടെ പ്രത്യേകത സന്താനങ്ങളെ ഉത്പാദിപ്പിക്കുവാൻ കൂടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. അതിനാൽ വിവാഹവും ലൈംഗീകവേഴ്ചയും സ്ത്രീയും പുരുഷനും തമ്മിലുള്ളതായിരിക്കണമെന്ന സാമാന്യബുദ്ധിയും സാമാന്യബോധവും ദൈവഹിതവും ഒന്നാണെന്നതിൽ സംശയമൊന്നുമില്ല.

ദൈവത്തിന് മഹത്വം കൊടുക്കാഞ്ഞതിനുള്ള ശിക്ഷയായിട്ടാണ് സ്വവർഗ്ഗരതി ഉടലെടുക്കുന്നത് എന്നുള്ള ആശയം പൗലോസ് ശ്ലീഹാ റോമാലേഖനം 1:23,26,27–ൽ രേഖപ്പെടുത്തിയിരിക്കുന്നു. "അവർ അനശ്വരനായ ദൈവത്തിന്റെ മഹത്വം നശ്വരനായ മനുഷ്യന്റെയോ പക്ഷികളുടെയോ മൃഗങ്ങളുടെയോ സാദൃശ്യമുള്ള വിഗ്രഹങ്ങൾക്ക് കൈമാറി – അക്കാരണത്താൽ ദൈവം അവരെ നിന്ദ്യമായ വികാരങ്ങൾക്ക് വിട്ടുകൊടുത്തു. അവരുടെ സ്ത്രീകൾ സ്വാഭാവിക ബന്ധങ്ങൾക്കു പകരം പ്രകൃതിവരുദ്ധ ബന്ധങ്ങളിലേർപ്പെട്ടു. അതുപോലെ പുരുഷന്മാർ സ്ത്രീകളോടുള്ള സ്വാഭാവികബന്ധം ഉപേക്ഷിക്കുകയും പരസ്പരാസക്തിയിൽ ജ്വലിച്ച് അന്യോന്യം ലജ്ജാകര കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയും ചെയ്തു. തങ്ങളുടെ തെറ്റിന് അർഹമായ ശിക്ഷ അവർക്കു ലഭിച്ചു".

സ്വവർഗ്ഗരതി ആയുസു കുറയ്ക്കുകയും അനേക രോഗങ്ങൾക്ക് വഴിവയ്ക്കുമെന്ന ശാസ്ത്രീയ പഠനം ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിന് പകരം അത് ജനിതകതകരാറാണെന്ന് പ്രഖ്യാപിച്ച്, വിഷയം ലഘൂകരിച്ച് സ്വവർഗ്ഗ വിവാഹം നിയമാനുസൃതമാക്കുന്ന സർക്കാരുകൾ വലിയ തെറ്റാണ് ചെയ്യുന്നത് (Refer International Journal of epidermiology Vol. 26pp657-661 Oxford University). അന്ത്യകാലത്ത് ദൈവവചനത്തിലുള്ള വിശ്വാസം പല നേതാക്കൾക്കും നശിക്കുമെന്നും, **ലോത്തിന്റെ കാലത്തെ സാമൂഹ്യാവസ്ഥ** (സ്വവർഗ്ഗരതി), പലയിടത്തും ഉണ്ടാകും എന്ന് കർത്താവ് മുന്നറിയിപ്പ് തന്നിട്ടുള്ളതിനാൽ ബിഷപ്പ് ടുട്ടുവിന്റെയോ ഫ്രാൻസിസ് മാർപ്പാപ്പയുടെയോ വ്യക്തിപരമായ വിശ്വാസത്തെക്കുറിച്ച് ഒന്നും രേഖപ്പെടുത്താനില്ല.

2013 നവംബർ 11 തിങ്കളാഴ്ച, മലയാള മനോരമ പത്രത്തിൽ വന്ന പരസ്യം:

**സ്വവർഗ്ഗരതി?**

മരുന്നും ഷോക്കുമില്ലാത്ത HRT ബ്രെയിൻവേവ് തെറപ്പി! ഡോ. ടൈറ്റസ്, HRT സെക്സോളജിസ്റ്റ് (USA), കോഴിക്കോട്, തിരുവല്ല. 9447292886, www.hrtsystem.com

## 01 ഐ. പി. സി. ഫാമിലി....

ലിൽ വച്ചായിരിക്കും ഈ സമ്മേളനം നടക്കുന്നത്

'ക്രിസ്തുവിൽ ജയാളികൾ' എന്നതാണ് ഈ സമ്മേളനത്തിന്റെ ആപ്തവാക്യം.

വളരെ വിസ്തൃതമായ ഈ സമ്മേളന സ്ഥലത്ത് കുട്ടികൾക്കും യുവജനങ്ങൾക്കും സഹോദരിമാർക്കും പ്രത്യേകം മീറ്റിംഗുകൾ ക്രമീകരിക്കുന്നുണ്ട്. ഇന്ത്യയിലും അമേരിക്കയിലുമുള്ള അനുഗ്രഹീതരായ ദൈവ ദാസീ ദാസൻമാർ ഈ മീറ്റിംഗുകളിൽ വചനഘോഷണം ചെയ്യുന്നതായിരിക്കും. കുറഞ്ഞ ചിലവിൽ താമസ സൗകര്യവും ഭക്ഷണവും ഈ ഈ സമ്മേളന സ്ഥലത്തുതന്നെ ക്രമീകരിച്ചിട്ടുണ്ട്.

നാഷണൽ കൺവീനറായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ഏബ്രഹാം ചാക്കോ ഹൂസ്റ്റൺ ലിവിംഗ് വാട്ടർ ക്രിസ്റ്റ്യൻ ചർച്ചിന്റെ ശുശ്രൂഷകനാണ്. ചങ്ങനാശ്ശേരി NSS കോളജിൽ നിന്ന് ബിരുദവും ഡൽഹിയിൽ നിന്നും MBA-യും എടുത്ത ശേഷം എവരി ഹോം ക്രൂസേഡിലും, വേൾഡ് വിഷനിലും പ്രവർത്തിച്ചിട്ടുണ്ട്. പിന്നീട് പൂനയിലെ യൂണിയൻ ബിബ്ലിക്കൻ സെമിനാരിയിലും വൈദീക പഠനം നടത്തി. മണക്കാല ഫെയ്ത്ത് തിയോളിക്കൽ സെമിനാരിയിൽ അദ്ധ്യാപകനായിരുന്നു. 1994 – ൽ ചിക്കാഗോയിലെ ട്രിനിറ്റി ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിലും പിന്നീട് ഫിലദെൽഫിയ വെസ്റ്റ് മിനിസ്റ്റർ തിയോളജിക്കൽ സെമിനാരിയിലും ഉപരിപഠനം നടത്തി.

നാഷണൽ സെക്രട്ടറി ബ്രദർ രാജു പൊന്നോലിൽ ഫ്ളോറിഡയിലെ ഐ. പി. സി ഓർലാൻഡോ സഭാംഗമാണ്. 26–ാമതു പെന്തക്കോസ്തൽ കോൺഫറൻസിന്റെ ട്രഷറർ, പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം നാഷണൽ സെക്രട്ടറി, വിവിധ സമ്മേളനങ്ങളിൽ നേതൃത്വം നൽകിയിട്ടുള്ള ഇദ്ദേഹം നല്ലൊരു സംഘാടകനാണ്. ക്യാമ്പസ് ക്രൂസേഡ് ഫോർ ക്രൈസ്റ്റിന്റെ വേൾഡ് ഹെഡ്ക്വാർട്ടേഴ്സിൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യുന്നതിനോടൊപ്പം റിയൽ എസ്റ്റേറ്റ് ബിസിനസ്സും ചെയ്യുന്നു. നാഷണൽ ട്രഷറർ ബ്രദർ ചാക്കോ സ്റ്റീഫൻ ഐ. പി. സി. ലെക്ക് ലാൻഡ് സഭയിലെ അംഗമാണ്. 25–ാമതു പെന്തക്കോസ്തൻ കോൺഫറൻസിന്റേയും, 10–ാ മതു ഐ. പി. സി. കോൺഫറൻസിന്റേയും ലോക്കൽ ട്രഷറർ ആയിരുന്നു.വിവിധ നിലയിൽ നേതൃത്വം വഹിച്ചിട്ടുള്ള ഇദ്ദേഹം ബീഹാറിലെ ആദ്യകാല പെന്തക്കോസ്തു പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുകയും 'മശിഹാ ഭവന്റെ' സ്ഥാപകനുമാണ്.

നാഷണൽ യൂത്ത് കോർഡിനേറ്റർ ബ്രദർ . ഏഹ്രഹാം മോനിസ് ജോർജ്ജ് യുവജന പ്രവർത്തകനും നല്ല ഒരു സംഘാടകനുമാണ്. PYCD, മിഡ്വെസ്റ്റ് റീജിയൺ പി.വൈ.പി.എ., എന്നീ സംഘടനകളിൽ സജീവമായിരുന്നു. ന്യൂയോർക്ക് ശാലേം പെന്തക്കോസ്തൽ ടാബർ നാക്കിളിലെ അംഗവും പാസ്റ്റർ ജോർജ്ജ് മോനച്ചന്റെ മകനുമാണ്.

നാഷണൽ ലേഡീസ് കോർഡിനേറ്റർ ഡോക്ടർ ബീനാ നൈനാൻ ഹൂസ്റ്റൺ ഐ.പി.സി. ഹെബ്രോൻ സഭാംഗമാണ്. ഹൂസ്റ്റണിന്റെ HCA ഹോസ്പിറ്റലിന്റെ ഫാർമസി മാനേജർ ആയി ജോലി ചെയ്യുന്നു. ഐ.പി.സി യുടെ ആരംഭ കാല പ്രവർത്തകനായിരുന്ന പാസ്റ്റർ. കെ.ജെ. ശാമുവേലിന്റെ കൊച്ചു മകളാണ്.

ലോക്കൽ കോഓർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ടത് പാസ്റ്റർ ജോൺ ചാക്കോ, ബ്രദർ കെ.എ. തോമസ് എന്നിവരാണ്.

മിഡ്വെസ്റ്റ് റീജിയൺ പ്രസിഡന്റ് , പി.സി. നാക്ക് ലോക്കൽ കോർഡിനേറ്റർ, HPF പ്രസിഡന്റ്, എന്നീ നിലകളിൽ നേതൃത്വം നൽകിയിട്ടുള്ള പാസ്റ്റർ ജോൺ ചാക്കോ ഹൂസ്റ്റൺ ശാലേം പെന്തക്കോസ്തൽ അസംബ്ളിയുടെ സ്ഥാപകനും ശുശ്രൂഷകനുമാണ്. ഹൂസ്റ്റൺ ഐ.പി.സി. ഹെബ്രോൺ സഭാംഗവും ഇതിന്റെ സ്ഥാപകരിൽ ഒരാളുമായ ബ്രദർ കെ. എ. തോമസ് PCNAK, IPC കോൺഫറൻസ് ലോക്കൽ സെക്രട്ടറി, HPF സെക്രട്ടറി എന്നീ ചുമതലകൾ വഹിച്ചിട്ടുള്ള ഇദ്ദേഹം കഴിവുറ്റ സംഘാടകനാണ്. ഇവരോടൊപ്പം ഈ സമ്മേളനത്തിന്റെ നടത്തിപ്പുകൾക്കായി വിവിധ സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ചു 19 നാഷണൽ കമ്മറ്റിയംഗങ്ങളേയും 36 ലോക്കൽ കമ്മറ്റിയംഗങ്ങളേയും തിരഞ്ഞെടുത്തു . കൂടുതൽ വിവരങ്ങൾക്ക് www.IPC Conference. org എന്ന വിലാസത്തിൽ നിന്നും ലഭിക്കുന്നതാണ്.

## 03 വേദപഠനം...

കല്പന, അദ്ധ്യായം 1

2. പൊതു ആരാധനയെ സംബന്ധിച്ച കല്പന, അദ്ധ്യായം 1:2–3
3. ദുരുപദേഷ്ടാക്കന്മാരെ സംബന്ധിച്ച കല്പന, അദ്ധ്യായം 4
4. സഭാശിക്ഷണത്തെ സംബന്ധിച്ച കല്പന, അദ്ധ്യായം 5
5. ഇടയന്മാരുടെ ലക്ഷ്യങ്ങളെ സംബന്ധിച്ച കല്പന, അദ്ധ്യായം 6.

തുടരും...

# ചൂടുപിടിക്കുന്ന മത്സരങ്ങൾ



മോൻസി ജോർജ്ജ്
കോന്നി

തെരഞ്ഞെടുപ്പുകളുടെ പെരുമ്പറകൾ മുഴങ്ങിക്കൊണ്ടിരിക്കുന്ന കാലമാണല്ലോ ഇത്. രാഷ്ട്രീയ കക്ഷികൾ തങ്ങളുടെ വിജയം ഉറപ്പിക്കുന്നതിനും എതിർകക്ഷികളെ പരാജയപ്പെടുത്തുന്നതിനും തന്ത്രങ്ങൾ ആവിഷ്ക്കരിച്ചു തുടങ്ങി. ഒരു മുഖ്യധാരാ പെന്തക്കോസ്ത് സഭയിലും തെരഞ്ഞെടുപ്പ് പ്രഖ്യാപനം നടന്നു കഴിഞ്ഞു.

വിശുദ്ധ വേദപുസ്തകത്തിൽ പലതരം തെരഞ്ഞെടുപ്പുകൾ കാണുന്നു. യിസ്രയേൽ ജനതയെ സ്വന്തജനമായി ദൈവം തെരഞ്ഞെടുത്തു. ലേവി ഗോത്രത്തെ പുരോഹിത ശുശ്രൂഷയ്ക്ക് വേണ്ടി ദൈവം തിരഞ്ഞെടുത്തു. പ്രത്യേക ദൗത്യത്തിനുവേണ്ടി ദൈവം സഭയെ തെരഞ്ഞെടുത്തു. അപ്പോസ്തലിക ശുശ്രൂഷകൾക്കായി വ്യക്തിപരമായ തെരഞ്ഞെടുപ്പുകൾ നടന്നു. പഴയനിയമ കാലങ്ങളിൽ ദർശനം പ്രാപിച്ച പ്രവാചകന്മാർ രാജാക്കന്മാരെ തെരഞ്ഞെടുത്തിരുന്നു. ശൗലിനെ ജനം തെരഞ്ഞെടുത്തതു മുതൽ ദൈവാധിപത്യം നിക്ഷേധിക്കപ്പെട്ടു. പിന്നീട് വന്ന പലരാജാക്കന്മാരും ഏകാധിപതികളും, ദുഷ്ടന്മാരുമായിരുന്നു. അവർ ന്യായപ്രമാണം ഉപേക്ഷിക്കുകയും, ജനത്തെ അന്യദൈവാരാധനയിലേക്കും, വിഗ്രഹാരാധനയിലേക്കും നയിക്കുകയും ചെയ്തു. ധാർമ്മികത നഷ്ടപ്പെട്ടു, മൂല്യങ്ങൾ കാറ്റിൽ പറത്തി. പുതിയ നിയമത്തിൽ വരുമ്പോൾ പരിശുദ്ധാത്മാവ് ആണ് സഭയെ നയിക്കുന്നത്. പരിശുദ്ധാത്മ നിയോഗം ഏറ്റെടുത്ത് നിവൃത്തീകരിക്കുക എതായിരുന്നു പുതിയ നിയമ അദ്ധ്യക്ഷന്മാരുടെ ദൗത്യം. ദൈവിക തെരഞ്ഞെടുപ്പുകൾക്കു പിന്നിൽ കൃത്യമായ ഉദ്ദേശവും വ്യക്തമായ ദൗത്യവും ഉണ്ടായിരുന്നു. ദൈവിക തെരഞ്ഞെടുപ്പുകൾ ദൈവീക പദ്ധതികളുടെ പൂർത്തീകരണത്തിനുവേണ്ടി ആയിരുന്നു. അവ തെരഞ്ഞെടുക്കപ്പെട്ടവരിലൂടെ നിറവേറണം എന്ന് ദൈവം വചനത്തിലൂടെ കർശനമായി നിഷ്കർഷിച്ചിട്ടുണ്ട്.

ദൈവം ആണ് എന്നെ ഈ സ്ഥാനത്ത് കൊണ്ടുവന്നത് എന്ന് അധികാരത്തിൽ എത്തിയ സകല നേതാക്കന്മാരും ഒരുപോലെ വീമ്പിളക്കാറുണ്ട്. എന്നാൽ ചീട്ട് മാതൃക എങ്കിലും തെരഞ്ഞെടുപ്പിൽ പാലിക്കാത്ത നമുക്ക് അത് പറയാൻ എന്ത് അവകാശം ആണ് ഉള്ളത്. യൂദായ്ക്കു പകരം മത്ഥിയാസിനെ ചീട്ടിട്ട് തെരഞ്ഞെടുത്ത രീതി പുതിയനിയമ സഭയുടെ ഉദാത്തമായ തെരഞ്ഞെടുപ്പ് മാതൃക ആ േണ്.

ഇന്ന് സഭയിൽ എന്താണ് നടക്കുന്നത്? ചില വർഷങ്ങൾക്കു മുമ്പ് എന്റെ പിതാവ് പാസ്റ്റർ എൻ. എ.ജോർജ്ജ് കൗസിലിൽ മത്സരിച്ചു. വോട്ടു ചോദിക്കുന്നതിന് പലരേയും വിളിച്ചപ്പോൾ ലഭിച്ച മറുപടി ഞെട്ടിപ്പിക്കുന്നത് ആയിരുന്നു. 'വോട്ടു തരാം, നോട്ടുതരണം'. മറ്റൊരു കൂട്ടർ പറഞ്ഞത് 'പാനലിൽ ചേർക്കാം പണം മുടക്കണം'. 2012 ലെ കൺവൻഷൻ ഗ്രൗണ്ടിൽ വെച്ച് ഒരു ദൈവദാസൻ എന്റെ അടുത്തു വന്നു പറഞ്ഞു 'പാസ്റ്റർ പറഞ്ഞ ആളുകൾക്കെല്ലാം ഞാൻ വോട്ടു കൊടുത്തു; അതുകൊണ്ട് അവരോട് പറഞ്ഞ് ചില്ലറ വാങ്ങി തരണം'.

എന്താണ് ഇതിന്റെ ഒക്കെ അർത്ഥം? ആരാണ് ഇങ്ങനെ ചോദിക്കാൻ ഇവരെ സജ്ജരാക്കിയത്? പണം കൊടുത്തും, വാഗ്ദാനങ്ങൾ കൊടുത്തും ശീലിപ്പിച്ചവർ തന്നെ അല്ലേ? ലക്ഷങ്ങൾ മുടക്കി എഞ്ചിനീയറോ, ഡോക്ടറോ ആയാൽ ജോലി ചെയ്ത് അത് തിരിച്ചു പിടിക്കാം. പണം മുടക്കി സഭാഭരണ നേതൃത്വത്തിൽ കയറിപ്പറ്റിയാൽ അത് എങ്ങനെ തിരിച്ചു പിടിക്കും. അതോ അതിനും വല്ല വഴിയും ഉണ്ടോ?

കാലാകാലങ്ങളിൽ അധികാരത്തിൽ കയറിപ്പറ്റിയ പലരും തങ്ങളുടെ സ്വാധീനം ഉപയോഗിച്ച് സ്ഥാനങ്ങൾ ഉറപ്പിക്കുന്നു. വലിയ സഭകൾക്കുവേണ്ടി കടിപിടി കൂടി അത് സ്വന്തമാക്കുന്നു. ഡിപ്പാർട്ട്മെന്റുകൾ വീതം വെക്കുന്നു. വിദേശ സഭകൾ തങ്ങൾക്ക് തരപ്പെടുത്തുന്നു. ഭീഷണി ആകാൻ സാധ്യത ഉള്ളവരെ തെരഞ്ഞു പിടിച്ച് ദ്രോഹിക്കുന്നു. തങ്ങളുടെ ആജ്ഞാനുവർത്തികൾ അല്ലാത്തവരെ നിർദ്ദാക്ഷണ്യം ചവിട്ടി മെതിക്കുന്നു. തങ്ങളുടെ ഇഷ്ടക്കാരെ പ്രതിഷ്ഠിക്കാനുള്ള തത്രപ്പാടിനിടയിൽ പാവങ്ങൾ (മക്കളും, സഹോദരന്മാരും, അളിയന്മാരും, അങ്കിൾമാരും, അനിന്തരവന്മാരും ഒന്നും വിദേശത്തില്ലാത്തവർ) പുറത്താകുന്നു. അവർക്കുവേണ്ടി സംസാരിക്കാൻ ആളില്ല. സ്ഥലമാറ്റം കഴിയുമ്പോൾ അവകാശവാദം ഉന്നയിക്കാൻ ആളുണ്ടാകും. 'ഞാനാണ് പാസ്റ്റർക്ക് ആ സഭ കിട്ടാൻ കാരണം'; 'ഞാൻ പറഞ്ഞിട്ടാണ് ആ സഭ കിട്ടിയത്'; 'എല്ലാവരും എതിർത്തതാണ്'; 'അല്ലെങ്കിൽ ഞാൻ ആവുന്നത്ര ശ്രമിച്ചു അവരാരും സമ്മതിച്ചില്ല'. തുടങ്ങി..... രാഷ്ട്രീയക്കാരെ വെല്ലുന്ന അടവുകൾ, കള്ളത്തരങ്ങൾ ........! ഇത്തരക്കാരെയും ഇവരുടെ തന്ത്രങ്ങളെയും തിരിച്ചറിയേണ്ട കാലം അമാന്തിച്ചുകഴിഞ്ഞിരിക്കുന്നു.

ആരെ വ്യത്യസ്തൻ എന്ന് പറയാനാകും. നീതിമാൻ ആരും ഇല്ല; ഒരുത്തൻപോലും ഇല്ല.

ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടു എന്ന അവകാശവാദം മുഴക്കുന്ന ഇവരിലൂടെ ദൈവീക ഉദ്ദേശങ്ങൾ നിറവേറുന്നുണ്ടോ? ദൈവം തങ്ങളെ ഏൽപ്പിച്ച ദൗത്യം നിർവ്വഹിക്കപ്പെടുന്നുണ്ടോ? ദൈവവചനം നെഞ്ചോട് ചേർത്ത് പിടിച്ചുകൊണ്ട് ഞാൻ ഇവിടെ വരെ വിശ്വസ്തതയോടെ എത്തി എന്ന് എത്ര പേർക്ക് സ്വയം പറയാൻ കഴിയും? ദാവീദ് ഇപ്രകാരം പറയുന്നു. 'യഹോവേ രക്ഷിക്കേണമേ, ഭക്തന്മാർ ഇല്ലാതെ പോകുന്നു; വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു'.

## 01 പെന്തക്കോസ്തു യുവാവിനെ.....

9-ന് ഇന്ത്യാ റിവൈവൽ അസംബ്ലി ആനിക്കാട് സഭയിലെ ശുശ്രൂഷകൾക്കു ശേഷം പുതുപ്പള്ളി കാഞ്ഞിരത്തുംമൂട് സഭാ സെമിത്തേരിയിൽ നടന്നു. സഭാ നേതാക്കൻമാർ, പാസ്റ്റർമാർ, പുരോഹിതൻമാർ,വിവിധ രാഷ്ട്രീയ നേതാക്കൾ, മാധ്യമ പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവർ അനുശോചനം അറിയിച്ചു. യഥാർത്ഥ പ്രതികളെ നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നതിന് ആക്ഷൻ കൗൺസിൽ രൂപീകരിക്കുവാൻ നാട്ടുകാരും രാഷ്ട്രീയ- സാമുദായിക- സാംസ്ക്കാരിക മേഖലയിൽ പ്രവർത്തിക്കുന്നവരും ചേർന്നു തീരുമാനിച്ചിട്ടുണ്ട്. ' ഈ അവസ്ഥ നിയമവാഴ്ചകൾക്കുനേരെയുള്ള വെല്ലു വിളിയാണ്. പ്രതികൾ നിയമത്തിനു മുമ്പിൽ മാതൃകാപരമായി ശിക്ഷിക്കപ്പെടണ' മെന്ന് മാത്യു ടി. തോമസ് എം. എൽ. എ പറഞ്ഞു.

ബിജുവിന്റെ ഭാര്യ സാന്റി കുവൈറ്റിൽ നേഴ്സാണ്. മകൾ ബിജിന നാലാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. സഹോദരങ്ങൾ : പരേതനായ എം.ജെ. മത്തായി, മറിയാമ്മ, എം.ജെ. ബാബു, പാസ്റ്റർമാരായ എം.ജെ. സാബു, വർഗ്ഗീസ് പി. ജോസഫ് (എഡിറ്റർ, വോയ്സ് ഓഫ് റിവൈവൽ) ജോൺ ജോസഫ്, ബീന . ദുഃഖിതരായ കുടുംബാംഗങ്ങളെയോർത്ത് ദൈവ മക്കൾ പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുന്നു.

## 01 പാ.കെ. റ്റി. ചാക്കോ നിത്യതയിൽ....

കരിയംപ്ലാവ് സെൻട്രൽ സെമിത്തേരിയിൽ ജനറൽ പ്രസിഡന്റ് റവ. ഒ. എം. രാജുക്കുട്ടിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സുദീർഘമായ 54 വർഷങ്ങൾ സുവിശേഷ വേലയിൽ ആയിരുന്നു.

മല്ലപ്പള്ളി താലൂക്കിൽ തീയാടിക്കൽ കണ്ടത്തുങ്കൽ തോമസ്സിന്റെയും ഏലിയാമ്മയുടെയും മകനായി 1934 -ൽ ജനിച്ച പാസ്റ്റർ ചാക്കോ രക്ഷാനിർണ്ണയം പ്രാപിച്ചനന്തരം കർത്തൃശുശ്രൂഷക്കായി സമർപ്പിതനായി. ഡബ്ല്യു. എം. ഇ. കരിയംപ്ലാവ് ബൈബിൾ സ്കൂളിൽ വേദപഠനം പൂർത്തിയാക്കി 1959-ൽ പെരുനാട് സെന്ററിലെ മടന്തമൺ സഭയുടെ ശുശ്രൂഷകനായി കർത്തൃശുശ്രൂഷ ആരംഭിച്ചു. കർത്തൃസന്നിധിയിൽ ചേർക്കപ്പെടുന്ന നാൾവരെ വിശ്രമമില്ലാതെ കർത്താവിനായി അദ്ധ്വാനിച്ചു. കേരളത്തിന്റെ മിക്ക ജില്ലകളിലും സഭാശുശ്രൂഷകനായി പ്രവർത്തിച്ചു. സഭാശുശ്രൂഷകൻ, സെന്റർ പാസ്റ്റർ, ജനറൽ കൗൺസിൽ അംഗം, കൺവൻഷൻ പ്രസംഗകൻ, ബൈബിൾ കോളേജ് അദ്ധ്യാപകൻ, സഭാ ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. വിവിധ ബൈബിൾ കോളേജുകളിൽ അദ്ധ്യാപകനായിരുന്നു.

ഭാര്യ അന്നമ്മ കുന്നം കുളത്തുങ്കൽ കുടുംബാംഗമാണ്. മക്കൾ: കുഞ്ഞുമോൾ (ബറോഡ), കെ. സി. മാത്യു, മറിയാമ്മ, ജോസ്, വത്സൻ, സൂസൻ. മരുമക്കൾ: കുഞ്ഞുമോൻ, വത്സമ്മ, പാസ്റ്റർ പി. കെ. രാജു (ഡബ്ല്യു. എം. ഇ. അടിച്ചിപ്പുഴ), സാലു, ജോയിമോൻ, മോനി. സംസ്കാര ശുശ്രൂഷകൾക്ക് ഡബ്ല്യു. എം. ഇ. ജനറൽ കൗൺസിലും പ്രസ്ബിറ്ററിയും നേതൃത്വം നൽകി. സഭാനേതാക്കൾ, സാമൂഹ്യ രാഷ്ട്രീയ നേതാക്കൾ ഉൾപ്പടെ ജീവിതത്തിന്റെ നാനാ തുറയിലുള്ളവർ അനുശോചനമറിയിച്ചു.

## കല്ലുകടി

### ഇലക്ഷൻ പ്രായം


ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ കൗൺസിൽ ഇലക്ഷൻ നടക്കുവാൻ പോകുകയാണ്. ജനുവരിയിൽ നടക്കുവാൻ പോകുന്ന ഇലക്ഷൻ ചില അധികാര കേന്ദ്രങ്ങൾക്ക് അഭിമാന വിഷയമായി മാറിയിരിക്കുന്നു എന്നു സ്പഷ്ടം. അതിനാൽ തന്നെ തന്ത്രങ്ങൾ മെനയുന്ന തിരക്കിലാണ് ഭരണവിഭാഗവും എതിർഗ്രൂപ്പുകളും. ആദ്യപടിയായി തന്നെ എതിർക്കുന്നവരെ ഒതുക്കാൻ ഓർഡിനേഷൻ കിട്ടിയിട്ട് 15 വർഷമാകുന്നവർക്ക് മാത്രം മത്സരിക്കാൻ അവകാശമുള്ളെന്ന ഒരു നിയമം കൊണ്ടുവരാൻ ശ്രമം നടത്തി. ഒടുവിൽ അത് 5 വർഷം എന്നാക്കി. പക്ഷെ എതിർപ്പു വർദ്ധിച്ചതിനാൽ നേതാവിന് അതും പിൻവലിക്കേണ്ടി വന്നു. ഓർഡിനേഷനുള്ള ശുശ്രൂഷകന് ഏത് പദവി വഹിക്കാനും ശുശ്രൂഷ ചെയ്യാനും അവകാശം ഉണ്ടായിരിക്കെ ഇത്തരം തറക്കളികൾ തന്നെ എതിർക്കുന്നവരെ ഒതുക്കുക എന്ന ലക്ഷ്യത്തോടെയാണെന്ന് സ്പഷ്ടം. 50 കഴിഞ്ഞവർക്കേ വോട്ടു നൽകാവൂ എന്നൊക്കെ ഒരു പ്രചരണം പിന്നാമ്പുറത്ത് നടക്കുന്നതിനു പിമ്പിലും ഒരു നേതാവിന് പങ്കുണ്ടത്രെ. ഇപ്പോൾ അധികാരക്കസേരയിലിരിക്കുന്ന നേതാവ് ആദ്യമായി കൗൺസിലിൽ എത്തിയത് ഏതു പ്രായത്തിലായിരുന്നെന്ന് വെളിപ്പെടുത്തിയാൽ മാത്രം മതി ഇത് തരംതാണ കളിയാണെന്ന് മനസിലാക്കാൻ. ശുശ്രൂഷയിൽ വന്നിട്ട് മുലകുടി മാറാത്ത പരുവത്തിൽ കൗൺസിലിൽ എത്തിയ കക്ഷികളാണ് പിച്ചവെക്കുന്നവരെയും ഓടി നടക്കുന്നവരെയും കൗൺസിലിൽ കേറ്റാതിരിക്കാൻ പാടുപെടുന്നത്. കാലം നൽകുന്ന തിരിച്ചടി മനസിലാക്കുക.

**അടിക്കുറിപ്പ്:** ഒരു നേതാവ് ഗൾഫിലെ സമ്പന്ന രാജ്യത്ത് ഒരു മാസമായി അടയിരിക്കുന്നതെന്തിന്?

**ഉത്തരം:** അവിടെയുള്ള രണ്ടു സഭയിൽ താനിട്ട ബെൻസ് മുട്ടയും പ്രെയ്സ് മുട്ടയും വിരിയിച്ചെടുത്ത് അടുത്ത മൂന്നു വർഷത്തേക്ക് അവിടെ പ്രതിഷ്ഠിക്കാൻ

## ഇറ്റാലിയൻ ഭാഷാ പഠനം



ജേക്കബ് വർഗ്ഗീസ്
തൊടുപുഴ, Mob : 9495380729

28

### LESSON 28

### il cibo - ഭക്ഷണസാധനങ്ങൾ

| | | | |
|---|---|---|---|
| Colazione | പ്രഭാതഭക്ഷണം | Uova | മുട്ട |
| Pranzo | ഉച്ചഭക്ഷണം | Verdepepparoni | പച്ചമുളക് |
| Antipasto | ലഘുഭക്ഷണം | Spinaci | ചീര |
| Cena | അത്താഴം | Funghi | കൂൺ |
| Te` | ചായ | Facrisi | ഇഞ്ചി |
| Caffelatte Cappucino | കോഫി | Carne | ഇറച്ചി |
| Pollo | കോഴി | Pesce | മീൻ |
| Vino | വീഞ്ഞ് | Zuccero | പഞ്ചസാര |
| Birra | ബിയർ | Mele | ആപ്പിൾ |
| Pasta | പാസ്ത | Cin cin | ചിയേഴ്സ് |
| Verdurra | പച്ചിലകൾ | Acqua | വെള്ളം |
| Latte | പാൽ | Biscotti | ബിസ്ക്കറ്റ് |
| Sale | ഉപ്പ് | Olivo olio | ഒലീവ് എണ്ണ |
| Uva | മുന്തിരി | Pranzo e`pronto | ഉച്ചഭക്ഷണം റെഡി |

# അനുഭവത്തിന്റെ കരുത്തോടെ മരുഭൂമിയിൽ ഒരു സുവിശേഷകൻ



**ഐ. പി. സി. അരുണാചൽ പ്രദേശ് വൈസ് പ്രസിഡന്റും തുലാപ്പള്ളി ഏരിയയുടെ അസോസിയേറ്റ് ഏരിയ പാസ്റ്ററുമായ പാസ്റ്റർ എ. സി. ജോർജ്ജിന്റെ ജീവിതാനുഭവങ്ങളുടെ നേർക്കാഴ്ച**



**നടന്ന പാതകളെ തിരിഞ്ഞു നോക്കിയും ഇനിയും പിന്നിടാനുള്ള പാതകളെ എത്തിനോക്കിയും പാസ്റ്റർ ജോർജ്ജുകുട്ടിക്ക് പറയാനുള്ളതിതാണ്. ‘‘എന്റെ ജീവിതം ഭാര്യ. മക്കൾ സമ്പത്ത് ഇതെല്ലാം എന്റെ ദൈവത്തിന്റെ ദാനമാണ്. അവൻ തന്നതു മാത്രമേ എന്റെ ജീവിതത്തിൽ ദൈവം ചെയ്തതെല്ലാം അത്ഭുതമാണ്. ഞങ്ങളെ വിടുവിച്ച ദൈവത്തിനായി ഓടി അവസാനിപ്പിക്കുവാനുള്ളതാണ് എന്റെ ജീവിതം. അതിനാൽ തന്നെ എനിക്കുള്ളതെല്ലാം അവനായി സമർപ്പിച്ചിരിക്കുന്നു. എന്റെ കുഞ്ഞുങ്ങൾ കർത്താവിന്റെ വേലക്കായി സമർപ്പിച്ചതും അവരാൽ ആവോളം പ്രവർത്തിക്കുന്നതുമാണെന്റെ സന്തോഷം. ദൈവീക ഉപദേശത്തിന്റെ മായം ചേർക്കാതെ വിശുദ്ധിയോടെ അന്ത്യത്തോളം ജീവിക്കണം. കർത്തൃസന്നിധിയിൽ ധൈര്യത്തോടെ നിൽക്കണം’’ അതാണെന്റെ ആഗ്രഹം.**

തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം മർത്തോമ്മ ഇടവകാംഗങ്ങളായ കഴക്കൂട്ടം കുളത്തൂർ ക്രൈസ്റ്റ് ഭവനിൽ ഏബ്രഹാം/പൊന്നമ്മ ദമ്പതികളുടെ മകനായി ജോർജ്ജുകുട്ടി ജനിച്ചു. 6 മക്കളിൽ മൂന്നാമൻ. പത്താം ക്ലാസ്സ് പഠനശേഷം ഐ. റ്റി. ഐ.യിൽ നിന്നും സിവിൽ എഞ്ചിനിയറിംഗ് ഡിപ്ലോമാ പാസായി. തുടർന്ന് കെട്ടിടം പണികളുടെ കോൺട്രാക്ടുകൾ എടുത്ത് കൺസ്ട്രഷൻ രംഗത്ത് യൗവ്വനത്തിൽ തന്നെ എത്തി. നാട്ടിൽ ജോലി ചെയ്യുമ്പോഴും ഗൾഫ് എന്ന് സ്വപ്നം കണ്ട ജോർജ്ജുകുട്ടി അതിനായി ശ്രമിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഗൾഫെന്ന പറുദീസ സ്വപ്നം കണ്ട് 1979 മാർച്ചിൽ മുംബൈയിലേക്കു ട്രയിൻ കയറി. എന്നാൽ തന്നെ കാത്തിരുന്നത് മഞ്ഞപ്പിത്തം എന്ന മാരക രോഗമായിരുന്നു. രോഗം നിമിത്തം ക്ഷീണിതനായി മാറിയ ജോർജ്ജുകുട്ടി 2 മാസങ്ങൾക്കു ശേഷം 1979 മെയ് മാസത്തിൽ ഗൾഫിലേക്ക് പറന്നു.

ഗൾഫിന് ഇന്നു കാണുന്ന പ്രൗഢിയും പുരോഗതിയും ഇല്ലാതിരുന്ന കാലം. നല്ല റോഡുകളും ഇലക്ട്രിസിറ്റിയും എയർ കണ്ടീഷണറും വൻകെട്ടിടങ്ങളും അപൂർവ്വമായിരുന്ന കാലം. അൽ-ഐനിലെ ചുട്ടുപൊള്ളുന്ന ചൂടിൽ മരുഭൂമിയിൽ സാധാരണ തൊഴിലാളിയായി ജോർജുകുട്ടിയുടെ ഗൾഫ് ജീവിതത്തിനാരംഭമായി. നാട്ടിൽ മറ്റുള്ളവരെക്കൊണ്ട് ജോലി ചെയ്യിച്ചുവന്ന ജോർജ്ജുകുട്ടി ഇവിടെ മരുഭൂമിയിൽ തൊഴിലാളിയായി. ജ്വലിച്ചുയർന്ന് തലക്കു മുകളിൽ നിൽക്കുന്ന സൂര്യനും ചുട്ടുപൊള്ളുന്ന മണലാരണ്യവും ജോർജ്ജുകുട്ടിയുടെ ദൃഢനിശ്ചയത്തിൽ നിന്ന് തന്നെ പിന്മാറ്റിയില്ല. നാട്ടിലനുഭവിച്ചിരുന്ന സുഖങ്ങൾ നൊമ്പരമുണർത്തുന്ന ഓർമ്മകളായി. എങ്കിലും ദൃഢനിശ്ചയത്തോടെ പൊരുതാനുറച്ച ജോർജ്ജുകുട്ടി പണിയെടുത്തുകൊണ്ടിരിക്കെ മൂക്കിൽ നിന്ന് ചോരകട്ടകട്ടയായി പുറത്തുവന്നു. രോഗിയായ ജോർജ്ജുടുട്ടിയെ സഹായിപ്പാനോ ആശുപത്രിയിൽ കൊണ്ടുപോകുവാനോ ആരുമില്ല. ഒടുവിൽ 6 മൈൽ ദൂരത്തിലുള്ള ആശുപത്രിയിലേക്ക് മരുഭൂമിയിലൂടെ വേച്ചു വേച്ചു നടന്നു. മരണത്തിന്റെ കരാളഹസ്തങ്ങളിൽ നിന്നും രക്ഷപ്പെട്ടത് ഇന്നും അത്ഭുതം. ടാക്സി പിടിക്കാൻ കാശില്ലാതെ ചുട്ടുപൊള്ളുന്ന വെയിലിൽ മരുഭൂമിയിലൂടെ ക്യാമ്പിലേക്കു നടക്കുമ്പോൾ പണ്ട് പാടിയ ഒരു ക്രിസ്തീയ ഗാനം നാവിൻതുമ്പിലെത്തി. ദിവ്യമായ ഒരു സമാധാനത്തോടെ ക്യാമ്പിലെത്തി. ക്യാമ്പിലെ ജീവിത സാഹചര്യങ്ങളോട് മല്ലടിച്ച് മുന്നോട്ട് പോകാൻ കഴിയാതെ ചില മാസങ്ങൾക്കു ശേഷം ക്യാമ്പ് വിട്ട് അബുദബിയിലേക്കുപോയി. അങ്ങനെ മരുഭൂമിയിലെ കഠിനമായ കഷ്ടതയുടെ ഒരദ്ധ്യായം പൂർണമായി. തുടർന്ന് മരുഭൂമിയിലെ ജീവിതത്തിന്റെ രണ്ടാമദ്ധ്യായമെന്നവണ്ണം അബുദബിയിലെ കൺസ്ട്രഷൻ കമ്പനി ജീവിതം ആരംഭിച്ചു. ഒന്നരവർഷം നീണ്ട ആ ജീവിതത്തിലും ഓർത്തെടുക്കുവാൻ മധുരമുള്ള ഓർമ്മകൾ ഒന്നുമില്ല. മൂന്നു വർഷങ്ങൾക്കുശേഷം 1982-ൽ ജോർജ്ജുകുട്ടി തനിക്കായി ദൈവം ഒരുക്കിയ ഇടത്തെത്തി. അജ്മാൻ എന്ന എമിറേറ്റ്സ് ആധുനിക സൗകര്യങ്ങളില്ലാത്ത ഇടമായിരുന്നു അന്ന്. ഇന്നും ദുബയ്, അബുദാബി, ഷാർജ്ജ എന്നീ എമിറേറ്റ്സുകളേക്കാൾ പുരോഗതിയിൽ പിന്നിലാണ് അജ്മാൻ. ഒരു കൺസ്ട്രഷൻ കമ്പനിയിൽ ഫോർമാനായി എങ്കിലും സാമ്പത്തികമായി ഒട്ടും മെച്ചമല്ലാത്ത സ്ഥിതി. ആകെ ആശ്വാസം ജോലിയിലുണ്ടായ മാറ്റം. കഷ്ടതയ്ക്ക് അല്പം ശമനം ലഭിച്ച നാളുകൾ. നാലുവർഷം ആ കമ്പനിയിൽ തുടർന്നപ്പോൾ അജ്മാനിലെ ജീവിതത്തിന്റെ ആദ്യ ഏടുകൾക്കു തുടക്കമായി. ഈ കാലഘട്ടത്തിലാണ് അറബിയുമായി ചേർന്ന് ഒരു കൺസ്ട്രക്ഷൻ കമ്പനിക്ക് ആരംഭം കുറിക്കുന്നത്. ജീവിതം തളിർക്കുന്നു എന്ന് തോന്നിയ കാലം. ഈ കാലത്താണ് വീട്ടുകാർ വിവാഹലോചന ആരംഭിക്കുന്നത്. 1985 ഒക്ടോബർ 28ന് ജസി ജോർജ്ജുകുട്ടിയുടെ ജീവിതത്തിലേക്കു കടന്നുവന്നു. കറ്റാനം വർഗ്ഗീസ്/രാജം ദമ്പതികളുടെ മകളാണ് ജെസി.

നവദമ്പതികൾ പുതുസ്വപ്നങ്ങളുമായി പുതിയ ജീവിതം കെട്ടിപ്പടുക്കുവാൻ ഗൾഫിലേക്ക് വിമാനം കയറി. പുതിയ കമ്പനിയും മെച്ചമായ വരുമാനവും പ്രതീക്ഷിച്ചെത്തിയവരെ കാത്തിരുന്നത് അറബിയുടെ വഞ്ചനയായിരുന്നു. മുൻധാരണ പ്രകാരമുള്ള ശമ്പളവും ലാഭവിഹിതവും നൽകാതെ അറബി വഞ്ചിച്ചപ്പോൾ നവദമ്പതികളുടെ സ്വപ്നവും തകർന്നു. അറബിയുടെ വിശ്വാസ വഞ്ചന ജോർജ്ജുകുട്ടിയുടെ ജീവിതം താറുമാറാക്കി. ദൈനംദിന ചിലവുകൾക്കു പോലും പണമില്ലാതിരുന്ന കാലം. നിരാശയായ ജസി ശൂന്യമായ ജീവിതത്തിനു മുമ്പിൽ തളർന്ന് ആത്മഹത്യ ചെയ്യുവാൻ ആഗ്രഹിച്ച ദിനങ്ങൾ. എന്നാൽ സർവ്വശക്തൻ തന്റെ മാർഗ്ഗത്തിലേക്ക് ഈ ദമ്പതികളെ ആകർഷിക്കുകയായിരുന്നു. ഷാർജ്ജയിലെ ഓർത്തഡോക്സ് പള്ളിയിൽ ആരാധനയ്ക്കായി പോകുമെങ്കിലും ആശ്വാസം കണ്ടെത്താനാകാതെ ദമ്പതികളുടെ ഉള്ളു പിടഞ്ഞു. സാമ്പത്തികമായി ആകെത്തകർന്ന ഇവർക്ക് നല്ല ആഹാരം വെറും സ്വപ്നമായി മാറിയ ദിനങ്ങൾ. പ്രാർത്ഥനയ്ക്കായി പെന്തക്കോസ്ത് സുഹൃത്തുക്കൾ വിളിക്കുന്നത് പതിവായിരുന്നെങ്കിലും പെന്തക്കോസ്തിനെ പുച്ഛഭാവത്തിൽ വീക്ഷിച്ചിരുന്ന ജോർജ്ജുകുട്ടിയും ജെസിയും അതെല്ലാം നിരസിച്ചു വന്നു. ഉം അൽ ക്വയിനിലുള്ള ബന്ധുക്കളുടെ നിർബന്ധത്തിനു വഴങ്ങി അല്പം ആശ്വാസം കിട്ടുന്നെങ്കിൽ ആകട്ടെ എന്ന ചിന്തയോടെ പ്രാർത്ഥനയ്ക്കായി അവിടേക്കുപോയി. ഒരിക്കലും പെന്തക്കോസ്തുകാരാകില്ല എന്ന തീരുമാനത്തോടെ ഒരു യാത്ര. ജോർജ്ജുകുട്ടിയുടെ ആത്മീയ ജീവിതത്തിന്റെ ആരംഭം കുറിക്കുന്ന അദ്ധ്യായമായി അതുമാറി. അതിഥി പ്രസംഗകനായി എത്തിയ പാസ്റ്റർ സി. എം. ജോയി ഭാര്യ ഭർത്താക്കന്മാരെന്നറിയാതിരിക്കെ ഒരേ ആലോചന രണ്ടുപേരോടും അറിയിച്ചു. മക്കളില്ലാതെ ഭാരപ്പെട്ടിരുന്നതും ദയനീയ സ്ഥിതിയും ഈ ദേശത്തു ദൈവത്തിന്റെ സാക്ഷികളാകാണ്ടതുമെല്ലാം ആലോചന നൽകി. അവർ ദൈവത്തിൽ വിശ്വസിച്ചു. ഒരിക്കയും പെന്തക്കോസ്തുകാർ ആകില്ലെന്ന തീരുമാനത്തോടെ കൂട്ടായ്മക്കു പോയവർ ഭവനത്തിൽ തിരിച്ചെത്തി ഒന്നിച്ചൊരു തീരുമാനമെടുത്തു. “ഇനി മുതൽ ദൈവമക്കളായി ജീവിക്കാം” ദൈവവചനം അനുസരിക്കാൻ തയ്യാറായ അവർ ആഭരണം വർജ്ജിച്ച് ശുഭ്രവസ്ത്രധാരികളായി 1988 ഓഗസ്റ്റ് 5-ാം തീയതി പാസ്റ്റർ വീയപുരം ജോർജ്ജുകുട്ടിയുടെ കൈക്കീഴിൽ സ്നാനമേറ്റു.

വിശ്വാസജീവിതത്തിൽ പദമൂന്നിയ ദമ്പതികൾക്ക് ദൈവവാഗ്ദാനം ഒന്നൊന്നായി ജീവിതത്തിൽ നിറവേറുവാൻ തുടങ്ങി. ജെസിയുടെ ഉദരത്തിൽ സന്തതി ഉരുവായി. എന്നാൽ തലവലിയതും ഉടൽ ചെറുതുമായ കുഞ്ഞാണെന്ന റിപ്പോർട്ട് നിരാശരാക്കി. പെന്തക്കോസ്തിൽ പോയതിന്റെ ഫലമെന്ന് ആളുകൾ പറയുവാൻ ആരംഭിച്ചെങ്കിലും വ്രണിത ഹൃദയത്തോടെ സങ്കടങ്ങൾ ദൈവത്തോടു പറഞ്ഞു. ദൈവം പ്രാർത്ഥന കേട്ടു. ശാപമെന്നു പറഞ്ഞവരും മെഡിക്കൽ സയൻസും അത്ഭുതം കൂറുമാറ് ഊനമില്ലാത്ത ആൺകുഞ്ഞിന് ജെസി ജന്മം നൽകി. മിഷണറിയാകാൻ സമർപ്പിക്കപ്പെട്ട മകന് സാം എന്ന് പേരിട്ടു. മരണത്തിന്റെ വക്കോളം എത്തിയ അനവധി സന്ദർഭങ്ങൾ കുഞ്ഞു സാമിനുണ്ടായെങ്കിലും ദൈവത്തിന്റെ കരുതൽ ഓരോ വേളയിലും വിടുതലായി മാറി.

യുവജനങ്ങൾക്കിടയിൽ ക്രിസ്തുവിനായി ശോഭിക്കുന്ന സാം ബിസിനസ് മാനേജ്മെന്റ് കോഴ്സും പൈലറ്റിംഗ് കോഴ്സും ചെയ്തു. ഒപ്പം മെക്കട്രോണിക്സ് പഠനവും ഓസ്ട്രേലിയയിൽ നടത്തുന്നു. വാദ്യ ഉപകരണങ്ങൾ വായിക്കുന്നതിൽ മിടുക്കനായ സാം ആരാധനയിൽ സംഗീത ശുശ്രൂഷക്ക് നേതൃത്വം കൊടുക്കുന്നു.

ദൈവം നൽകിയ വിടുതലും ഫുജൈറയിലെ പാസ്റ്റർ ജെയിംസ് കെ. ഈപ്പന്റെ പ്രോത്സാഹനവും ജോർജ്ജുകുട്ടിയെ നല്ലൊരു സുവിശേഷകനാക്കി. ഇവർ ഒരുമിച്ച് തുലാപ്പള്ളിയിലും ഇടുക്കിയിലും ആലപ്പുഴയിലും തിരുവനന്തപുരത്തും മലബാറിലും സത്യസുവിശേഷവുമായി തുടർച്ചയായി എത്തി. പാസ്റ്റർ രാജൻ ചാക്കോയുമായുള്ള പരിചയം അരുണാചലിലും അസമിലും എത്തിച്ചു. ഗ്രാമങ്ങളിൽ തുടർമാനമായ സുവിശേഷയാത്ര നടത്തുന്നു പാസ്റ്റർ ജോർജ്ജുകുട്ടി. സുവിശേഷയാത്രകളും സുവിശേഷ പ്രസംഗങ്ങളും പാസ്റ്റർ ജോർജ്ജുകുട്ടിയെ എന്നും ആവേശഭരിതനാക്കുന്നു.

ദൈവം നൽകിയ വിടുതലിന്റെ സാക്ഷ്യവുമായി ദേശങ്ങളിലേക്കിറങ്ങിയപ്പോൾ ആത്മീയ വിഷയത്തിൽ മാത്രമല്ല ഔദ്യോഗിക രംഗത്തും ദൈവത്തിന്റെ കരുതലും നന്മയും അനുഭവിച്ചു തുടങ്ങി. ആരംഭിച്ച കൺസ്ട്രക്ഷൻ കമ്പിനി പതിയെ പച്ച പിടിച്ചു. ഞെരുക്കത്തിൽ നിന്ന് വിശാലതയിലേക്കും പട്ടിണിയിൽ നിന്ന് സമൃദ്ധിയിലേക്കും ദൈവം നടത്തി. ഒപ്പം ദൈവം വാഗ്ദാനം ചെയ്തതുപോലെ രണ്ടു പെൺകുഞ്ഞുങ്ങളെ കൂടി പ്രീയപ്പെട്ടവരുടെ ദാമ്പത്യജീവിതത്തിൽ നൽകി. അങ്ങനെ അക്സയും ഹെബ്സിബയും കുടുംബത്തിന്റെ അനുഗ്രഹമായി. ദൈവം നന്മകൾ നൽകുന്നതിനനുസൃതമായി ദൈവത്തിനായി കൂടുതൽ ഓടുക എന്നത് ജോർജ്ജുകുട്ടി പാസ്റ്ററുടെ ജീവിതത്തിന്റെ ഭാഗമായി. കുടുംബമായി നടത്തുന്ന സുവിശേഷയാത്രകൾ എന്നും ആവേശം പകരുന്നു. തന്റെ പ്രവർത്തനമണ്ഡലമായ അജ്മാനിൽ ജോലിത്തിരക്കിന്റെ നടുവിലും പാസ്റ്റർ ജോർജ്ജുകുട്ടി എന്ന സുവിശേഷകൻ ആത്മാക്കളെ നേടുന്നതിൽ ബദ്ധശ്രദ്ധനായപ്പോൾ അനേകർ വിടുവിക്കപ്പെട്ടു. വ്യക്തിപരമായി ആളുകളെ കർത്താവിങ്കലേക്കു നടത്തുവാൻ പാസ്റ്റർ ജോർജ്ജുകുട്ടിക്കും സഹധർമ്മിണി ജെസിക്കും കർത്താവിടയാക്കി. എല്ലാ തിങ്കളാഴ്ചയും ഭവനത്തിൽ നടക്കുന്ന പ്രാർത്ഥനാ കൂട്ടായ്മയിലൂടെ അനേകരെ ക്രിസ്തുവിലേക്കു നയിക്കുവാനും ക്രിസ്തുവിലുറപ്പിക്കുവാനും കഴിഞ്ഞു.

പാസ്റ്റർ ജോർജ്ജുകുട്ടി എന്ന ക്രിസ്തു ഭടൻ കർത്താവിനായി ഇന്ന് ശക്തമായി പോർക്കളത്തിൽ യുദ്ധസേവചെയ്യുകയാണ്. മരുഭൂമിയിൽ ദൈവം തന്ന വഴികൾ മറക്കാതെ എളിയവരോടു കരുണ കാട്ടുന്ന അജ്മാൻ ജോർജ്ജുകുട്ടി എന്ന പാസ്റ്റർ എ. സി. ജോർജ്ജ് മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാകുന്നു. വലിപ്പചെറുപ്പമില്ലാതെ അതിഥി സൽക്കാരം നടത്തു

09

## ഡോ.കോര സംസാരിക്കുന്നു



1. കഴിഞ്ഞ ദിവസം ഞങ്ങളുടെ സഭയിൽ സന്ദർശകനായെത്തിയ ഒരു പാസ്റ്റർ പയർ പയർ എന്ന് അലറിക്കൊണ്ട് ഓടി നടക്കുന്നതുകണ്ടു. ആരാധനയും പയറും തമ്മിൽ ബന്ധം ഉണ്ടോ? **–സാമുവേൽ, മുസഫ യു. എ. ഇ**

*സാമുവേൽ സഹോദരാ, ഉപദേശി പറഞ്ഞത് പയറിന്റെ കാര്യമല്ല. ഫയർ ഫയർ എന്നാണ്. മനസിലായില്ലേ. തീ ഇറക്കാനുള്ള ശ്രമമാണ്. ഏത് അഗ്നിയാണെന്ന് തിരിച്ചറിഞ്ഞാൽ മതി.*

2. ഐ. പി. സി. ജനറൽ കൺവൻഷനിൽ ഇനി മുതൽ കേരളാ സ്റ്റേറ്റ് പി. വൈ. പി. എ., സൺഡേ സ്കൂൾ വാർഷികത്തിനു സമയം നൽകാനാവില്ലെന്ന് ജനറൽ കൗൺസിൽ അറിയിച്ചത് കോര അറിഞ്ഞോ? **– സുബിൻ കുമ്പനാട്**

*ബഹുരാഷ്ട്ര കുത്തകകൾ ചെയ്യുന്നതും ഇതുതന്നെയാണ് സുബിനേ*


3. കവിഞ്ഞൊഴുകുന്ന അനുഗ്രഹം എന്നാൽ എന്താ കോരേ **– തോമസുകുട്ടി, വാകത്താനം**

*നേതാവിന് പ്രധാനമായും ചില അനുയായികൾക്ക് ചില്ലറയായും കിട്ടുന്നതും മറ്റുള്ളവർക്ക് ഒട്ടുമേ ലഭിക്കാത്തതുമായ ഒരുതരം അനുഗ്രഹമായിരിക്കും തോമസുകുട്ടീ ഇത്. നേതാവിനു കോടികളുടെ ബംഗ്ലാവും വിദേശത്തും ബിസിനസ് സാമ്രാജ്യവും അനുയായികൾക്കു കുടിലുമെന്നർത്ഥം*

4. കുമ്പനാട് ഐ. പി. സി. ജനറൽ കൗൺസിലിന്റെ ഒരു ഓഫീസിൽ നിന്നും സന്ദർശകർക്കുള്ള കസേര നീക്കം ചെയ്തതെന്തിനാണ് കോരേ – **എബി, കുമ്പനാട്**

*ചേരയുടെ വായിലിരിക്കുമ്പോഴും തവളക്ക് പാവം ശലഭത്തെ ഒതുക്കാൻ ആണല്ലോ താൽപര്യം.*

# ഐ.പി.സി കുവൈറ്റ് റീജിയന് പുതിയ നേതൃത്വം



പാ. സണ്ണി അലക്സാണ്ടർ



പാ. ഐസക് വർഗീസ്



റജി ടി. സഖറിയ

**അബ്ബാസിയ:** ഐ. പി. സി. കുവൈറ്റ് റീജിയൻ ഭാരവാഹികളായി പാസ്റ്റർ സണ്ണി അലക്സാണ്ടർ (പ്രസിഡന്റ്), പാസ്റ്റർ പി.യു. ബെന്നി (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഐസക് വർഗീസ് (സെക്രട്ടറി), പാസ്റ്റർ ജയരാജ് എം, ബ്രദർ ജോസ് കെ. വർഗീസ് (ജോ. സെക്രട്ടറിമാർ), റജി ടി. സഖറിയ (ട്രഷറാർ), ജേക്കബ് മാമ്മൻ (ഓഡിറ്റർ) എന്നിവരെ തെരഞ്ഞെടുത്തു.

സണ്ടേസ്കൂൾ–പിവൈപിഎ ജോയിന്റ് കൗൺസിൽ രക്ഷാധികാരിയായും, റീജിയന്റെ വാർത്താ പത്രികയായ ഡസർട്ട് ഹെറാൾഡിന്റെ ചീഫ് എഡിറ്ററായും പാസ്റ്റർ റജി മൂലേടം പ്രവർത്തിക്കും. ജനറൽ കൗൺസിൽ അംഗങ്ങളായി പാസ്റ്റർ ഏബ്രഹാം ജോർജ്, ജേക്കബ് തോമസ് എന്നിവരെയും തെരഞ്ഞടുത്തു.

2004–ൽ രൂപീകൃതമായ കുവൈറ്റ് റീജിയനിൽ ഒരു തെലുങ്ക് സഭ അടക്കം ഏഴ് സഭകളും നൂറ് കണക്കിന് വിശ്വാസികളും ഉണ്ട്. റീജിയനിലെ സഭകളുടെ ഈ വർഷത്തെ സംയുക്ത ആരാധന ഡിസംബർ 20ന് നടക്കും.


കുവൈറ്റ് മംഗഫിൽ ആത്മീയ ആരാധനയ്ക്ക്

CHRISTIAN FELLOWSHIP OF KUWAIT

കൂടുതൽ വിവരങ്ങൾക്ക്

പാസ്റ്റർ ബിജു ജോയി, തുവയൂർ, 0096599291495

ബ്രദർ ചാണ്ടപ്പിള്ള വർഗ്ഗീസ് (സെക്രട്ടറി), 0096599712232

എബ്രഹാം പി. വി. (ട്രഷറർ), 0096566279126

P.O.Box: 47339, Fahaheel 64024 Kuwait Tel:+96599291495

www.christianfellowshipchurchkuwait.com/ Email: bijuthrseek@gmail.com


# ഐ. പി. സി. ഹൂസ്റ്റൺ ആലയം സമർപ്പിച്ചു

**ജോയ് തുമ്പമൺ**



**ഹൂസ്റ്റൺ:** ഐ. പി. സി. ഹൂസ്റ്റണിൽ പുതിയതായി പണി കഴിപ്പിച്ച ആരാധനാലയത്തിന്റെ സമർപ്പണ ശുശ്രൂഷ നവംബർ 23–ാം തീയതി ശനിയാഴ്ച രാവിലെ 9.30നു പൊതുസമ്മേളനത്തിൽ വച്ചു നടന്നു.

ഐ. പി. സി. മിഡ് വെസ്റ്റ് റീജിയൻ പ്രസിഡന്റ് പാസ്റ്റർ തോമസ് കോശി ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഈ സഭയുടെ മുൻ ശുശ്രൂഷകന്മാരായ ഈപ്പൻ വർക്കി, പാസ്റ്റർന്മാരായ റ്റി. സി. ചാക്കോ, പി. എസ്സ്. തോമസ്, ജേക്കബ് കോശി, കെ. സി. ചാക്കോ, വി. എ. വറുഗീസ് എന്നിവർ ആശംസകൾ അറിയിച്ചു.

സഭാ സാമൂഹ്യതലങ്ങളിലെ നേതാക്കന്മാർ പങ്കെടുത്തു. വിവിധ സ്ഥലങ്ങളിൽ നിന്നുള്ള സുവിശേഷ ശുശ്രൂഷകന്മാരും പ്രതിപുരുഷന്മാരും സംബന്ധിച്ചു.

42,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ കെട്ടിട സമുച്ചയത്തിന്റെ സവിശേഷതകൾ ഏറെയാണ്. ഏതാണ്ട് ഒൻപത് ഏക്കറിൽ സ്ഥിതി ചെയ്യുന്ന ഈ ആരാധനാലയവും, അനുബന്ധ ബിൽഡിംഗുകളും ഹൂസ്റ്റൺ ഡൗൺ നിന്ന് പത്തുമൈൽ തെക്കായി 288, സാം ഹൂസ്റ്റൺ പാർക്ക് വെ തുടങ്ങിയ ഹൈവേകളുടെ സമീപമാണ് സ്ഥിതിചെയ്യുന്നത്. 'ചർച്ചിന്റെ വിലാസം 4660 സൗത്തു സാം ഹൂസ്റ്റൺ പാർക്കവേ, ഹൂസ്റ്റൺ ടെക്സസ് 77048. ഈ സഭയുടെ സീനിയർ ശുശ്രൂഷകനായി പാസ്റ്റർ ഷാജി ഡാനിയേലും, യൂത്തു പാസ്റ്ററുന്മാരായി, ജയിസൺ ജെയിംസും, രൂഹസ് മാത്യുവും പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക www.ipchouston.com. ph. (713) 586 9580




# ലിങ്കന്റെ ജനാധിപത്യ പ്രസംഗത്തിന് 150 വയസ്സ്

ചരിത്ര പ്രസിദ്ധമായ ഗറ്റിസ് ബർഗ്ഗ് പ്രസംഗത്തിന് 150 വയസ്. 1863 നവം. 19ന പെൻസിൽ വേനിയയിലെ ഗറ്റിസ്ബർഗിലായിരുന്നു ഏബ്രഹാം ലിങ്കന്റെ ഈ പ്രസംഗം. ജനാധിപത്യത്തിന്റെ എക്കാലത്തെയും മികച്ച നിർവ്വചനം ആണ് ഈ പ്രസംഗത്തിൽ ലിങ്കൺ നൽകിയത്. 2 മിനിട്ടു കൊണ്ട് 272 വാക്കുകളിലായി നടത്തിയ ഈ പ്രസംഗം ചരിത്രത്തിലെ ഏറ്റവും പ്രധാന പ്രസംഗങ്ങളിലൊന്നായി.

ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി ജനങ്ങളുടെ ഭരണകൂടം എന്ന പ്രസിദ്ധമായ ജനാധിപത്യ നിർവ്വചനം പിറന്നത് ഈ പ്രസംഗത്തിലാണ്.

ലോകപ്രശസ്തനായ ഇൻഡ്യൻ ക്രിക്കറ്റ് താരം സച്ചിൻ തെൻഡുൽക്കർ ക്രിക്കറ്റിൽ നിന്ന് വിരമിച്ചത് വലിയ വാർത്തയായിരുന്നല്ലോ. വിരമിക്കുന്ന സമയത്തും മികച്ച ഫോമിലായിരുന്നു താൻ എന്ന് തന്റെ അവസാനമത്സരം തെളിയിച്ചു. തികഞ്ഞ മാന്യനായ കളിക്കാരനായിരുന്നു ഇദ്ദേഹം. അതിനാൽ തന്നെ എല്ലാവരുടെയും സ്നേഹാദരവുകൾ തന്നെത്തേടിയെത്തി. വീണ്ടും ഒരങ്കത്തിന് കഴിവുണ്ടായിട്ടും വിരമിക്കുവാൻ തീരുമാനിച്ച സച്ചിന്റെ മാതൃക അനുകരണീയം തന്നെ. കഴിവുള്ള യുവാക്കൾക്ക് അവസരം നൽകുവാൻ സ്വയം വിരമിച്ച സച്ചിന്റെ മാതൃക നമ്മളും പഠിക്കേണ്ടതല്ലേ.

പെന്തക്കോസ്തിലെ നേതാക്കന്മാർക്ക് ഇത് ഒരു പാഠമായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനേ. മറ്റുള്ളവർക്ക് അവസരം നൽകുവാൻ എത്ര നേതാക്കന്മാർക്കാണ് മനസ്സുള്ളത്. സ്വരം നന്നായിരിക്കുമ്പോഴേ പാട്ടു നിർത്തുകയാണ് മാന്യത. കഴിവുള്ളവരും പ്രാപ്തരും നിയോഗമുള്ളവരുമായ ശുശ്രൂഷകരെ നേതൃസ്ഥാനത്തേക്ക് കൊണ്ടുവരുന്നവർ നമ്മുടെ നേതൃനിരയിൽ എത്രപേരുണ്ട്. അധികാരത്തിലിരിക്കുമ്പോൾ സ്വമനസ്സാലെ ഇനിയും അധികാരത്തിലേക്ക് ഞാനില്ല എന്നുപറഞ്ഞ് യുവജനങ്ങൾക്ക് വഴിമാറിക്കൊടുക്കുന്നവർ നമ്മുടെ ഇടയിൽ ഉണ്ടോ? ഈ ലോകത്തിൽ അധികാരം ഉറപ്പിക്കുവാൻ ശ്രമിക്കുന്നവർ മറക്കുന്ന ഒന്നുണ്ട് യേശുക്രിസ്തു അവസരം ഉണ്ടായിട്ടും ഇവിടെ സാമ്രാജ്യം പണിയാനല്ല ശ്രമിച്ചത്. കാരണം അവന്റെ രാജ്യം ഐഹീകമല്ല, നമ്മുടേതും.


PASTOR NEEDED

Hebron Christian Church

San Jose - California - USA

Bible based Pentecostal Church seeking a full time Pastor Starting July 2014

- Ordained Minister of a Pentecostal Church
- Spirit filled and spirit led
- Bachelors degree or above in Theology or Biblical Studies
- Previous pastoral and administrative experience
- Fluent in English and Malayalam
- Ability to minister to youth and adults alike
- US Citizen or Permanent Resident

Apply online with two references at:

http://www.hccus.com/pastor-search.html

Phone: 408 454 8514 Email: pastorsearch@hccus.com

## ജേണൽ ഫോക്കസ്



റവ. കെ.എം. ജോൺസൺ
പൂവൻതുരുത്ത്,
9497161022

# ചൈനയിലെ "മധ്യ വരുമാനക്കെണി"; പെന്തക്കോസ്തിലെയും

**2020–ൽ** അമേരിക്കയെ പിൻതള്ളി ലോകത്തിലെ ഏറ്റവും വലിയ സമ്പദ്ഘടനയാകാൻ തയ്യാറെടുക്കുന്ന ചൈനയിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ പുതിയ നേതൃത്വം വരുന്ന 10 വർഷത്തേക്കുള്ള രൂപരേഖയും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കിയിരിക്കുന്നു. നവം.9–12 വരെ ബെയ്ജിങിൽ പീപ്പിൾസ് ലിബറേഷൻ ആർമിയുടെ ഉടമസ്ഥതയിലുള്ള ഹോട്ടലിലായിരുന്നു പാർട്ടി പ്ലീനം നടത്തിയത്. എന്തുകൊണ്ടാണ് ഈ പംക്തിയിൽ ചൈനയുടെ സമ്പദ്ഘടകളും നിലവിലുള്ള വ്യതിയാനങ്ങളും ഫോക്കസ് ചെയ്യുന്നത്? അതിനു പെന്തക്കോസ്തുകാരായ നമുക്ക് എന്തുബന്ധം? പറയാം; ഈ വാർത്ത വായിക്കൂ.

"വൻതുകയ്ക്കു ചിത്രം വാങ്ങി ചൈനീസ് കോടീശ്വരന്റെ പ്രതിഛായ പടമായി". ഇതാണ് തലക്കെട്ട്. വിശദീകരണം ഇങ്ങനെ; ഷജ്ഹായ്; പിക്കാസോയുടെ പെയിന്റിംഗ് 2.9 കോടി ഡോളറിനു (1 ഡോളർ 62.40 രൂപ നിരക്കിൽ ഗുണിച്ചുനോക്കിയാൽ ആകെ തുക ഇൻഡ്യൻ കറൻസിയിൽ അറിയാം) വാങ്ങിയ ചൈനീസ് കോടീശ്വരനു ബ്ലോഗിലൂടെ ശകാരവും വിമർശനവും. ഫോബീസ് പട്ടിക പ്രകാരം 1400 കോടി ഡോളറിന്റെ ആസ്തിയുള്ള വാങ് ജിയാൻലിൻ ആണ് ചിത്രം വാങ്ങി പഴികേട്ടത്. ഇത്രയും തുകകൊണ്ട് എത്ര പാവപ്പെട്ട രോഗികൾക്കു ചികിത്സ നൽകാം, സമൂഹത്തിനു തിരിച്ച് എന്തെങ്കിലും നൽകി കൂടെ എന്നിങ്ങനെയാണ് വിമർശനങ്ങൾ. വാങ് ജിയാൻലിൻ നേതൃത്വം നൽകുന്ന വാൻഡ ഗ്രൂപ്പ് വിദേശ സാംസ്കാരിക രംഗത്തു വൻ മുതൽ മുടക്കു നടത്താൻ തുനിഞ്ഞിരുന്നു. യു. എസ്. ലെ സിനിമാ ശൃംഖലയായ എ. എം. സി. എന്റർടെയിൻമെന്റ് വൻ തുകയ്ക്കുവാങ്ങി; കഴിഞ്ഞവർഷം. ഇദ്ദേഹത്തിനു രാജ്യസ്നേഹം ഇല്ല എന്നാണ് ബ്ലോഗിലെ കുറ്റപ്പെടുത്തലിന്റെ കാതൽ.

സാമൂഹ്യ സമത്വ പ്രത്യയ ശാസ്ത്രത്തിൽ അധിഷ്ഠിതമായി ഭരണം നടക്കുന്ന ചൈനയിൽ കോടീശ്വരന്മാരായ വ്യക്തികൾക്കെതിരെയുള്ള പൊതുജനത്തിന്റെ അഥവാ സാധാരണ ജനത്തിന്റെ പൊതു വികാരത്തിന്റെ ഏറ്റവും സമകാലിക പ്രതികരണമാണ് മലയാള മനോരമ നവംബർ 13 ബുധൻ പേജ് 5 കോളം 1–ൽ നമ്മൾ വായിച്ചത്. ഇപ്പോൾ കാര്യം മനസ്സിലായോ? സമത്വം പ്രായോഗികമാക്കേണ്ട ക്രിസ്തുവിന്റെ ക്ഷേമ രാഷ്ട്രത്തിലെ നേതൃ പ്രജകൾ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിനു വിരുദ്ധമായി ധനംസമ്പാദിച്ച് കോടീശ്വരന്മാരായി മാറിക്കഴിഞ്ഞതിനാൽ ഇനി അവർ കർത്താവിന്റെ മടങ്ങിവരവ് തോരാതെ വരവ് പ്രസംഗിച്ചിട്ട് വല്ല അർത്ഥവുമുണ്ടോ എന്നുള്ളതാണ് ഈ ഫോക്കസിന്റെ കാലിക പ്രസക്തി.

ഇനി പാർട്ടി പ്ലീനത്തിലെ തീരുമാനങ്ങളെ വിലയിരുത്താം. മാവോയിസ്റ്റ് പ്രത്യയശാസ്ത്രത്തിലാണ് ചൈനയുടെ സമ്പദ്ഘടന ഇന്നും നിലനിൽക്കുന്നത്. എന്നാൽ ചൈനയെ കമ്പോളത്തിലെ സമ്പദ്ഘടനയിലൂടെ നയിക്കുമ്പോൾ "ആദ്യം ചിലർ സമ്പന്നരാകുന്നതിൽ തെറ്റില്ല" എന്ന ഡെങ്ങ്ജിയാവോ പിങ് പറഞ്ഞതിനെ പ്ലീനവും പിൻതാങ്ങുന്നു. ഇത് അറം പറ്റിയ അവസ്ഥയാണ് ചൈനയിൽ ഇപ്പോൾ. 27 ലക്ഷം ദശലക്ഷാധിപതികളും 300ൽ ഏറെ ശതകോടീശ്വരന്മാരും ഇന്നു ചൈനയിൽ ഉണ്ട്. (പെന്തക്കോസ്തു പ്രസ്ഥാനങ്ങളിലെ മിക്ക നേതാക്കന്മാരും ലക്ഷാധിപതികളും കോടീശ്വരന്മാരും ആയിക്കൊണ്ടിരിക്കുന്നുവോ എന്ന സന്ദേഹത്തിനു ഇവിടെ പ്രസക്തിയില്ല). 18 കോടിയിലേറെ ജനങ്ങൾ ദാരിദ്ര്യ രേഖയ്ക്കു താഴെ ജീവിക്കുമ്പോഴാണ് (പെന്തക്കോസ്തിലെ അവസ്ഥയും ഇതുതന്നെയാണ്) ചൈനയിൽ ഈ മാറ്റം സംഭവിച്ചിരിക്കുന്നത് എന്നോർക്കണം. പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്താനും സാമൂഹ്യനീതി നടപ്പാക്കാനും ഉള്ള ശ്രമങ്ങൾക്കൊപ്പം തന്നെ രാജ്യത്തിന്റെ വളർച്ചാ മാതൃക മാറ്റി എഴുതേണ്ട ആവശ്യകത പാർട്ടി നേതൃത്വത്തിനു ബോധ്യപ്പെട്ടതുകൊണ്ടാണ് സത്വരമായി ഈ പ്ലീനം നടത്തിയത്.

എന്തായിരുന്നു പ്ലീനത്തിലെ തീരുമാനങ്ങൾ? നോക്കാം. ഭൂപരിഷ്ക്കരണം നടപ്പാക്കുക. അതായത് നഗരത്തിലെ ഭൂസ്വത്ത് ഇതുവരെ സർക്കാരിന്റെ കൈവശം തുടരുകയായിരുന്നു. റിയൽ എസ്റ്റേറ്റ് കമ്പനികൾക്കു വൻവിലയ്ക്കു ഭൂമികൈമാറ്റം ചെയ്ത് അഴിമതിക്കാരായ കുറെ ഉദ്യോഗസ്ഥരും ചില സഖാക്കളും ധനാഢ്യന്മാരായി. അതേ സമയം ഗ്രാമങ്ങളിലെ കർഷകർ ചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്നു (നമ്മുടെ അർബൻ റൂറൽ ഏരിയാകളിലെ സഭകൾ ഇതിനു സമാന്തരമാണ്).

സർക്കാർ കുത്തകകൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഒപ്പം മത്സരിക്കാൻ സ്വകാര്യ മേഖലകൾക്കും തുല്യ അവസരം നൽകുന്ന തീരുമാനമാണ് രണ്ടാമത്തേത്. രാജ്യത്തിലെ ആകെ ആഭ്യന്തര ഉല്പാദനത്തിന്റെയും റവന്യൂ വരുമാനത്തിന്റെയും നല്ലൊരുഭാഗം സംഭാവന ചെയ്യുന്നത് പൊതുമേഖലാസ്ഥാപനങ്ങളാണ്. എന്നാൽ അതിനു ഇളക്കം തട്ടാതെ തന്നെ സ്വകാര്യമേഖലയെ പരിപോഷിപ്പിക്കയാണ് പാർട്ടിയുടെ ലക്ഷ്യം. വൻകിട പൊതുമേഖലാസ്ഥാപനങ്ങൾ മിക്കതും പാർട്ടിയിലെ ഉന്നതനേതാക്കളുടെ കുടുംബാംഗങ്ങളുടെ നിയന്ത്രണത്തിലാണ് എന്നതാണ് ഇതിനു കാരണം (ഇതേ സ്ഥാപന സംവിധാനങ്ങൾ പെന്തക്കോസ്തു പ്രസ്ഥാനങ്ങളിലെ ഉന്നത നേതാക്കളുടെ വരുതിയിലാണ് എന്ന് നമുക്കേവർക്കും അറിവുള്ളതാണല്ലോ).

ബാങ്കിംഗ് രംഗത്തെ മാറ്റങ്ങളും ഒരുകുട്ടി മാത്രം എന്ന നിയമത്തിലെ ഇളവും (ദമ്പതിമാരിൽ ഒരാൾ ഒറ്റകുട്ടിയായിരുന്നെങ്കിൽ അവർക്ക് അവരുടെ ദാമ്പത്യത്തിൽ രണ്ടാമതു ഒരു കുട്ടികൂടി ജനിപ്പിക്കാം എന്ന നിയമഭേദഗതി വരുത്തുന്നതും) മധ്യ വരുമാനക്കെണിയിൽ നിന്നും രക്ഷ നേടുന്നതിനുള്ള ഉപാധികളായി പാർട്ടി നിരീക്ഷിക്കുന്നു. കമ്യൂണിസത്തിന്റെ മുഖഛായ മാറിക്കൊണ്ടിരിക്കുന്നു എന്നതിന് റഷ്യയിലും ചൈനയിലും ക്യൂബയിലും ഇന്നുള്ള കമ്യൂണിസം പരിശോധിച്ചാൽ മതി. 1917–ൽ ലെനിന്റെ നേതൃത്വത്തിൽ റഷ്യയിലും 1949–ൽ മാവോ ഡേതുങിന്റെ നേതൃത്വത്തിൽ ചൈനയിലും 1959ൽ ഫിഡൽ കാസ്ട്രോയുടെ നേതൃത്വത്തിൽ ക്യൂബയിലും ഉടലെടുത്ത കമ്യൂണിസം തത്വത്തിൽ ഒന്നാണെങ്കിലും പ്രായോഗികമായി വ്യത്യസ്തങ്ങളാണ്.

ആധുനിക ലോകത്തിൽ ലോകജനസംഖ്യയുടെ പകുതിയോളം കമ്യൂണിസത്തിന്റെ കൊടിക്കീഴിൽ ആണ്. ബാക്കിജനത മുതലാളിത്വത്തിന്റെയും പട്ടാളഭരണം; ക്യാപ്പിറ്റലിസം, ഭിന്ന സാമ്പത്തിക വ്യവസ്ഥിതി മുതലായവരുടെ കീഴിൽ അമർന്നു കഴിയുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ പഠിപ്പിക്കൽ കമ്മ്യൂണിസത്തെയോ ക്യാപ്പിറ്റലിസത്തെയോ പൂർണ്ണമായി പിൻതാങ്ങുന്നതല്ല; പ്രത്യുത ദൈവരാജ്യത്തിന്റെ സുവിശേഷ വ്യവസ്ഥിതികൾക്കാണ് ഊന്നൽ കൊടുത്തിരിക്കുന്നത്. അതുകൊണ്ട് ഭൂരിപക്ഷം വിമോചന ദൈവശാസ്ത്രജ്ഞരും വിശേഷിച്ച് കമ്യൂണിസ്റ്റുകാരും യേശുക്രിസ്തുവിനെ വലിയ വിപ്ലവകാരിയായിട്ടാണ് അവതരിപ്പിക്കുന്നത്. ഇതു വസ്തുനിഷ്ഠമായ യാഥാർത്ഥ്യമല്ല. അവരവരുടെ മുൻവിധികൾ വച്ചുകൊണ്ട് ലോകരക്ഷകനായ യേശുക്രിസ്തുവിനെ അവരവരുടെ പാത്രത്തിന്റെ ആകൃതിയിൽ രൂപപ്പെടുത്തുന്ന മിഥ്യാശ്രമങ്ങൾ മാത്രമാണ്.

ഇനി നമുക്ക് ഫോക്കസ് ചെയ്ത പ്രമേയത്തിന്റെ വിശദീകരണത്തിലേക്ക് കടക്കാം. ദൈവരാജ്യം നിങ്ങളുടെ ഇടയിൽ ഉണ്ടെന്നാണ് യേശുക്രിസ്തു പ്രസ്താവിച്ചത്. ഈ പ്രസ്താവന ലോകചരിത്രത്തിലെ രക്ഷാദൗത്യത്തിന്റെ ശാശ്വതപ്രഭയാണ്. 'നിന്റെ രാജ്യം വരേണമേ' എന്ന പ്രാർത്ഥനയിൽ ദൈവരാജ്യത്തിന്റെ പൂർണ്ണതയ്ക്കുവേണ്ടിയുള്ള വാഞ്ച തുടരുന്നതു കാണാം. കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു (മർക്കൊസ് 1:15) എന്നാണ് പ്രഖ്യാപനം. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റശേഷവും ശിഷ്യന്മാരോടു വിടവാങ്ങുമ്പോൾ അവരോട് അവസാനമായി സംസാരിച്ചതും ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ ആയിരുന്നു (അപ്പൊ.പ്ര.1:2). ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു പ്രയാസം എന്നും (മത്താ.19:23) സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം എന്നും (ലൂക്കോസ് 18:24) വചനത്തിൽ ഉണ്ടല്ലോ? (സുവിശേഷങ്ങളിൽ ദൈവരാജ്യമെന്നും സ്വർഗ്ഗരാജ്യമെന്നും ഉപയോഗിച്ചിട്ടുണ്ട്. ഇവ രണ്ടും പര്യയപദങ്ങളായി ഗണിച്ചാൽ മതി. ഭക്തന്മാരായ യഹൂദന്മാർ നിവൃത്തിയുള്ളയിടത്തോളം ദൈവം എന്ന നാമം ഉച്ചരിക്കില്ലായിരുന്നു. യഹൂദന്മാർക്കായി എഴുതിയിട്ടുള്ള മത്തായി സുവിശേഷത്തിൽ ദൈവം എന്നതിനുപകരം സ്വർഗ്ഗം എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്). ദൈവത്തിന്റെ ഭരണം പൂർണ്ണമായി അംഗീകരിക്കുന്നവരാണ് ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത്. സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും സംജാതമാകേണ്ട അവസ്ഥയാണ് ദൈവരാജ്യം എന്നു യേശുക്രിസ്തു വിവക്ഷിച്ചത്. അപ്രകാരം ദൈവത്തിന്റെ നിയമങ്ങൾ സ്വീകരിച്ച് അനുസരിക്കുന്ന വരെയാണ്' ദൈവരാജ്യത്തിന്റെ പൗരന്മാർ എന്നു വിളിക്കുന്നത്. ദൈവരാജ്യത്തിലെ സാമാന്യ വ്യവസ്ഥിതികളാണ് മത്തായി 5–7 വരെ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത് ദൈവരാജ്യത്തിന്റെ മാതൃക ആദിമ സഭ പ്രായോഗികമാക്കി (അപ്പൊ.പ്ര. 2:43–47) യതിന്റെ തുടർന്നുള്ള പ്രായോഗിക പ്രവർത്തനങ്ങളാണ് വേദപുസ്തക ചരിത്രത്തിൽ നാം കണ്ടു മുട്ടുന്നത് (അപ്പൊ.പ്ര.11: 27–30, ഗലാ.2:9–10, റോമ. 15: 26–27 കാണുക).

6–ാം മണി നേരത്തും 11–ാം മണി നേരത്തും ജോലിക്കുവന്നവർക്കു തുല്യമായി കൂലികൊടുത്ത സോഷ്യലിസ്റ്റ് സിദ്ധാന്തം യേശുക്രിസ്തു ഉപമയിലൂടെ പറഞ്ഞിട്ടുണ്ട്. മത്തായി 20:1–16) എന്നാൽ ലഭ്യമായ താലന്തുകളെ വ്യാപാരം ചെയ്ത് ഇരട്ടിപ്പിച്ചവരുടെ ഉപമകളും യേശുക്രിസ്തു തന്നെ പറഞ്ഞിരിക്കുന്നു (മത്താ. 25:14–30). ഇവിടെ ആശയകുഴപ്പം ഉണ്ടെന്ന് ചില ചിന്തകന്മാർ അഭിപ്രായപ്പെടുന്നു. മുതലാളിത്വത്തിലേയ്ക്കുള്ള ചൂണ്ട പലകയാണ് രണ്ടാമത്തെ ഉപമ എന്നാണവരുടെ പക്ഷം. എന്താൻ ഇവയിൽ അശുഭ സൂചനകൾ ഒന്നും തന്നെയില്ല എന്നാണ് എന്റെ അഭിപ്രായം. ഭക്ഷണം, പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസ സൗകര്യം, ആരാധനസൗകര്യം മുതലായവ എല്ലാവർക്കും ലഭ്യമാകേണ്ടതാണ്. കൂടുതൽ അധ്വാനിച്ചവരുടെ അധ്വാനഫലം അവർക്കുതന്നെ കൊടുക്കാതെ അല്പം അധ്വാനിച്ചവർക്കും കൂടി പങ്കിടുന്ന (അവസരം കിട്ടാത്തവരും, സമയത്ത് എന്നാൽ കഴിയാത്തവരും ആയിരുന്നല്ലോ അവർ) പങ്കിടണം എന്ന സോഷ്യലിസ്റ്റ് ചിന്തയാണ് ആദ്യത്തേത്. രണ്ടാമത്തേതാകട്ടെ മടിയന്മാരായി അധ്വാനിക്കാതെ (ഭൂമിയിൽ പണിയെടുക്കാതെ വെള്ളവസ്ത്രം മാത്രം ധരിച്ചു നടക്കുന്ന, ചില അല്പന്മാരായ, വേലക്കാർ) വല്ലവന്റെയും ആലിന്റെ തണൽ പറ്റി വിശ്രമിച്ചിരിക്കുന്നവരെ കർത്താവിന് നന്നായിട്ട് അറിയാമായിരുന്നു. അതുകൊണ്ട് കഠിനാധ്വാനത്തിനു പ്രേരിപ്പിക്കുന്ന (കഠിനാധ്വാനികളായ ആകാശത്തിലെ പറവകളെ ഉദാഹരണം പറഞ്ഞതും ഇപ്പോൾ ഓർക്കുന്നത് നല്ലതാണ്). മറ്റൊരു ഉപമയും അവരെ തെര്യപ്പെടുത്തിയത്. അതായത് കൂടുതൽ അധ്വാനിക്കുന്നവർക്കു കൂടുതൽ ലഭിക്കുന്നു എന്ന തത്വവും യേശുക്രിസ്തു തന്നെ പഠിപ്പിക്കുകയായിരുന്നു. ചുരുക്കത്തിൽ പറഞ്ഞാൽ സോഷ്യലിസവും സാമൂഹ്യനീതിയും മുതലാളിത്വത്തിലെ കഠിനാധ്വാന താല്പര്യവും എല്ലാം ദൈവരാജ്യ വികസനത്തിലെ രണ്ടു വശങ്ങൾ തന്നെയാണ്. മാത്രമല്ല കമ്യൂണിസമോ, ക്യാപിറ്റലിസമോ എന്നുള്ളതല്ല; പ്രത്യുത എല്ലാവരുടെയും ആവശ്യങ്ങൾ നിറവേറ്റപ്പെടണം എന്നുള്ളതാണ് ദൈവരാജ്യത്തിന്റെ ലക്ഷണം.


ചൈനയിൽ ഏതാണ്ട് സ്ഥിതി സമത്വ ശൈലി വന്നിരുന്നതാണ്. എന്നാൽ ഇപ്പോൾ ചൈന പരീക്ഷണത്തിന്റെ കാലഘട്ടത്തിലാണ്. പാർട്ടി ജനറൽ സെക്രട്ടറിയും രാഷ്ട്രത്തലവനുമായ ഷിചിൻ പിങ് അധികാരം ഏറ്റ് ഒരു വർഷത്തിനകം പാർട്ടിയിൽ പൂർണ്ണമായി പിടിമുറക്കിക്കഴിഞ്ഞു. മാവോ പ്രത്യയശാസ്ത്രത്തിൽ അധിഷ്ഠിതമായി ധനാഢ്യന്മാർക്കെതിരെ പാർട്ടി മുറുക്കിയിരുന്ന എല്ലാ ചരടുകളും അയച്ചുകൊണ്ട് മധ്യവരുമാനക്കെണിയിൽ ധനാഢ്യന്മാർ വീഴാതിരിക്കുവാൻ പ്രത്യയശാസ്ത്രത്തെ കാറ്റിൽ പറത്തി പാർട്ടി പ്ലീനം നടത്തിയിരിക്കുന്നു; പുതിയ വികസനരേഖകളുമായി.

ഇതുതന്നെയല്ലേ ദൈവരാജ്യത്തിന്റെ വക്താക്കളെന്നും കാവൽക്കാർ എന്നും വീമ്പടിക്കുന്നവരും ചെയ്തു കൂട്ടുന്നത്? യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണങ്ങളെ കാറ്റിൽ പറത്തി ലക്ഷാധിപന്മാരും കോടീശ്വരന്മാരുമായ നേതാക്കൾ നമ്മുടെ ഇടയിൽ ഉണ്ട്. **കോടികൾ മുടക്കി രമ്യഹർമ്മ്യങ്ങൾ പണിത്, ഗേറ്റിനു സമീപം പേരിനൊപ്പം ഏൽശദായി, ഏബനേസ്സർ, ശാലേം, മിസ്പ, ഫിലെദൽഫിയ, ഇത്യാദി പേരുകളിട്ട് യേശുക്രിസ്തുവിന്റെ സ്ഥാനാപതികളായി വിരാചിക്കുകയും, ഭിക്ഷകാർക്കും അശരണർക്കും ആലംബ ഹീനർക്കും നേരെ ഗേറ്റ് കൊട്ടിയടയ്ക്കുകയും ചെയ്യുന്ന ഇവർ എതിർക്രിസ്തുവിന്റെ പ്രതിനിധികളാണെന്ന് പറയാതെ വയ്യ.** സമത്വം പ്രായോഗികമാക്കുന്ന ക്രിസ്തുവിന്റെ ക്ഷേമരാഷ്ട്രം പ്രസംഗിക്കുന്ന ഇവർ വേദപുസ്തകത്തിലെ വചനസന്ദേശം ഉൾക്കൊള്ളുന്നവരാണോ എന്ന് വ്യക്തമാക്കേണ്ടതുണ്ട്. ഇവർ എവിടെയാണ് ദൈവരാജ്യത്തിന്റെ മാതൃകാപുരുഷന്മാരും വക്താക്കളുമായി നിലനിന്നിട്ടുള്ളത്? 11–ാം മണി നേരത്തും (അവസരം കിട്ടാത്തവരും നിഷേധിക്കപ്പെട്ടവരും എന്നു വിവക്ഷ) 6–ാം മണി നേരത്തും അധ്വാനിക്കുന്നവരുടെ വേതനങ്ങൾ തട്ടിപ്പിലൂടെയും ചതിയിലൂടെയും വ്യാജത്തിലൂടെയും വസൂലാക്കി കോടീശ്വരന്മാരാകുന്നത് സുവിശേഷത്തിൽ അധിഷ്ഠിതമായ അനുഗ്രഹങ്ങളുടെ നേർവഴിയിലൂടെയല്ല.

**ദാരിദ്രാവസ്ഥ കാരണം അവിവാഹിതരായി നിൽക്കുന്ന അനേകം സഹോദരിമാർ പെന്തക്കോസ്തു സഭാ പ്രസ്ഥാനങ്ങളിൽ ഉണ്ട്. സുവിശേഷ വേലക്കാരായതു നിമിത്തം ദരിദ്രരാകപ്പെട്ട അനേകം ദൈവദാസന്മാരുടെ വിധവമാരും കുടുംബങ്ങളും നമ്മുടെ ഇടയിൽ ഉണ്ട്. രോഗികളുണ്ട്, അശരണരുണ്ട്, ആലംബഹീനരുണ്ട്; ഇവരെയൊന്നും നാം കണ്ടില്ലെന്നു നടിക്കുന്നത് യേശുക്രിസ്തുവിന്റെ ഉപദേശങ്ങളോടു കാട്ടുന്ന അനാദരവും അനീതിയുമാണ്.**

"അവൻ പരാക്രമശാലിയെങ്കിലും കുഷ്ഠരോഗിയായിരുന്നു" (2 രാജാ. 5:1) എന്ന നയമാനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് ഇവർക്ക് അന്വർത്ഥമാണ്, വഞ്ചനയുടെ, ചതിയുടെ, കുതികാൽ വെട്ടിന്റെ പാനൽ രാഷ്ട്രീയത്തിന്റെ ഗുണ്ടായിസത്തിന്റെ സ്നേഹരാഹിത്യത്തിന്റെ ഒക്കെ കുഷ്ഠം ഇവരെ ഗ്രസിച്ചിരിക്കുന്നു; എങ്കിലും ഇവർ ധനവാന്മാരാണ്; അതുകൊണ്ട് തന്നെ "മധ്യ വരുമാനക്കെണിയിൽ പതിക്കാതെ ഇവരും നിലകൊള്ളുകയാണ്.

# അനിൽ കൊടിത്തോട്ടത്തിന്റെ മാതാവ് നിത്യതയിൽ



**പൊടിയമ്മ കുഞ്ഞൂട്ടി (70)**

എരുമേലി: എരുമേലി കൊടിത്തോട്ടം തടത്തിൽ പരേതനായ കുഞ്ഞുകുട്ടിയുടെ ഭാര്യയും ക്രൈസ്തവ എഴുത്തുകാരനായ അനിൽ കൊടിത്തോട്ടത്തിന്റെ മാതാവുമായ പൊടിയമ്മ കുഞ്ഞൂട്ടി (70) നിത്യതയിൽ. സംസ്കാരം എരുമേലി ഗോസ്പൽ ഫോർ ഇന്ത്യാ സെമിത്തേരിയിൽ നടത്തി. മക്കൾ തങ്കച്ചൻ, കുഞ്ഞുമോൻ, ഓമന, കുഞ്ഞുമോൾ, പാസ്റ്റർ അനിൽ കൊടിത്തോട്ടം. മരുമക്കൾ: രത്നമ്മ, ലിസി, സൈമൺ, തങ്കച്ചൻ, സാലി.

# പ്രീ-മാരിറ്റൽ കൗൺസിലിംഗ് ക്യാമ്പ്

**തിരുവല്ല:** എക്സൽ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ അവിവാഹിതരായ യുവതീ-യുവാക്കൾക്കു വേണ്ടി പ്രീ -മാരിറ്റൽ കൗൺസിലിംഗ് ക്യാമ്പ് നടത്തപ്പെടുന്നു. ഡിസംബർ 25 മുതൽ 27 വരെ പായിപ്പാട് ന്യൂ ഇന്ത്യ ബൈബിൾ സെമിനാരിയിൽ വച്ച് നടക്കുന്ന ക്യാമ്പ് പാ. തോമസ് ഫിലിപ്പ് ഉത്ഘാടനം ചെയ്യും. പാ. പി.ജെ. ജയിംസ് സമാപനസന്ദേശം നൽകും. വിവിധ സെക്ഷനുകളിലായി, ജോർജ് കോശി മൈലപ്ര, ഡോ. കെ.ജി. മോഹൻ, ഡോ. ജോൺ എബ്രഹാം, ബെൻസിക് മിറിൻഡാ, ബിനു വടശ്ശേരിക്കര, അനിൽ ഇലന്തൂർ, ജോബി. കെ.സി, പാ. കെ.വി. ജോൺ, ഷാജി ജോസഫ് എന്നിവർ ക്ലാസുകൾ നയിക്കും. പാസ്റ്റർ പി.ജെ. ജയിംസ് സമാപന സന്ദേശം നൽകും. ആരാധന, കൗൺസിലിംഗ്, ദൈവവചനധ്യാനം, ഗ്രൂപ്പ് ചർച്ചകൾ എന്നിവയും ക്യാമ്പിന്റെ പ്രത്യേകതകളാണ്. 18 വയസ്സിനു മുകളിൽ പ്രായമുള്ള യുവതി യുവാക്കന്മാർക്ക് പങ്കെടുക്കാം. ആദ്യം രജിസ്ററർ ചെയ്യുന്ന 150 പേർക്ക് മാത്രം പ്രവേശനം. ഫീസ്. 500 രൂപ. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി വിളിക്കുക. ഫോൺ: 9495834994, 9496325026

# സുവിശേഷ പ്രവർത്തന ക്യാമ്പ്

ഐ. പി. സി. നേര്യമംഗലം സെന്ററിന്റെ ഒക്ടോബർ മാസത്തെ സുവിശേഷപ്രവർത്തന ക്യാമ്പ് 20,21,22 തീയതികളിൽ കര്യകടത്ത് നടന്നു. ഏകദേശം 105 ഓളം ഭവനങ്ങൾ സന്ദർശിച്ചു. 7 പരസ്യയോഗങ്ങൾ നടത്തി. പാസ്റ്റർ കെ. ഒ. മാത്യു ഇവിടെ കുടുംബമായി ശുശ്രൂഷിക്കുന്നു.

# ഐ.പി.സി. മുബൈ ഈസ്റ്റ് കുടുംബ സംഗമം



**ഗോവ:** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ മഹാരാഷ്ട്രാ സ്റ്റേറ്റ് മുബൈ ഈസ്റ്റ് ഡിസ്ട്രിക്ട് ശുശ്രൂഷകൻമാരുടേയും, കുടുംബാംഗങ്ങളുടേയും സംയുക്ത സമ്മേളനം ഗോവ സി.എസ്.ഐ റിട്രീറ്റ് സെന്ററിൽ നടന്നു ഐ.പി.സി. മഹാരാഷ്ട്ര സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ പി. ജോയി ഉദ്ഘാടനം ചെയ്തു. പാസ്റ്റർ വർഗ്ഗീസ് മത്തായി പ്രസംഗിച്ചു. " ശുശ്രൂഷകൻമാരുടെ വിശ്വാസീയതയും പ്രതിബന്ധതയും" എന്നതായിരുന്നു മുഖ്യ ചിന്താവിഷയം. യുവജനങ്ങൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പ്രത്യേക പ്രോഗ്രാമുകളും ഉണ്ടായിരുന്നു.

# കൺവൻഷൻ

**പുതുപ്പള്ളി:** ഐ.പി.സി. പുതുപ്പള്ളി സെന്റർ രജതജൂബിലി കൺവൻഷൻ ഡിസംബർ 3-8 വരെ നടക്കും. പാസ്റ്റർമാരായ പ്രതാപ് സിംഗ് (ചെന്നൈ) വർഗ്ഗീസ് ഏബ്രഹാം , സണ്ണി കുര്യൻ, കെ.ജെ. തോമസ്, ബാബു ചെറിയാൻ, പി.എ. മാത്യു , ജോൺസൺ ദാനിയേൽ, സിസ്റ്റർ ആനിയമ്മ സ്റ്റീഫൻ എന്നിവർ പ്രസംഗിക്കും. ജൂബിലി സമ്മേളനത്തിൽ മന്ത്രി. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ.ജോസ്.കെ. മാണി എം.പി എന്നിവർ പങ്കെടുക്കും. സുവനീർ പ്രകാശനവും സെന്റർ വെബ്സൈറ്റ് ഉദ്ഘാടനവും നടക്കും. പാസ്റ്റർ സാജു ജോസഫ് കൺവീനറായും പാസ്റ്റർ കെ. കെ. സ്കറിയ ജോ. കൺവീനറുമാണ്.

## കൊച്ചുവർത്തമാനം

**പുതിയ പംക്തി ആരംഭിക്കുന്നു**





**പാസ്റ്റർ ബിജു ജോയി തുവയൂർ**
**ഗൾഫ് എഡിറ്റർ ബിലീവേഴ്സ് ജേണൽ**

# കാമറയുണ്ട് ആത്മീയരായിരിക്കുക

മദ്ധ്യതിരുവതാംകൂറിൽ നടക്കുന്ന ഒരു സുവിശേഷയോഗമാണ് രംഗം - ആത്മീയ സംഗമങ്ങൾക്ക് ആവശ്യത്തിലധികം ആഡംബരമുള്ള കാലമാണല്ലോ ഈ കാലം. സർവ്വാലങ്കാര സമൃദ്ധമായ സ്റ്റേജ് ഇറക്കുമതി ചെയ്യപ്പെട്ട പച്ച പരിഷ്കാരികളായ പാട്ടുകാർ - കോൾമയിർ കൊള്ളിക്കുന്ന സംഗീത സംവിധാനങ്ങൾ ആകപ്പാടെ ആഡംബരം തന്നെ. മുന്നിലും പിറകിലും ഇടത്തും വലത്തും കാമറക്കണ്ണുകൾ "സംഗീതം തകർത്താടുന്നു - പെരുന്നാളിനും, ഉത്സവത്തിനുമൊക്കെയെന്നപ്പോലെ ഗാനമേള തന്നെ...

താളമേള കൊഴുപ്പിന്റെ ആധിക്യം ഭക്തരെ മത്തു പിടിപ്പിച്ചിരിക്കുന്നു. സ്റ്റേജിലെ ചാട്ടവും പാട്ടും ഒക്കെ കൊണ്ട് മത്തു പിടിപ്പിച്ചവരാൽ - കരഘോഷവും, മറ്റിതര കോലാഹലങ്ങളും തിമിർത്താടുന്നു....! സംഘാടകരിലൊരാൾ കൂടെ കൂടെ സ്റ്റേജിലെത്തി ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. "കാമറ ഉണ്ട് എല്ലാവരും ശ്രദ്ധിക്കണം" ഈ ഭൂരിപക്ഷത്തിനും അന്തരർത്ഥം പിടിക്കിട്ടിയിട്ടില്ല. ഒടുവിൽ അദ്ദേഹം - ശക്തിയുക്തം -ആത്മീയ ഭാഷയിൽ അഭിഷേകത്തോടെ...അല്ല....അധികാരത്തോടെ തന്നെ കല്പന പുറപ്പെടുവിച്ചു. "ദൈവമക്കളെ.....ഇവിടെ കാമറകൾ ഉള്ളതു നിങ്ങൾ കാണുന്നുണ്ടല്ലോ.....ഈ പരിപാടികൾ ലോകത്ത് ഏതു സ്ഥലത്തും ഇരിക്കുന്നവർക്ക് ഇതേപോലെ തന്നെ കാണാവുന്നതാണ്. ആയതുകൊണ്ട് എല്ലാവരും ആത്മീകരായി ഈ സ്ഥലത്ത് ആയിരിക്കുന്നതാണ് നല്ലത്" പെട്ടെന്ന് തന്നെ അവിടെമാകെ "ആത്മീയം" വ്യാപരിച്ചു.....വീണ്ടും സംഘാടകന്റെ ആത്മീയധ്വനി.....അല്പസമയം കാമറകൾ ഞാൻ ഓഫാക്കാൻ പറഞ്ഞിട്ടാണ് ഈ അറിയിപ്പ് നൽകിയത്. തുടർന്നുള്ള ഗാനം മുതൽ വീണ്ടും കാമറ ഓൺ ആക്കുന്നതാണ്.

"എല്ലാവരും ആത്മീയരായിരിക്കുക....."

"കേട്ടോ ഒരുത്തൻ വിളിച്ചു പറക്കുന്നത്"

കാമറകൾക്ക്....ലോകത്തിന് മുന്നിൽ നാം ആത്മീയരായിരിക്കണം - രാവും പകലും - അടയാത്ത കണ്ണും സർവ്വതും ഗ്രഹിക്കാൻ കഴിയുന്ന ജ്ഞാനവുമുള്ള ഉടയതമ്പുരാന്റെ മുമ്പിൽ .................

കാമറകളെ സൂക്ഷിക്കുക....

നമുക്കും ഒരുമിച്ചു പ്രാർത്ഥിയ്ക്കാം "ആമേൻ കർത്താവായ യേശുവേ വരേണമേ....

## 06 അനുഭവത്തിന്റെ കരുത്തോടെ......

ന്നതിൽ ബദ്ധശ്രദ്ധരാണ് ഈ കുടുംബം. കർത്താവിനായി മകൻ സാമും ഐ. സി. പി. എഫ്. ന്റെ പ്രവർത്തനങ്ങളിൽ സജീവമായ മൂത്ത മകൾ അക്സയും സുവിശേഷവേലക്കായി സമർപ്പിക്കപ്പെട്ട ഇളയ മകൾ ഹെബ്സിബയും ഈ കുടുംബത്തിന് കിരീടങ്ങൾ തന്നെ. ഒപ്പം സഹോദരിമാരുടെയിടയിൽ വ്യക്തിപരമായ സുവിശേഷീകണം കൊണ്ടും പ്രാർത്ഥനകൊണ്ടും സജീവമായി ആത്മാക്കളെ നേടുന്നതിൽ ബദ്ധശ്രദ്ധയായിരിക്കുന്ന സഹധർമ്മിണി ജെസി പാസ്റ്റർ ജോർജ്ജുകുട്ടിക്ക് എന്നും കൈത്താങ്ങലായിരിക്കുന്നു.

കേരളത്തിലെ പ്രവർത്തനങ്ങളിൽ പങ്കാളിയായ പാസ്റ്റർ തോമസ് മാത്യു ചാരുവേലിയോടൊപ്പം ഐ. പി. സി. എരുമേലി ഏരിയയുടെ പ്രവർത്തനങ്ങളിൽ സജീവമാണ്. ഐ. പി. സി. തുലാപ്പള്ളി സഭയുടെ അംഗംകൂടിയായ പാസ്റ്റർ ജോർജ്ജുകുട്ടി ഐ. പി. സി.യിലെ ഓർഡൈൻഡ് ശുശ്രൂഷകനാണ്. നിസ്ഥാർത്ഥമായും ആത്മാക്കളെക്കുറിച്ചുള്ള എരിവോടെയും വിനയാന്വിതനായി കർത്താവിനായി പ്രവർത്തിക്കുന്ന ഇദ്ദേഹത്തിന് എരുമേലി ഏരിയായുടെ അസ്സോസിയേറ്റ് ഏരിയാ പാസ്റ്റർ എന്ന ചുമതലയും പ്രിസ്ബിറ്ററി നൽകി. 2011 മുതൽ ഐ. പി. സി. അരുണാചൽപ്രദേശ് സ്റ്റേറ്റിന്റെ വൈസ് പ്രസിഡന്റ് പദവികൂടി ഇദ്ദേഹം വഹിക്കുന്നു.

നടന്ന പാതകളെ തിരിഞ്ഞു നോക്കിയും ഇനിയും പിന്നിടാനുള്ള പാതയിലേക്ക് എത്തിനോക്കിയും പാസ്റ്റർ ജോർജ്ജുകുട്ടിക്ക് പറയാനുള്ളതിതാണ്. "എന്റെ ജീവിതം, ഭാര്യ. മക്കൾ, സമ്പത്ത് ഇതെല്ലാം എന്റെ ദൈവത്തിന്റെ ദാനമാണ്. അവൻ തന്നതു മാത്രമേ എന്റെ ജീവിതത്തിൽ ഉള്ളൂ. ദൈവം ചെയ്തതെല്ലാം അത്ഭുതമാണ്. ഞങ്ങളെ വിടുവിച്ച ദൈവത്തിനായി ഓടി അവസാനിപ്പിക്കുവാനുള്ളതാണ് എന്റെ ജീവിതം. അതിനാൽ തന്നെ എനിക്കുള്ളതെല്ലാം അവനായി സമർപ്പിച്ചിരിക്കുന്നു. എന്റെ കുഞ്ഞുങ്ങൾ കർത്താവിന്റെ വേലക്കായി സമർപ്പിച്ചതും അവരാൽ ആവോളം പ്രവർത്തിക്കുന്നതുമാണെന്റെ സന്തോഷം. ദൈവീക ഉപദേശത്തിന്റെ മായം ചേർക്കാതെ വിശുദ്ധിയോടെ അന്ത്യത്തോളം ജീവിക്കണം. കർത്തൃസന്നിധിയിൽ ധൈര്യത്തോടെ നിൽക്കണം" അതാണെന്റെ ആഗ്രഹം.


"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം"

DPM INDIA

ഡി.പി.എം. ഇന്ത്യ ഒരുക്കുന്ന
ഡിവൈൻ ഫെസ്റ്റിവൽ
സുവിശേഷ യോഗവും സംഗീതവിരുന്നും

2013 ഡിസംബർ 04 മുതൽ 08 വരെ കടുക്കോയിക്കൽ ഗ്രൗണ്ട് (YMCA Jn.) പള്ളിപ്പാട് (ഹരിപ്പാട്)
രാവിലെ 9.30 മുതൽ 1.30 വരെ വൈകിട്ട് 5.30 മുതൽ 9.00 വരെ

ഉദ്ഘാടനം: പാസ്റ്റർ. എം.വി. വർഗ്ഗീസ് ഐ.പി.സി. ജനറൽ മിനിസ്റ്റർ

പ്രസംഗകർ: പാസ്റ്റർ ടി.ജെ. ശാമുവേൽ, പാസ്റ്റർ പി.സി. ചെറിയാൻ, ഡോ. ജോൺ കെ. മാത്യു, പാസ്റ്റർ ബാബു ചെറിയാൻ പാസ്റ്റർ ജോയി പാറയ്ക്കൽ, പാസ്റ്റർ വർഗ്ഗീസ് ബേബി, പാസ്റ്റർ എം.കെ. സ്കറിയ, ബ്രദർ ബിജിൻ കെ. എബ്രഹാം

ഗാനശുശ്രൂഷ : ഗോസ്പൽ എക്കോസ്, തിരുവല്ല. ബ്രദർ. തഞ്ചാവൂർ വില്യംസ് (തമിഴ്നാട്)

Contact : DPM INDIA | PH: 9526766741 | 9497245329 | 9400444490 | e-mail: dpm4india@gmail.com | www.dpmindia.org

ലേഖനം

# നിന്റെ തൊഴിൽ എന്ത്?



ഷൈജു ഡാനിയേൽ
അടൂർ
shyjudani@gmail.com

മഹാദൈവത്തിന്റെ അരുളപ്പാടിനെ അവഗണിച്ചു പ്രവാചകനായ യോന നടത്തുന്ന ഒളിച്ചോട്ടം ഒടുവിൽ വിനയായി. നിനവക്കെതിരായി പ്രസംഗിക്കാൻ ഉള്ള ദൈവത്തിന്റെ ആവശ്യത്തെ നിരാകരിച്ചവന് നേരിടേണ്ടി വന്നത് പ്രതീക്ഷിക്കാത്ത ദുരന്തങ്ങൾ. കർത്താവ് കാണാതിരിക്കാൻ കപ്പലിന് കൂലി കൊടുത്ത് താതന്റെ സന്നിധിയിൽ നിന്നും തർശീശിലേക്കുള്ള യാത്രയിൽ തകരപ്പെട്ടത് തന്റെ താല്പര്യങ്ങൾ. രൂപപ്പെടുത്തിയ തന്ത്രങ്ങൾ ഫലം കണ്ടില്ല. നിയോഗം ലഭിച്ചവന്റെ പിന്മാറ്റത്തെ കണ്ടില്ലെന്നു നടിക്കാൻ ദൈവത്തിനുമായില്ല. കനത്ത കാറ്റടുപ്പിച്ച് കടലിളക്കി കപ്പലുടയുംവണ്ണം കോളുണ്ടാക്കി. ആടിയുലയുന്ന കപ്പലിൽ ആശങ്കയിലായ യാത്രക്കാർ. കാര്യത്തിന്റെ കാരണമറിയുവാൻ ചീട്ടിട്ടു; വീണത് പ്രവാചകന്. വിപത്തിന് ഹേതുവായവൻ പിടിക്കപ്പെട്ടപ്പോൾ അവനോടായി അവർ നാലു ചോദ്യങ്ങൾ ചോദിച്ചു. അതിലാദ്യത്തെ ചോദ്യം: നിന്റെ തൊഴിൽ എന്ത്?

ഒരു മനുഷ്യന്റെ സംസ്ക്കാരത്തെ രൂപപ്പെടുത്തുന്നതിൽ അവന്റെ തൊഴിലിനു വളരെ പ്രാധാന്യമുണ്ട്. ഒരുവന്റെ തൊഴിലിലൂടെ ഒരു പരിധി വരെ അയാളുടെ സ്വഭാവത്തെ നിർണ്ണയിക്കുവാൻ കഴിയും. അതുകൊണ്ട് തന്നെയാണ് ഈ പ്രതിസന്ധിക്ക് കാരണമായവന്റെ തൊഴിൽ എന്തെന്നവരാരാഞ്ഞത്. ഉടൻ മറുപടി എത്തി "കടലും കരയും ഉണ്ടാക്കിയ സ്വർഗ്ഗീയദൈവമായ യഹോവയെ ഭജിക്കുകയാണ്". അർത്ഥാൽ ആരാധനയാണെന്റെ തൊഴിൽ. നീ എബ്രായനും നിന്റെ തൊഴിൽ ആരാധനയുമായിരിക്കെ പിന്നെ നീ എന്തിനു യഹോവയുടെ സന്നിധി വിട്ടു ഓടി പോന്നു എന്നതായി അവരുടെ അടുത്ത ചോദ്യം. ആരാധന തൊഴിലാക്കിയവനെക്കുറിച്ച് ലോകത്തിന് ഒരഭിപ്രായമുണ്ട്. അവൻ എവിടൊക്കെ എത്തപ്പെടാം എന്നതും അവർക്കറിയാം. അതിനു വിപരീതമായി അവനൊരിക്കലും ആയിരിക്കുവാൻ പാടില്ലാത്ത ഇടത്താണ് ഇപ്പോൾ പ്രവാചകന്റെ കിടപ്പ്.

പൊതുസമൂഹം നമ്മെ ആരാധനക്കാരെന്നും സ്തോത്രക്കാരെന്നും വിളിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ആരാധന തൊഴിലാക്കിയ പെന്തക്കോസ്തുകാരന് ഒരു സംസ്കാരമുണ്ട്. ആ നിലയിൽ നമുക്കനുവധനീയമല്ലാത്ത പലയിടങ്ങളിലും ഇന്ന് നമ്മെ കാണുന്നത് ലോകം അതിശയത്തോടെ വീക്ഷിക്കുന്നുണ്ട്. കാണുവാൻ പാടില്ലാത്ത ഇടങ്ങളിൽ നമ്മെ കണ്ടാൽ സമൂഹത്തിൽ നിന്നും ഉയരാൻ സാധ്യതയുള്ള ചോദ്യമാണ് നിന്റെ തൊഴിൽ എന്ത് എന്നത്. നമ്മുടെ പിതാക്കന്മാർ ദൈവത്തെ സേവിക്കുവാനും സുവിശേഷ വേല ചെയ്യുവാനും ഇറങ്ങി തിരിച്ചപ്പോൾ ദൈവരാജ്യവിശാലതയും ആത്മാക്കളുടെ വിടുതലും മാത്രമായിരുന്നു അവരുടെ ഏകലക്ഷ്യം. എന്നാൽ കാലം മാറിയപ്പോൾ നമ്മുടെ തൊഴിലും മാറി. സുവിശേഷകൻ തന്റെ പ്രവർത്തി വിട്ട് മറ്റു പലതിലേക്കും കൂറ് മാറി. ആത്മാക്കളെ നേടേണ്ടവർ വിവാഹദല്ലാൾ, വസ്തു കച്ചവടം, പശു കച്ചവടം, വണ്ടി കച്ചവടം ഇങ്ങനെയുള്ള പലതിന്റെയും ഇടനിലക്കാരായി മാറി. മദ്യ ലോബിയിലും മണൽ മാഫിയയിലും അഴിമതി കുംഭകോണങ്ങളിലും ദൈവമക്കൾ പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. സിനിമ നിർമ്മിച്ചും സീരിയൽ പിടിച്ചും ആരാധക്കാരൻ അഴിഞ്ഞാടി. അനധികൃത ഇടപാടുകളിലൂടെ പിടിക്കപ്പെട്ടപ്പോൾ പത്ര വാർത്താ മാധ്യമങ്ങളിൽ പെന്തക്കോസ്തുകാരൻ നിറഞ്ഞു നിന്നു. ആലയത്തിൽ ശുശ്രൂഷിക്കേണ്ട പുരോഹിതന്മാർ ഇപ്പോൾ ശേഖേമിലെക്കുള്ള വഴിയിൽ പതിയിരുന്നു കവർച്ചക്കാരെ പോലെ കുല ചെയ്യുന്നു (ഹോശേയ 6:9). നമ്മുടെ നിലയും വിലയും മറന്നുകൊണ്ട് നാം കാണിക്കുന്ന ദൈവഹിതമല്ലാത്ത പ്രവർത്തനങ്ങൾ പൊതുജനം നിരീക്ഷിക്കുന്നുണ്ട് എന്നത് നാം വിസ്മരിക്കരുത്. സുവിശേഷ വേദികളിലും നമ്മുടെ ആത്മീക സംഗമങ്ങളിലും ഒക്കെ പണ്ട് കാലങ്ങളിൽ നടന്നിരുന്ന ശുശ്രൂഷകളും അതിന്റെ രീതിയും ഒക്കെ മറ്റുള്ളവർക്ക് നന്നായിട്ടറിയാം. അതിൽ നിന്നും മാറി! നൂതന ചിന്തകളും പുത്തൻ ഉപദേശങ്ങളും പുതിയ ആരാധനാ രീതികളും ഒക്കെയായി നാം വഴിവിട്ടു മാറി. യാത്ര ചെയ്യുമ്പോൾ ലോകം നമ്മെ നോക്കി ചോദിക്കാൻ സാധ്യതയുണ്ട്: നിങ്ങൾ പെന്തക്കോസ്തുകാരോ? ഇതര മതങ്ങളിലെ അധ്യക്ഷന്മാർക്കും രാഷ്ട്രീയ വർഗ്ഗത്തിനും സുവിശേഷവേദികൾ പങ്കിട്ടു കൊടുത്ത് നിർമ്മലമായ പെന്തക്കോസ്തിന്റെ മാർഗ്ഗത്തെ ഇകഴ്ത്തികളയുന്ന പുതിയ സമീപനംമൂലം നാം സമൂഹമധ്യത്തിൽ അപഹാസ്യരാകുകയാണ്. ആഭരണങ്ങൾ ഉപേക്ഷിച്ചും അലങ്കാരങ്ങൾ വെടിഞ്ഞും ശുഭ്രവസ്ത്രധാരികളായി പേരിലും തൊഴിലിലും മാന്യതയുള്ളവരായി മാതൃകാ ജീവിതം നയിച്ചിരുന്ന ഒരു പഴയ തലമുറ നമുക്കുണ്ടായിരുന്നു. അൽപ്പവസ്ത്രധാരികളായും അതിനൂതനത്വത്തിന്റെ ഭാവപ്രകടനങ്ങൾ വികലമാക്കിയ ശരീരഭാഗങ്ങളും സഭ്യതയുടെ സീമകൾ ലംഘിക്കുന്ന പുത്തൻ ആവിഷ്കാരങ്ങളും ഒക്കെയായി നമ്മെ തിരിച്ചറിയാൻ കഴിയാത്ത നിലയിലേക്ക് നാം താഴ്ന്നുപോയപ്പോൾ നമ്മെ നോക്കി സമൂഹം ചോദിക്കുന്നു: നീ ആര്, നിന്റെ തൊഴിൽ എന്ത്? ഇന്ന് നമ്മെ തിരിച്ചറിയാൻ പ്രയാസമാണ്. കാരണം നമ്മുടെ വ്യക്തിത്വം തകരപ്പെട്ടു. അധോലോകത്തും ആത്മീക ലോകത്തും ഒരുപോലെ പേരെടുത്തപ്പോൾ, കപ്പലിന്റെ അടിത്തട്ടിൽ നമ്മെ കണ്ടവർ അത്ഭുതത്തോടെ നോക്കി നിന്നു!

"അവൻ ചിലരെ അപ്പൊസ്തലന്മാരും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരുന്നു"- ഇതിനു പുറത്തുള്ള എല്ലാ വേലകളും വേലക്കാരും വിവേചിക്കപ്പെടേണ്ടതാണ്. ലജ്ജിപ്പാൻ ഇടവരുത്താതെ സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുന്നതാകണം നമ്മുടെ തൊഴിൽ. 'നായ്ക്കളെ സൂക്ഷിക്കുക' എന്ന മുന്നറിയിപ്പ് വീട്ടുവാതിൽക്കൽ തൂക്കുന്നതുപോലെ "ആകാത്ത വേലക്കാരെ സൂക്ഷിക്കുക" എന്നെഴുതി നമുക്കിടയിൽ പ്രദർശിപ്പിക്കപ്പെടേണ്ടതാണ് (ഫിലി. 3:2). "സുവിശേഷകന്റെ പ്രവൃത്തിചെയ്ക; നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക" എന്ന പൗലോസിക പ്രസ്താവന നാം മറക്കരുത്. നിനവേക്കെതിരായി പ്രസംഗിക്കേണ്ടവർ അത് വിട്ടിട്ട് മറ്റിടങ്ങളിലേക്ക് യാത്ര ചെയ്യുന്നത് മൂലം സംഭവിക്കുന്ന അപജയങ്ങൾ എത്ര ഭയാനകമാണ്!!! നമ്മുടെ അധഃപതനം കണ്ടിട്ടിട്ടാകണം ലോകക്കാർ അമ്പരന്നു! അവർ വിളിച്ചു ചോദിച്ചു - നീയോ എബ്രായൻ?!!! നിന്റെ തൊഴിലോ ആരാധന?!!!

## 12 ↩ മാധ്യമവിചാരം....

തരികിടകൾ പാസ്റ്റർമാരുടെ രൂപത്തിൽ പയറ്റി തെളിയുന്നു. അവരുടെ പേരു പറയാൻ നെടുങ്കണ്ടത്തിനുള്ള വൈഷമ്യം എന്താണാവോ?

ഐ. പി. സി. സ്റ്റേറ്റ് പ്രസ്ബിറ്ററിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശേഷം അതീവ സൂഷ്മതയോടെ മാത്രം വാക്കുകൾ ഉപയോഗിക്കുകയും വിപ്ലവത്തിന് അവധി നൽകി മയപ്പെട്ട നിലവാരത്തിലേക്ക് മാറിനടക്കുകയും ചെയ്യുന്ന രാജു ആനിക്കാട് ജേണലിന്റെ കഴിഞ്ഞ ലക്കത്തിൽ വീണ്ടും വിപ്ലവം പുറത്തെടുത്തു. പതാകയുടെ നിറങ്ങൾ വ്യാഖ്യാനിച്ച് പുലിവാൽ പിടിച്ച കെ. എ. ഏബ്രഹാം നന്നാകുന്ന ലക്ഷണമില്ല എന്നതാണ് ആനിക്കാടിന്റെ വാദം. എന്നാൽ ഏബ്രഹാമിനെ പേരെടുത്തുപറയാതെ ക്ലൂ കൊടുത്ത് വായനക്കാർക്ക് മുമ്പിലേക്ക് ഇറക്കിവിടുന്ന ആനിക്കാട്, ഏബ്രഹാമിന്റെ ഭാഷയിൽ തന്നെ പറഞ്ഞാൽ അങ്ങേരുടെ കഞ്ഞിയിൽ മണ്ണുവാരിയിട്ടു. കഴിഞ്ഞതെല്ലാം ഒരു ദുർസ്വപ്നം പോലെ മറക്കാൻ ശ്രമിച്ച് നെറ്റ് പരിശീലനം നടത്തി കൺവൻഷൻ സീസണിൽ സജീവമാകാൻ തയ്യാറെടുക്കുന്ന കെ. എ. ഏബ്രഹാമിനെ വിടാൻ ഭാവമില്ലെന്ന മട്ടിലാണ് ആനിക്കാടിന്റെ മണ്ണുവാരീയിടൽ പ്രയോഗം.

കൺവൻഷൻ സീസണിൽ പ്രസംഗകർ എന്താകണം പ്രസംഗിക്കേണ്ടത് എന്നത് സംബന്ധിച്ചാണ് ഗുഡ്ന്യൂസിന്റെ പത്രാധിപ ലേഖനം. മറ്റുചില ചെറുകിട പത്രങ്ങൾ കൂടി പ്രഭാഷകരെ ദിശാബോധത്തിലേക്ക് നയിക്കുന്ന ലേഖനങ്ങൾ എഴുതാറുണ്ട്. വിഷയങ്ങളുടെ വൈവിധ്യവും അവതരണത്തിലെ തന്മയത്വവും നിരന്തര വേദപുസ്തക പാരായണവും പ്രാർത്ഥനാജീവിതവും ലാഭേച്ഛ കൂടാതെയുള്ള നിസ്വാർത്ഥ സേവനവുമെല്ലാം പ്രസംഗകരുടെ യോഗ്യതകളായി മാധ്യമങ്ങൾ മുമ്പോട്ടു വെയ്ക്കുന്നത് ക്രിയാത്മകമായി എടുത്താൽ മതി. ന്യൂ ജനറേഷൻ പ്രസംഗകർക്കിടയിലെ ഏറ്റവും ഒടുവിലത്തെ പ്രവണതയായ കൃപയുടെ പ്രസംഗം ഇപ്പോൾതന്നെ ചില മാധ്യമങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. അത്യന്താധുനിക പുതുപ്രവണതക്കാരായ ഇവരെക്കുറിച്ച് താമസംവിന കാര്യമാത്ര പ്രസക്തമായ ഒരു നിരീക്ഷണം ഈ ലേഖകനിൽ നിന്ന് പ്രതീക്ഷിക്കാം. പുതുപ്രവണതകാർക്കും പരമ്പരാഗത വിശ്വാസികൾക്കുമിടയിൽ പൊരുത്തപ്പെടലിന്റെ പാത തേടുന്നതാണ് കെ. എ. ഏബ്രഹാമിനുള്ള പ്രധാന പ്രശ്നമായി എനിക്ക് തോന്നുന്നത്. പരിമിതികൾ ഏറെയുണ്ടെങ്കിലും ഒരിക്കൽ സത്യോപദേശങ്ങൾക്കുവേണ്ടി നിന്ന കെ. എ. ഏബ്രഹാം നവപ്രവണതക്കാരുടെ സഹയാത്രികനായി മാറുന്നതോടെ കാര്യങ്ങൾ നിയന്ത്രണം വിട്ടു പോകുകയായിരുന്നു. പിന്നീട് അബദ്ധങ്ങളിൽ നിന്ന് കൂടുതൽ അബദ്ധങ്ങളിലേക്കുള്ള യാത്രയിൽ അടിതെറ്റിവീണു. ഫിലിപ്പ് പി. തോമസ് മുൻകൈയെടുത്ത് ഐ. പി. സി.യിൽ വിലക്ക് ഏർപ്പെടുത്തിയതോടെ ചർച്ച് ഓഫ് ഗോഡും ആ വഴി ചിന്തിച്ചുത്തുടങ്ങി. തിരുവനന്തപുരം മേഖലയിലെ ഒറ്റപ്പെട്ട യോഗങ്ങൾക്കൊണ്ട് ഒതുങ്ങിയ കെ. എ. ഏബ്രഹാം വീണ്ടും ഒന്ന് ആഞ്ഞ് ശ്രമിക്കുകയാണ്. പാളിപ്പോയ പ്രവചനങ്ങളാണ് അദ്ദേഹത്തിന്റെ ഇപ്പോഴത്തെ പ്രശ്നം. പ്രസംഗിക്കാൻ വിളച്ചിടത്ത് പ്രവചനം കൊണ്ട് ഗോളടിക്കാൻ ശ്രമിച്ച അദ്ദേഹം ഇനിയും നന്നാകുന്ന ലക്ഷണം കാണുന്നില്ലായെന്നത് കഷ്ടം തന്നെ. മാധ്യമങ്ങൾക്ക് പണിയുണ്ടാക്കാനാണ് കെ. എ. ഏബ്രഹാമിന്റെ ഭാവമെങ്കിൽ അത് അത്ര സുഖമുള്ള ഏർപ്പാടായിരിക്കില്ല. ബൈബിൾ പഠിച്ച് അതിൽ നിന്ന് ന്യായമായി പ്രസംഗിച്ചുപോയാൽ അതാകും നല്ലത്. ഇല്ലാത്ത പ്രവചനം ഇടയ്ക്കെടുത്ത് കാച്ചി ഓളമുണ്ടാക്കി പിടിച്ചുനിൽക്കാനാണ് ശ്രമിക്കുന്നതെങ്കിൽ അതൊന്നും അത്ര എളുപ്പമല്ല എന്നുമറിഞ്ഞിരിക്കുക. എം. പി. ബേബി പാസ്റ്ററുടെ പാദത്തിലിരുന്ന് കെ. എ. ഏബ്രഹാം ബൈബിൾ പഠിക്കുന്നതായിട്ടാണ് അറിവ്. അത് ശരിയെങ്കിൽ പിന്നെന്തിന് പൊടിക്കൈ പ്രയോഗം? പത്രങ്ങൾ പണി തുടങ്ങിയാൽ കെ. എ. ഏബ്രഹാം വിഷമിക്കും. കഞ്ഞിയിൽ മണ്ണുവാരിയിട്ടതായി പരിഭവിക്കും. എന്നാൽ പരിപാടി ഇതെങ്കിൽ അഷ്ടിക്ക് വേറെ കഞ്ഞിപ്പണി നോക്കേണ്ടിവരും.

## സെന്റർ കൺവൻഷൻ

ഐ..പി.സി. പട്ടാമ്പി ഏരിയായുടെ 2 -ാം വാർഷിക സമ്മേളനവും 16-ാം മത് ധോണി കൺവൻഷനും സംയുക്തമായി 2014 ജനുവരി 2,3,4,5 തീയതികളിൽ ഐ.പി.സി. കർമ്മേൽ ഗ്രൗണ്ട് ഉമ്മിനി സ്കൂളിന് സമീപം നടക്കും. പാസ്റ്റേഴ്സ് ചാക്കോ ദേവസ്യ, കെ. ജോയി, സാം ജോർജ്ജ് , ബി. മോനച്ചൻ, ഷിബു നെടുവേലിൽ എന്നിവർ പ്രസംഗിക്കും.

Believers Journal
P.O. Box: 31
Manjadi P.O.
Thiruvalla
Pin- 689 105

Excel Ministries
വിവാഹത്തിനായി നിങ്ങളെ ഒരുക്കുന്നു...
PRE-MARITAL COUNSELLING SEMINAR -2013
To train young generation to face the day to day temptations and to know the real meaning of Sex and family life..
Place : New India Bible Seminary, Paipadu
Date : 2013, December 25th-27th
Time : 25th 9.30 am to 26th 4pm
Inauguration : Rev. Thomas Philip
Message : Pr. P J James
Resource Team
Dr. K.G Mohan
Dr. John Abraham
Mr. Bensic Mirinda
Pr. Binu Vadaserikara
Pr. Anil Elanthoor
Mr. Joby K C,
Pr. K V John
Pr. Shaji Joseph
Registration Rs. 500/-
Accomodation and food will be provided .Special gift for early registration
DON'T MISS IT....
THIS IS YOUR TIME....
For more details
Excel Ministries, PB No. 82,
Pathanamthitta P. O, Kerala-689645
Ph: +91-9495834994, +91-9496325026
E-mail: excelministries@gmail.com
feel the difference..
come .... join &.... get blessed
WORSHIP: EXCEL RHYTHMS
വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നവർ തീർച്ചയായും പങ്കെടുക്കുക.
പ്രവേശനം 18- വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക്

കാലികം

# പത്തനംതിട്ടക്കാരന്റെ പ്രേമം പൊട്ടിക്കൽ ശുശ്രൂഷ



സജി നെടുങ്കണ്ടം

ന്യൂജനറേഷൻ സഭകളുടെ മറവിൽ ദുരുപദേശത്തിന്റെ പെരുമഴ പെന്തെക്കോസ്തുകാരുടെ ഇടയിൽ പെയ്തിറങ്ങുന്നു. മുഖ്യധാര പെന്തെക്കോസ്തു സഭകളിൽ ഈ പരിപ്പ് വേകുകയില്ല. ഈ തിരിച്ചറിവ് ഇവരെ ഈ ശുശ്രൂഷയുമായി സ്വതന്ത്രസഭകളിലേയ്ക്ക് കൂട്ടത്തോടെ കയറ്റിവിടുന്നു. പിതാവിനും പുത്രനും പുറത്തു കസേര ഇടുന്ന ഇവർ പരിശുദ്ധാത്മാവ് പറയുന്നതിനുമാത്രം പ്രാധാന്യം നൽകുന്നു. അന്ത്യകാലത്തിന്റെ ഒഴിയാബാധയായി ഒരു കൂട്ടം ചെറുപ്പക്കാർ കേരളത്തിൽ കാണിച്ചു കൂട്ടുന്ന ശുശ്രൂഷയെക്കുറിച്ചു കേൾക്കുമ്പോൾ തോന്നും. മാരിയും പേമാരിയും അഗ്നിയും അണയാത്ത അഗ്നിയുമായി കേരളത്തിന്റെ പലകോണുകളിൽ ഇവർ കൂട്ടം ചേർന്ന് യോഗം നടത്തുന്നു. തുള്ളലും ചാട്ടവും ഇഷ്ടപ്പെടുന്ന പുത്തൻവിശ്വാസികൾ ഇവറ്റകൾക്കു കൊട്ടാൻ ചെണ്ടയായി ഇരുന്നു കൊടുക്കുന്നു. യേശു പഠിപ്പിച്ച ഉപദേശ സത്യങ്ങളോ അപ്പോസ്തലൻമാർ അക്കമിട്ടു രേഖപ്പെടുത്തിയ മാനസാന്തരത്തിന് അനുയോജ്യമായ വചനങ്ങളോ ഇവർക്കു വേണ്ട. വേദപുസ്തകത്തിൽ പരിശുദ്ധാത്മാവിനെ കുറിക്കുന്ന വാക്യങ്ങൾ മാത്രം തെരഞ്ഞു പിടിച്ച് തരംപോലെ വ്യാഖ്യാനം നൽകി തട്ടിവിടുന്ന രീതി ഇവരുടെ പ്രത്യേകതയാണ്. ഉണർവ്വാണ് ഇവർ എവിടെ പ്രസംഗിച്ചാലും ഉയർത്തിപിടിക്കുന്ന വിഷയം. ഉയരത്തിലേക്കുപോകാനുള്ള ഉപദേശ സത്യങ്ങൾ ജനത്തെ പഠിപ്പിയ്ക്കുകയോ കിട്ടുന്ന സ്റ്റേജിൽ പ്രസംഗിക്കുകയോ ചെയ്യുകയില്ല.

അടുത്തിടെ ഒരു ഉപവാസ വീരൻ കിട്ടുന്ന വേദിയിലെല്ലാം അഭിമാനപുരസരം വിളിച്ചു പറഞ്ഞു ഞാൻ ബൈബിൾ കോളേജിൽ പഠിച്ചിട്ടില്ല, ഈപ്രസംഗിക്കുന്നതെല്ലാം ആത്മാവ് തന്നതാണ്. എൽ.കെ. ജി.യിൽ പോയിട്ടില്ലാത്ത ഒരാൾ എസ്സ്. എസ്സ്. എൽ. സി.ക്കാരന് ട്യൂഷൻ കൊടുക്കുന്നതുപോലെ ഇഷ്ടന്റെ പ്രസംഗം ജനത്തിനു തോന്നിയിട്ടുള്ളു. ചില നാളുകൾക്കുമുമ്പു നടന്ന ഒരു പെരിയ ഉപവാസ പ്രാർത്ഥനയിൽ പതിനെട്ടു തികയാത്ത രണ്ടു കുട്ടികൾ ആത്മവിവശതയിലായി. യോഗസ്ഥലത്ത് പരസ്യമായി കിടന്നുറങ്ങിയ കുട്ടികൾ നാലു മണിക്കൂർ കഴിഞ്ഞാണ് ഉണർന്നതും വീട്ടിൽ പോയതും ഉപവാസവീരന്റെ പ്രഖ്യാപനം കുട്ടികൾ സ്വർഗ്ഗീയദർശനംപോലെ കാണുകയായിരുന്നു. എന്നാൽ ഈ പ്രഖ്യാപനം നടത്തിയ ആളിന്റെ ഭാര്യ ഇരുപത്തിയൊന്നു ദിവസം ഉരുണ്ടു വീണതുമില്ല, വിവശതയിൽ കിടന്നുറങ്ങിയതുമില്ല. അവർക്കും വേണ്ടേ ഈ സ്വർഗ്ഗീയദർശനം. ആരാധനയെന്നു പറഞ്ഞ് പാവങ്ങളെ മറിച്ചിടുന്ന ഈവീരൻമാർ എന്തു ശുശ്രൂഷയാണ് ചെയ്യുന്നതെന്നു മനസ്സിലാകുന്നില്ല. ഇവർ മൈക്കിലൂടെ തൊണ്ടവലിച്ചു കീറി പറയുന്ന ഒരു പ്രയോഗമാണ് പ്രാപിച്ചോ......പ്രാപിച്ചോ..... എന്തോന്ന് പ്രാപിച്ചോന്ന്?. കേരളത്തിൽ ദുരുപദേശ മൊത്തവ്യാപാരി നടത്തിയ യോഗത്തിൽ പങ്കെടുത്ത ഒരു ഉണർവ്വു വീരൻ തന്റെ അനുഭവം പറഞ്ഞതിങ്ങനെ പ്രസംഗകൻ ആത്മാവിൽ പറയുമത്രെ. "ദൂത്" വരുന്നു വേണ്ടവർ ചാടിപിടിക്ക്; അതുകേൾക്കുന്ന ആൾ ഇടത്തും വലത്തും ഇരിക്കുന്ന ആളിനെ തോളുകൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും ഇടിച്ചിട്ട് ചാടി കൈ ഉയർത്തികൊണ്ട് ദൂതു പിടിക്കുമത്രേ. ഇവൻമാർക്ക് തലയ്ക്ക് നല്ല സുഖമില്ലെന്നു പറയേണ്ടതില്ലല്ലോ. വേദപുസ്തകത്തിൽ ഇല്ലാത്ത ഈവിധ ശുശ്രൂഷകളെ പ്രോത്സാഹിപ്പിക്കുന്ന ദുരുപദേശകൻമാരുടെ മുൻപിൽ ദൈവജനം വീണുപോകരുത്. യേശു ചെയ്തിട്ടില്ലാത്ത, അപ്പോസ്തലൻമാർ അനുവർത്തിച്ചിട്ടില്ലാത്ത, സത്യവേദപുസ്തകത്തിൽ പറഞ്ഞിട്ടില്ലാത്തതുമായ ഏതു ഉണർവുകാരൻ നടത്തിയാലും അംഗീകരിക്കരുത്,അവരെയടുപ്പിക്കയുമരുത്.

കുറച്ചു നാളുകൾക്കു മുൻപ് നടന്ന ഒരു ഉപവാസപ്രാർത്ഥനയിൽ സ്വതന്ത്രസഭയിൽ കൂടുന്ന ഒരു ശുശ്രൂഷകന്റെ പുത്തൻശുശ്രൂഷയെകുറിച്ച് ശ്രദ്ധിക്കുക. പ്രായം -35, ക്ലീൻഷേവ് സുന്ദരൻ, ഏതാണ്ട് ഒരു സിനിമാനടൻ ലുക്ക്; ജീൻസും ഹാഫ്കൈചെക്ക് ഷർട്ടും വേഷം, ലോകരാജ്യങ്ങളിൽ പോയി ശുശ്രൂഷിക്കാറുണ്ടത്രേ. ഭാര്യയും ഒരുകൈക്കുഞ്ഞും ഉണ്ട് ഒരു പദേശിയുടെ വണ്ടി നീണ്ട പത്തു വർഷം കഴുകികൊണ്ട് ശുശ്രൂഷയുടെ ആരംഭം. ഈ മഹാൻ ചെയ്യുന്ന ശുശ്രൂഷ കേൾക്കാണോ..... .....ഉപവാസപ്രാർത്ഥനകളിൽ യൗവ്വനക്കാരായ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും 'പ്രേമം' പൊട്ടിക്കുക; ഇഷ്ടന്റെ ശുശ്രൂഷയാണ് – പ്രേമം പൊട്ടിക്കൽ ശുശ്രൂഷ. "അന്ത്യകാലത്ത് ആത്മാവു തന്ന ശുശ്രൂഷയാണത്രേ. മൈക്കെടുത്തു ഉച്ചത്തിൽ പാടി തുള്ളിച്ചാടിച്ച് നൃത്തം ചെയ്യിപ്പിച്ച് ശുശ്രൂഷ ആരംഭിക്കുന്നു. ഒടുവിൽ ചാട്ടത്തിന്റെ ഇടയിലൂടെ പെൺകുട്ടികളുടെ അടുത്തുചെന്ന് തലയിൽ കൈവെച്ച് ദൂതു പറയും. പ്രേമം അവസാനിപ്പിക്കണം എന്നാണ് ദൂത്. യോഗാവസാനം ഒറ്റയ്ക്കു പ്രാർത്ഥിയ്ക്കാൻ വരുന്ന പെൺകുട്ടികളുടെ ഫോൺ നമ്പർ കൈക്കലാക്കി പോകുന്ന ഉണർവുകാരൻ പിന്നെ അശ്ലീലം പറഞ്ഞ് പെൺകുട്ടികളെ പീഡിപ്പിയ്ക്കുന്നു. സത്യത്തിൽ ഇതൊക്കെയും കേൾക്കുമ്പോൾ നാം എന്തു ചെയ്യണം. വീണ്ടെടുക്കപ്പെട്ട ദൈവജനമേ നിങ്ങൾ ഉണരുക......നിങ്ങളുടെ പാസ്റ്റർക്ക് കീഴടങ്ങി ദൈവസഭയിൽ നിൽക്കുക. ശരിയായ രീതിയിൽ വചനം പഠിയ്ക്കുക. ദുരുപദേശക്കാരെ അകറ്റി നിർത്തുക. അന്ത്യകാല ലക്ഷണമാണ് ഈ കാണുന്നതും കേൾക്കുന്നതും. വഞ്ചിക്കപ്പെടരുത്....... കേരളത്തിൽ ഇന്നും ഇങ്ങനെയുമുണ്ട് ശുശ്രൂഷകൾ.

ലേഖനം

# ഇനിയെങ്കിലും



റെജി പോൾ
ഷാർജ

നവതി ആഘോഷിക്കുന്ന കുമ്പനാട് കൺവൻഷനെക്കുറിച്ച് വായിച്ചപ്പോൾ വായിച്ചറിഞ്ഞതും കേട്ടറിഞ്ഞതുമായ അനേകം സ്മരണകൾ മനസ്സിലൂടെ കടന്നു പോയി. ഇതിനിടയിൽ പന്ത്രണ്ടു വർഷത്തിലൊരിക്കൽ തിരുനാവായ മണപ്പുറത്ത് നടന്നു വന്നിരുന്ന ആർക്കും ഒരുപകാരവും ചെയ്യാത്ത, എല്ലാവരും പരസ്പരം വെട്ടിച്ചാവുന്ന മാമാങ്കം എന്ന ഉത്സവത്തെക്കുറിച്ച് മനസ്സിൽ പൊങ്ങി വന്ന പൈശാചിക ചിന്തകളെ ഭത്സിച്ചും ശാസിച്ചും അകറ്റി.

ശ്രേഷ്ഠന്മാരായ ദൈവദാസന്മാരെ കാണാനും അവരുടെ പ്രസംഗം കേൾക്കാനും എല്ലായിടത്തുമുള്ള ദൈവമക്കളെ ഒന്നിച്ചു കാണാനും പണ്ട് അമ്മച്ചിമാരും അപ്പച്ചന്മാരും യൗവനക്കാരുമെല്ലാം വണ്ടിയും വള്ളവും പിടിച്ചും നടന്നും എത്തിയ ചരിത്രമൊക്കെ വായിച്ചിട്ട് കണ്ണ് നനഞ്ഞിരിക്കുമ്പോൾ ചിലരൊക്കെ ഒരു ചടങ്ങും അഭിമാന വിഷയവും എന്ന നിലക്ക് സമുദായക്കാർ മലയാറ്റൂർ മുത്തപ്പനെ കാണാൻ പോകുന്ന മനോഭാവത്തോടെ സഭയായും ഒറ്റക്കും കുമ്പനാട്ടേക്ക് യാത്ര തിരിക്കുന്നത് കാണുമ്പോൾ പടരുന്ന അസ്വസ്ഥതയെയും ശാസിച്ചിരുത്താം.

പക്ഷെ മറ്റു ചില ആശങ്കകളെ പറിച്ചെറിയാൻ കഴിയാത്തതിന് ക്ഷമ ചോദിക്കുന്നു.

ഒന്നാമത്തെ കാരണം കുമ്പനാട് കൺവൻഷന്റെ പ്രാധാന്യം തന്നെ. ഗ്രഹങ്ങളുടെ ഇടയിൽ സൂര്യനും ലോഹങ്ങളുടെ ഇടയിൽ സ്വർണത്തിനുമുള്ള പ്രാധാന്യം ആഗോള മലയാളി പെന്തക്കോസ്ത് കൺവൻഷനുകളുടെ ഇടയിൽ ഈ കൂടിവരവിനുള്ളതാണ് അതിന്റെ ഗുണനിലവാരം സംബന്ധിച്ച് ആശങ്കയുളവാക്കുന്നത്.

ഒരു കൺവൻഷൻ എന്നതിലുപരി ദൈവസഭകളുടെയും നേതൃത്വസ്ഥാനത്തിരിക്കുന്നവരുടെയും ആത്മീയ കാഴ്ചപാടുകളുടെയും നിലവാരങ്ങളുടെയും പച്ചയായ ആവിഷ്കാര വേദിയാണ് കൺവൻഷൻ സ്ഥലങ്ങൾ. കൺവൻഷനു പന്തലിടുമ്പോൾ അഭിഷേകം പ്രാപിക്കാത്തവനെ കാലു കുഴിച്ചിടാൻ പോലും ഉണ്ണൂണ്ണിച്ചായൻ അനുവദിച്ചിട്ടില്ലെന്നു ഘോരഘോരം വമ്പു പറഞ്ഞഭിമാനിച്ചവരുടെ മുമ്പിലല്ലയോ ഇക്കഴിഞ്ഞ വർഷം പെന്തക്കോസ്തിൽ പോകുന്നവന്റെ സ്ഥലം പടിക്ക് പുറത്തെന്നു പ്രഖ്യാപിച്ച പാരമ്പര്യമുള്ള പൗരോഹിത്യത്തിന്റെ മണിമകുടമായ കഥാപാത്രത്തെ സ്റ്റേജിൽ കയറ്റി കോമഡി പറയിച്ചത്?

"ഞാനിതിലെ പോയപ്പോൾ ചുമ്മാ കയറി എന്നേയുള്ളൂ" എന്ന് പ്രസംഗിച്ചപ്പോൾ അടുത്തയിടെ കുഴപ്പത്തിൽ പെട്ട കേരള ആഭ്യന്തര മന്ത്രി സീരിയൽ നടിയുടെ വീട്ടിൽ പോയപ്പോഴും ഇതേ ന്യായമാണ് ഉപയോഗിച്ചത് എന്നോർമ വന്നതിനു ക്ഷമാപണം. കഷ്ടവും നിന്ദയും സഹിച്ചു പട്ടത്വ സഭയിൽ നിന്ന് രക്ഷിക്കപ്പെട്ടു ദൈവസഭയിൽ ചേർന്നവർ എന്തിനെ വിട്ടുപേക്ഷിച്ചു പോന്നുവോ അതു തന്നെ മുമ്പിലിരിക്കുന്നതു കണ്ടു ഞെട്ടുന്നത് കണ്ടിട്ടും കാണാത്ത മട്ടിലിരിക്കാനെ ഇന്നത്തെ ഉണ്ണൂണ്ണിച്ചായന്മാർക്കു കഴിഞ്ഞുള്ളൂ.

ഉപവാസ വീരന്മാരായി വന്നിട്ട് ഗോളാന്തര പിരിവുകാരായി നായകന്മാർ മാറുമ്പോൾ "ആത്മാവ് കൊണ്ടാരംഭിച്ചിട്ടു ജഡം കൊണ്ടോ അവസാനിപ്പിക്കുന്നത്? എന്ന് പൗലോസ് അപ്പോസ്തലൻ ഗലാത്യരോട് വേദനയോടെ ചോദിച്ചതോർമ്മ വരുന്നു. പക്ഷെ ഇത് ന്യായീകരിക്കുമ്പോൾ അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ല എന്ന വാക്യം ഒരു പക്ഷെ തിരുത്തിയെഴുതേണ്ടി വരുമോ?

മണ്ഡപങ്ങൾ പണിതു കൊള്ളുക. പക്ഷെ ഇപ്പോൾ തന്നെ അവയുടെ കീഴെ ആട്ടുവാതിൽക്കൽ വിശ്വാസ പ്രമാണങ്ങൾ സംബന്ധിച്ച് അജ്ഞതയിലും ദുരുപദേശങ്ങളിലും അവിശ്വാസത്തിലും കരിസ്മാറ്റിക്കു പ്രസ്ഥാനത്തിന്റെ സ്വാധീനത്താലും മുപ്പത്തെട്ടു വർഷമായി ചതഞ്ഞു തളർന്നു കിടക്കുന്ന വിശ്വാസി എന്ന തളർവാതക്കാരനെ ആർ വിടുവിക്കും?

ആർക്ക് എന്ത് ആത്മീക വർദ്ധനയുണ്ടായി എന്നറിയാൻ ഉള്ള വ്യഗ്രതയേക്കാൾ മൂത്രമൊഴിച്ച ചിലവിനെക്കുറിച്ചു ചൂട് ചർച്ചകൾ നടത്തി സമയം കൊന്നതും ഓർക്കുന്നു. വിസർജ്ജന വിഷയം ഒരു ചെറിയ മീനല്ലെന്നും അതിൽ കയറിട്ടു ഇടതു പക്ഷത്തിന്റെ സെക്രട്ടറിയേറ്റ് ഉപരോധം പോലും കേരള സർക്കാർ പൊളിച്ചതും ഓർക്കാതെയല്ല.

ഇളക്കാനും മറിക്കാനും ഇറക്കാനും ആരും സഹായിക്കാത്തതാണ് തന്റെ ആത്മീയ തളർച്ചയിൽ നിന്നുള്ള വിടുതലിനു തടസ്സമെന്ന് ഓരോ ദൂതന്മാർ മാറി ശുശ്രൂഷയേൽക്കുമ്പോഴും പതം പറയുന്ന ശരാശരി വിശ്വാസി എത്ര കൺവൻഷൻ കൂടിയാലും തിരുനക്കര തന്നെ നിന്ന ശങ്കരനെ ഓർപ്പിക്കുന്നു. ആട്ടവും ചാട്ടവുമല്ല ആരാധനയെന്നും വേർപാടും വിശുദ്ധിയുമാണ് ദൈവത്തിനു പ്രധാനമെന്നും വിളിച്ചു പറയാൻ മേലാളന്മാർ എഴുന്നേൽക്കാത്തിടത്തോളം കാലം പിതാക്കന്മാർ ജീവിച്ചു കാണിച്ച ശുദ്ധ പെന്തക്കോസ്തു ജീവിതത്തെ കരിതേച്ചു കാണിക്കുന്ന കരിസ്മാറ്റിക്കുകാരന്റെ സ്റ്റേജ് പ്രകടനങ്ങളുടെ പരിഹാസ്യ അനുകരമായി മാറിയേക്കാം നമ്മുടെ കൺവൻഷനുകൾ.

ഇവന്റ് മാനേജ്മെന്റുകാർ പ്രാർത്ഥിച്ചാരംഭിക്കുന്നതും ചീർഗേൾസ് ജനത്തെ ത്രസിപ്പിച്ച് ആരാധിപ്പിക്കുന്നതും സമീപ ഭാവിയിൽ തുടങ്ങാനുള്ള സാധ്യത ഭയന്നിട്ടാകണം ചിലർ ഈയിടെയായി തുടരെ തുടരെ ഉരുവിടുന്നത് "കർത്താവെ വേഗം വരേണമേ".

ഇതിനിടയിൽ ഒരു വർഷക്കാലം മുഴുവൻ കറങ്ങി നടന്നിട്ട് തങ്ങളെ ഏൽപിച്ച ആത്മീയ ശുശ്രൂഷകളെ നേരാം വണ്ണം ചെയ്യാതെ കൺവൻഷൻ പന്തലിൽ വന്നിരുന്നു എല്ലാത്തിനെയും കുറ്റം പറഞ്ഞും ഷൈൻ ചെയ്യുന്ന ചുരുക്കി പറഞ്ഞാൽ ഗോളിയില്ലാത്ത പോസ്റ്റിൽ ഗോളടിക്കുന്ന മിടുക്കന്മാരുടെ എണ്ണവും വർധിച്ചു വരുന്നു. ഒരു പക്ഷെ കേരള രാഷ്ട്രീയത്തിൽ പൂഞ്ഞാർ എമ്മെല്ലേയ്ക്ക് മാധ്യമങ്ങൾ കൊടുക്കുന്ന പ്രാധാന്യം ആയിരിക്കാം ഇവരുടെ പ്രചോദനം. അതുകൊണ്ട് നമുക്ക് ഇത്തവണത്തെ കൺവൻഷൻ നന്നായി നടത്താം. കുറെ കാലത്തിനുശേഷം നല്ലൊരു യോഗത്തിന് കൂടിയെന്ന് നമ്മുടെ അമ്മച്ചിമാരെക്കൊണ്ടും അപ്പച്ചന്മാരെക്കൊണ്ടും പറയിക്കാം. ഈയുള്ളവൻ നേരത്തെയൊരു ലക്കത്തിൽ എഴുതിയ വിശുദ്ധ തെണ്ടൽ അഥവാ കൺവൻഷൻ സ്തോത്ര കാഴ്ച ഒഴിവാക്കാൻ ശ്രമിക്കാം.

വളരെ അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷകളായിരുന്നെന്നു പതിവു പോലെ ഭാരവാഹികളല്ല, വന്ന ജനം പറയട്ടെ.

സഭാപ്രസംഗിയിൽ വായിക്കുന്നതുപോലെ പോലെ കാര്യത്തിന്റെ അവസാനം ആരംഭത്തേക്കാൾ നന്നായിരിക്കട്ടെ. കഴിഞ്ഞ ആണ്ടിൽ പറ്റിയത് പോലെ മ്ലേച്ഛതകളെ വിശുദ്ധ സ്ഥലത്ത് കയറ്റാതിരിക്കട്ടെ. സർവ്വശക്തനായ ദൈവം നേതൃത്വം കൊടുക്കുന്നവരെ അനുഗ്രഹിക്കട്ടെ.

12 ⇦ ദൈവസഭാ സമ്മേളനം....

ഷർ), സിസ്റ്റേഴ്സ് വിജി തോമസ്, റീബ ഏബ്രഹാം, ഷീന തോമസ് (ചിൽഡ്രൻസ് മിനിസ്ട്രി), സിസ്റ്റർ അന്നമ്മ ജോർജ്ജ് (സിസ്റ്റേഴ്സ് ഫെലോഷിപ്പ്) എന്നിവർ പ്രവർത്തിക്കും.

സഹോദരിമാരുടെ സമ്മേളനത്തിനായി സിസ്റ്റർ സോളി രാജൻ - ന്യൂജേഴ്സി (പ്രസിഡണ്ട്), സിസ്റ്റർ മോളി ചാക്കോ -ഹ്യൂസ്റ്റൺ (വൈസ് പ്രസിഡന്റ്), സിസ്റ്റർ ലാലി സാംകുട്ടി - ഒക്കലഹോമ (സെക്രട്ടറി), സിസ്റ്റർ ലാലി സാംകുട്ടി - ഒക്കലഹോമ (സെക്രട്ടറി), സിസ്റ്റർ അമ്മിണി മാത്യു -ന്യൂജേഴ്സി (ട്രഷറർ), പ്രതിനിധികളായി സിസ്റ്റർ ലില്ലിക്കുട്ടി ജോൺസൺ (സൗത്ത് വെസ്റ്റ്), സിസ്റ്റർ മേഴ്സി തോമസ് (നോർത്ത് ഈസ്റ്റ്) എന്നിവരും പ്രവർത്തിച്ചു വരുന്നു.

കോൺഫറൻസിന്റെ വിവരങ്ങൾ സഭകളിൽ എത്തിക്കുന്നതിനായി NACOG Voice എന്ന പേരിൽ ഒരു പത്രിക പുറത്തിറക്കുവാനും കമ്മിറ്റി തീരുമാനിച്ചു. കോൺഫറൻസിന്റെ കൂടുതൽ വിവരങ്ങൾ www.nacog.net, www.nacogfellowship.com എന്നീ വെബ്സൈറ്റുകളിൽ നിന്നും ലഭ്യമാണ്.

